# പതിനഞ്ചാം കേരള നിയമസഭ

## ഹർജികൾ സംബന്ധിച്ച സമിതി (2021-23)

## മൂന്നാമത് റിപ്പോർട്ട്

**(2021 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്)**

(2023 ഫെബ്രുവരി മാസം 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

# പതിനഞ്ചാം കേരള നിയമസഭ

## ഹർജികൾ സംബന്ധിച്ച സമിതി (2021-23)

## മൂന്നാമത് റിപ്പോർട്ട്

**(2021 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്)**

(2023 ഫെബ്രുവരി മാസം 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| | സമിതിയുടെ ഘടന | .... |
| | ആമുഖം | .... |
| | റിപ്പോർട്ട് | 1 |
| | അനുബന്ധം | |
| I. | സമിതി ശിപാർശകൾ നൽകിയിട്ടുള്ളതും സമയബന്ധിതമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതും, അന്തിമ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതുമായ 10 വർഷത്തിലധികം പഴക്കമുള്ള ഹർജികൾ | 82 |
| II. | സമിതി ശിപാർശകൾ/നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും ഗവൺമെന്റിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതുമായ ഫയലുകൾ | 88 |
| III. | സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | 105 |
| IV. | സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ | 132 |

## സമിതിയുടെ ഘടന
## (2021-23)

അദ്ധ്യക്ഷൻ :

ശ്രീ. കെ.ബി. ഗണേഷ്കുമാർ, എം.എൽ.എ

അംഗങ്ങൾ :

ശ്രീ. പി.കെ. ബഷീർ, എം.എൽ.എ

ശ്രീ. ജി.എസ്. ജയലാൽ, എം.എൽ.എ

ശ്രീ. വി. ജോയി, എം.എൽ.എ

ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, എം.എൽ.എ

ശ്രീമതി കെ. കെ. രമ, എം.എൽ.എ

ശ്രീ. എച്ച്. സലാം, എം.എൽ.എ

ശ്രീ. സനീഷ് കുമാർ ജോസഫ്, എം.എൽ.എ

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. മാത്യുക്കുട്ടി. ജി. അഡീഷണൽ സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ബിന്ദു. എസ്, അണ്ടർ സെക്രട്ടറി

ശ്രീ. അബ്ദുൽ ലത്തീഫ് എം., അണ്ടർ സെക്രട്ടറി

## ആമുഖം

ഹർജികൾ സംബന്ധിച്ച സമിതി(2021-23)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2021 ജനുവരി 1 മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിലെ സമിതിയുടെ പ്രവർത്തനം സംബന്ധിച്ചുള്ളതാണ് ഈ റിപ്പോർട്ട്. റിപ്പോർട്ട് കാലയളവിൽ സമിതിക്ക് ലഭിച്ച ഹർജികളിന്മേൽ ലഭിച്ച സർക്കാർ റിപ്പോർട്ടുകൾ സംബന്ധിച്ച സമിതിയുടെ തീരുമാനങ്ങൾ, ശിപാർശകൾ, നടപടി അവസാനിപ്പിച്ച ഫയലുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2022 നവംബർ 28-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

**കെ.ബി. ഗണേഷ്കുമാർ,**
അദ്ധ്യക്ഷൻ,
ഹർജികൾ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2023. ഫെബ്രുവരി 1

# കരട് റിപ്പോർട്ട്

ജനാധിപത്യ വ്യവസ്ഥയിൽ പൗരന്റെ അവകാശം സംരക്ഷിക്കപ്പെടുന്നതിൽ നിയമസഭാ സമിതികളുടെ പങ്ക് നിർണ്ണായകമാണ്. കേരള നിയമസഭയിലെ ഏറെ പഴക്കവും പാരമ്പര്യവുമുള്ള ഒരു സമിതിയായ ഹർജികൾ സംബന്ധിച്ച സമിതി 1957 ജൂൺ 12-ാം തീയതിയാണ് രൂപീകൃതമായത്. ബഹു. സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യക്ഷനും എട്ട് അംഗങ്ങളുമുൾപ്പെട്ടതാണ് സമിതിയുടെ ഘടന. സമിതിയുടെ ആരംഭകാലത്ത് പൊതുജനങ്ങളിൽനിന്നും പരാതികൾ സ്വീകരിക്കുവാൻ ചട്ടപ്രകാരം അനുമതി ഇല്ലായിരുന്നു. 1970 മാർച്ച് 11-ാം തീയതി ബഹു. സ്പീക്കർ പുറപ്പെടുവിച്ച നിർദ്ദേശപ്രകാരം സമിതിയുടെ പ്രവർത്തന പരിധി വിപുലീകരിക്കുകയും വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും നേരിട്ട് പരാതികൾ സ്വീകരിച്ച് തുടങ്ങുകയും ചെയ്തു. തത്ഫലമായി പൊതുജനങ്ങളുടെ പ്രശ്നങ്ങളിൽ സജീവമായും ക്രിയാത്മകമായും ഇടപെടുന്നതിനും പ്രശ്ന പരിഹാരത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സമിതിക്ക് അധികാരം കൈവരികയും പ്രസ്തുത അധികാരം കാലാകാലങ്ങളിൽ നിലവിൽ വരുന്ന സമിതികൾ വളരെ സ്തുത്യർഹമായ രീതിയിൽ വിനിയോഗിച്ചു വരികയും ചെയ്യുന്നു. വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ വ്യക്തിപരമായതും പൊതുവായതുമായ പരാതികൾ വ്യവസ്ഥാപിതമായ രീതിയിൽ പരിഹരിക്കപ്പെടാതെ വരുന്ന സന്ദർഭങ്ങളിലാണ് വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഹർജികൾ സംബന്ധിച്ച സമിതിയിലേക്ക് പരാതി നൽകാൻ കഴിയുന്നത്.

2. സമിതിയുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങൾ 2002 ഏപ്രിൽ 11 ന് നിലവിൽ വന്നു. പ്രസ്തുത ചട്ടങ്ങളിൽ, 05.03.2021 തീയതി മുതൽ കൂട്ടിച്ചേർക്കപ്പെട്ട പുതിയ ചട്ടം 18 എ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

3. പൊതുജനങ്ങൾക്ക് പ്രശ്നപരിഹാരത്തിന് പ്രാപ്യമായതും സാമ്പത്തിക ചെലവില്ലാത്തതും ഏറ്റവും ഉന്നതവുമായ സർക്കാർ സംവിധാനമാണ്

ഹർജികൾ സംബന്ധിച്ച സമിതി. സർക്കാർ ഓഫീസുകളിൽ പരാതി പരിഹാരത്തിനായി അപേക്ഷ നൽകിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്തവ, സർക്കാർ വകുപ്പുകളുടെ അനാസ്ഥയും കാര്യക്ഷമതയില്ലായ്മയുംമൂലമുള്ള നീതി നിഷേധം, അശരണർ, വൃദ്ധർ എന്നിവരോട് കാട്ടുന്ന അനീതി, വിവിധ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിൽ ഉണ്ടാകുന്ന ന്യായീകരിക്കാനാവാത്ത കാലതാമസം, ആശ്രിത നിയമനം സംബന്ധിച്ച് വിവിധ വകുപ്പുകൾ വരുത്തുന്ന വീഴ്ചകൾ, വിവിധ വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതുമൂലം ഉദ്യോഗാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ, കുറ്റകൃത്യങ്ങൾ സംബന്ധിച്ച് യഥാസമയം കേസ് രജിസ്റ്റർ ചെയ്യുന്നതിലും കേസുകളുടെ അന്വേഷണത്തിലും പോലീസുദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന വീഴ്ചകൾ, പട്ടയം ലഭ്യമാകാത്തതും, അനധികൃത വസ്തു കയ്യേറ്റവും സംബന്ധിച്ച പ്രശ്നങ്ങൾ, റീ-സർവ്വേയിലെ അപാകത, നിയമവിരുദ്ധമായ തണ്ണീർത്തടങ്ങൾ നികത്തൽ തുടങ്ങി പൊതുജനങ്ങൾ അഭിമുഖീകരിക്കുന്ന പലതരം ഗുരുതരമായ പ്രശ്നങ്ങൾ സംബന്ധിച്ച പരാതികൾ സമിതിയുടെ പരിഗണനയ്ക്ക് വരാറുണ്ട്. സമിതിയുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം പ്രസ്തുത ഹർജികൾ സമിതി പരിഗണിക്കുകയും പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

4. സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും പൊതുജനങ്ങൾക്ക് നീതി നിഷേധിക്കപ്പെടുകയോ നിവേദനങ്ങൾക്കും പരാതികൾക്കും പരിഹാരമുണ്ടാകാതിരിക്കുകയോ കാലതാമസമോ വീഴ്ചകളോ ഉണ്ടാകുകയോ ചെയ്യുന്ന സന്ദർഭങ്ങളിൽ അവസാന ആശ്രയവും പ്രതീക്ഷയും എന്ന നിലയിലാണ് സമിതി മുമ്പാകെ ഹർജികൾ സമർപ്പിക്കപ്പെടുന്നത്. അവകാശങ്ങൾ നിഷേധിക്കപ്പെട്ടവർക്ക് നീതി ലഭ്യമാക്കുക എന്ന ലക്ഷ്യം സമിതിയുടെ പ്രധാന ചുമതലയായി കണ്ട് പരാതികൾ വളരെ ശ്രദ്ധാപൂർവ്വം പരിശോധിച്ച് സമിതി ചട്ടങ്ങൾക്ക് അനുസൃതമാണെങ്കിൽ ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട സർക്കാർ വകുപ്പിലേക്ക് അയയ്ക്കുന്നു. ഹർജികളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമാകുന്ന റിപ്പോർട്ടുകൾ പരിശോധിച്ച് തൃപ്തികരമല്ലെങ്കിൽ അതിന്മേൽ കൂടുതൽ വിശദീകരണമാവശ്യപ്പെട്ടും നിശ്ചിത സമയത്തിനുള്ളിൽ മറുപടി ലഭ്യമാകാത്തതും വിശദീകരണം തൃപ്തികരമല്ലാത്തതുമായ ഹർജികളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ

നിന്നും പരാതിക്കാരിൽനിന്നും തെളിവെടുപ്പ് നടത്തിയുമാണ് ഹർജികളിന്മേൽ തീർപ്പുകല്പിക്കുന്നത്. പൊതുപ്രാധാന്യമുള്ള വിഷയങ്ങൾ, സമിതി പ്രത്യേക പ്രാധാന്യം നൽകി പരിശോധിച്ചും ആവശ്യമെങ്കിൽ ഹർജിക്കാധാരമായ സ്ഥലം നേരിട്ട് സന്ദർശിച്ച് സ്ഥിതി വിലയിരുത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പൊതുജനങ്ങളിൽനിന്നും നിന്നും തെളിവെടുപ്പ് നടത്തുകയും പ്രശ്നപരിഹാരത്തിന് ആവശ്യമായ ശിപാർശകൾ സർക്കാരിന് നൽകുകയും ആവശ്യമെങ്കിൽ പ്രസ്തുത ശിപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രത്യേക റിപ്പോർട്ടുകൾ തയ്യാറാക്കി സഭയിൽ സമർപ്പിക്കുകയും ചെയ്യുന്നു.

5. ഹർജികൾ സംബന്ധിച്ച സമിതിക്ക് മറ്റ് സമിതികളെപ്പോലെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് വയ്ക്കുന്ന കീഴ്വഴക്കം ഇല്ലായിരുന്നു. അക്കാര്യം ബഹു. സമിതി ചെയർമാന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ബഹു. സ്പീക്കറുടെ അംഗീകാരത്തോടുകൂടി ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനായി സമിതിയുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിൽ ചട്ടം 18(എ) കൂടി ഉൾപ്പെടുത്തി ഭേദഗതി ചെയ്യുകയും ചെയ്തു.

6. സമിതിയുടെ മുന്നിലുള്ള ഹർജികൾ തീർപ്പാക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സ്പീക്കർ 03.08.2021-ൽ സുപ്രധാനമായ റൂളിംഗ് സഭയിൽ പുറപ്പെടുവിക്കുകയും തീർപ്പാക്കുവാനുള്ള മുഴുവൻ ഹർജികളിന്മേലും അടിയന്തര തീർപ്പുണ്ടാക്കുവാൻ സമിതി അദ്ധ്യക്ഷൻമാരും അംഗങ്ങളും നിയമസഭയിലെ ഉദ്യോഗസ്ഥരും മുൻകയ്യെടുക്കണമെന്നും ആവശ്യമാകുന്നപക്ഷം വകുപ്പുതലവൻമാർ, ബന്ധപ്പെട്ട സെക്രട്ടറിമാർ എന്നിവരിൽനിന്നും തെളിവെടുപ്പ് നടത്തി വേഗത്തിൽ ഹർജികളിൻമേൽ തീർപ്പ് കൽപ്പിക്കണമെന്നും തുടർന്നും തീർപ്പാകാത്ത പക്ഷം പ്രസ്തുത വിഷയം ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി അദ്ദേഹത്തെ സമിതി മുമ്പാകെ വിളിച്ച് തെളിവെടുപ്പ് നടത്തി എല്ലാ ഹർജികളിന്മേലും തീർപ്പ് കൽപ്പിക്കണമെന്നും വ്യക്തമാക്കിയിട്ടുള്ളതിനാൽ വകുപ്പുകളിൽനിന്നും താമസംവിനാ മറുപടി ലഭ്യമാക്കണമെന്നും ഹർജികൾ സംബന്ധിച്ച സമിതി ബഹുവിധ സ്വഭാവമുള്ള പരാതികൾ പരിഗണിക്കുന്നതിനാൽ മറ്റ് സമിതികളെപ്പോലെ അതിവേഗം തീർപ്പ് കൽപ്പിക്കുവാൻ സാധിക്കുകയില്ലെങ്കിലും പരമാവധി വേഗത്തിലാക്കണമെന്നും സമിതിയുടെ മുന്നിലുള്ള ഹർജികൾ പരിഗണിക്കുന്നതിനുവേണ്ടി വകുപ്പുകൾ ഒരു

നോഡൽ ഓഫീസറെ നിയമിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തു

7. ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട ഹർജികളിൽ കുറ്റാരോപിതരാകുന്നത് മിക്കവാറും പോലീസ് ഉദ്യോഗസ്ഥർ ആണെന്നതിനാൽ അവരെ രക്ഷിക്കുവാൻ ബോധപൂർവ്വം ശ്രമങ്ങളുണ്ടാകാറുണ്ട് എന്ന് നിരീക്ഷിച്ച സമിതി, നീതിപൂർവ്വം പെരുമാറേണ്ടവരാണ് പോലീസ് ഉദ്യോഗസ്ഥർ എന്ന വസ്തുത മറക്കരുതെന്നും സമിതി നിർദ്ദേശിക്കുന്ന നടപടികൾ നടപ്പിലാക്കണമെന്നും സമിതി പരിഗണിക്കുന്ന ഹർജികളിലെ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്ക് സമിതിയുടെ അനുവാദമില്ലാതെ പ്രമോഷൻ കൊടുക്കുന്ന നിലവിലെ രീതി അവസാനിപ്പിക്കണമെന്നും ജനപ്രതിനിധികളെ ബഹുമാനിക്കുവാൻ കൃത്യമായ നിർദ്ദേശം പോലീസ് ഉദ്യോഗസ്ഥർക്ക് നൽകികൊണ്ട് ഒരു സർക്കുലർ ഡി.ജി.പി. പുറപ്പെടുവിക്കണമെന്നും കുറ്റം ചെയ്തവർ സർവ്വീസിൽനിന്നും വിരമിച്ചാലും നടപടിയെടുക്കണമെന്നും സമിതി നിർദ്ദേശിച്ചു.

8. പോലീസ് പ്രതികളാകുന്ന കേസുകളിൽ പോലീസ് അധികാരികൾ തന്നെ അന്വേഷിക്കുന്ന സംവിധാനത്തിൽ പരാതിക്കാർക്ക് നീതി ലഭിക്കുന്നില്ലെന്ന പരാതികൾ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ അത്തരം കേസുകൾ കുറ്റമറ്റ രീതിയിൽ അന്വേഷിക്കുന്നതിന് ഒരു ബദൽസംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ചീഫ് സെക്രട്ടറി/ആഭ്യന്തര വകുപ്പ് സെക്രട്ടറി തലത്തിൽ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആഭ്യന്തര വകുപ്പിനോട് നിർദ്ദേശിച്ചു

9. നീതി ലഭ്യമാക്കാൻ നിയമസഭാ സമിതിക്ക് കഴിയുമെന്ന പ്രതീക്ഷയോടു കൂടിയാണ് സാധാരണ ജനങ്ങൾ സമിതിയെ സമീപിക്കുന്നതെന്നും ഒന്നിച്ചുനിന്ന് പ്രവർത്തിച്ചാൽ സാധാരണക്കാരെ വളരെയധികം സഹായിക്കാൻ കഴിയുമെന്നും പോലീസ് ഉദ്യോഗസ്ഥർ ഇതിനോട് സഹകരിക്കണമെന്നും 'ജനമൈത്രി പോലീസ് എന്നത് അന്വർത്ഥമാക്കണമെന്നും സമിതി നിർദ്ദേശിക്കുകയും ചെയ്തു

10. വളരെ നേരത്തെതന്നെ തീരുമാനിക്കുന്ന യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുന്ന ഹർജി വിഷയങ്ങളിന്മേലുള്ള റിപ്പോർട്ടുകൾ യോഗത്തലേന്ന് എത്തിക്കുന്ന വകുപ്പിന്റെ പ്രവണത ആശാസ്യമല്ലെന്ന് അഭിപ്രായപ്പെട്ട സമിതി, വകുപ്പ് മേധാവികൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും ഈ പ്രവണത ആവർത്തിക്കാതിരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകണമെന്നും നിർദ്ദേശിച്ചു

11. പതിനാലാം കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി (2019-21) 2019 ജനുവരി 25 ന് രൂപീകൃതമായി. 2019 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ പരിഗണിച്ച ഹർജികൾ, സമിതി നിർദ്ദേശങ്ങൾ, ശിപാർശകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമിതി (2019-21)യുടെ നാലാമത് റിപ്പോർട്ടും പാറമടകളിലെ മലിനജലം കുടിവെള്ളമായി വിതരണം ചെയ്യുന്നതു സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടും തിരുവനന്തപുരം നഗരത്തിൽ നഗരസഭ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഓൺലൈൻ പോർട്ടൽ സമ്പ്രദായം മുഖേനയുള്ള കുടിവെള്ള വിതരണം സംബന്ധിച്ച ആറാമത് റിപ്പോർട്ടും 2021 ജനുവരി 20-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

12. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 180-ാം ചട്ടം അനുസരിച്ച് 16.06.2021-ലെ 42-ാം നമ്പർ ബുള്ളറ്റിൻ (ഭാഗം-2) പ്രകാരം 2021 ജൂൺ 15-ാം തീയതി പതിനഞ്ചാം കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി(2021-23) രൂപീകൃതമായി. ശ്രീ. കെ. ബി. ഗണേഷ്കുമാർ, എം.എൽ.എ. അദ്ധ്യക്ഷനുൾപ്പെടെ 9 അംഗങ്ങളാണ് സമിതിയിൽ ഉള്ളത്. 2021 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി 16 യോഗങ്ങൾ ചേർന്നു. അതിൽ സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ പരിഗണിക്കുന്നതിനായി 12 യോഗങ്ങളും 4 തെളിവെടുപ്പ് യോഗങ്ങളും ഉൾപ്പെടുന്നു. ടി കാലയളവിൽ സമിതി (2021-23)യുടെ ഒന്നാമത് റിപ്പോർട്ട് (സമിതി (2014-16)യുടെ ഏഴാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്) 08.11.2021 ൽ സഭയിൽ സമർപ്പിച്ചു.

13. 2021 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച ഹർജികൾ സംബന്ധിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ് ഈ റിപ്പോർട്ട്. സമിതി ശിപാർശകൾ നൽകിയിട്ടുള്ളതും സമയബന്ധിതമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതും അന്തിമ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതുമായ 10 വർഷത്തിലധികം പഴക്കമുള്ള ഹർജികളുടെ ലിസ്റ്റ് അനുബന്ധം I-ലും സമിതി ശിപാർശകൾ നൽകിയിട്ടുള്ളതും ഗവൺമെന്റിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതുമായ ഫയലുകളുടെ ലിസ്റ്റ് അനുബന്ധം II-ലും സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച 168 ഹർജികൾ

സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധം III-ലും സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധം IV-ലും ചേർത്തിരിക്കുന്നു.

14. പ്രസ്തുത കാലയളവിൽ സമിതിയുടെ ഇടപെടൽ മൂലം നിരവധി ഹർജികൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. സമിതിയുടെ കാര്യക്ഷമമായ ഇടപെടൽമൂലം അനുകൂല തീരുമാനമുണ്ടായ പ്രധാന നിവേദനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

## I ആരോഗ്യകുടുംബക്ഷേമ വകുപ്പ്

### 1. പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തത് സംബന്ധിച്ച് ശ്രീമതി ലിസി വർഗ്ഗീസ്, തൃശ്ശൂർ സമർപ്പിച്ച ഹർജി സംബന്ധിച്ച്.

(ഫയൽ നം. 23972/ഹർജി എ 1/2018/നി.സെ.)

പീച്ചി ഗവൺമെന്റ് ഡിസ്പെൻസറിയിൽ നിന്നും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് - 1 തസ്തികയിൽ 31.05.2018-ാം തീയതി വിരമിച്ച ഹർജിക്കാരിയുടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നടപടിയൊന്നും സ്വീകരിച്ചില്ലെന്നും ഹൃദയസംബന്ധമായ അസുഖങ്ങൾ കൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കുന്ന ഹർജിക്കാരിക്ക് ജീവിക്കാൻ മറ്റ് മാർഗ്ഗങ്ങൾ ഒന്നും തന്നെയില്ലെന്നും ആയതിനാൽ പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതായിരുന്നു ഹർജിയിലെ ആവശ്യം.

ഹർജി റിപ്പോർട്ടിനായി ആരോഗ്യകുടുംബക്ഷേമ വകുപ്പിലേക്ക് അയച്ചിരുന്നു. തുടർന്ന് പ്രസ്തുത വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

തൃശ്ശൂർ ജില്ലയിലെ പീച്ചി ഗവൺമെന്റ് ഡിസ്പെൻസറിയിൽ നിന്നും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 തസ്തികയിൽ 31.05.2018-ൽ വിരമിച്ച ശ്രീമതി ലിസി വർഗ്ഗീസ് തനിക്ക് യഥാസമയം പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമായിട്ടില്ല എന്ന് കാണിച്ചു കൊണ്ട് പരാതി നൽകിയതിനെ തുടർന്ന് തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. തൃശ്ശൂർ ജില്ലയിലെ പീച്ചി ഗവൺമെന്റ് ഡിസ്പെൻസറിയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 തസ്തികയിൽ ജോലി ചെയ്തു വന്നിരുന്ന ശ്രീമതി ലിസി വർഗീസ് 31.05.2018-നു സർവീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. എന്നാൽ 22 വർഷത്തെ സർവീസ് പൂർത്തീകരിച്ചതിന്റെ ഗ്രേഡ് പ്രൊമോഷൻ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയതിനുശേഷം

30.09.2018-നാണ് പെൻഷൻ രേഖകൾ അക്കൗണ്ടന്റ് ജനറലിന് അയക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസിൽ എത്തിയത്. തുടർന്ന് ടിയാരിയുടെ പെൻഷൻ 29.10.2018-ൽ പി.ആർ.2101821659 നമ്പർ പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും ടിയാരിയുടെ എല്ലാ സേവനാനുകൂല്യങ്ങളും 22.02.2019 നകം നൽകിയിട്ടുണ്ട് എന്നും അപ്രകാരം ടിയാരിയുടെ പരാതി പരിഹരിക്കപ്പെട്ടിട്ടുമുണ്ടെന്നുള്ള വിവരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ട് 23.09.2021-ലെ സമിതിയോഗം പരിഗണിക്കുകയും ഹർജിക്കാരിയുടെ ആവശ്യം പരിഹൃതമായതിനാൽ ഫയലിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

## II ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യ വകുപ്പ്

**2. Edistrict.kerala.gov.in എന്ന പോർട്ടൽ ലിംഗവിവേചനപരമായി രൂപകല്പന ചെയ്തത് കാരണം സർട്ടിഫിക്കറ്റുകൾ ലഭിക്കുവാൻ തടസ്സം നേരിടുന്നത് പരിഹരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ഉഷാ ഗോപാലകൃഷ്ണൻ, കോഴിക്കോട് സമർപ്പിച്ച ഹർജി.**

( ഫയൽ നമ്പർ 16383/ ഹർജി എ 3/2020/നി.സെ )

Edistrict.kerala.gov.in എന്ന സർക്കാർ ഓൺലൈൻ പോർട്ടലിൽ, ഒരു അപേക്ഷകൻ ജാതി സർട്ടിഫിക്കറ്റ്/മിശ്രവിവാഹ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചാൽ അപേക്ഷകന്റെ/അപേക്ഷകയുടെ അച്ഛൻ, ഭർത്താവ് പിന്നാക്ക സമുദായാംഗമോ പട്ടികജാതി/പട്ടികവർഗ്ഗക്കാരനോ ആയിരിക്കണമെന്നും, അമ്മയുടെ/ഭാര്യയുടെ ജാതിയുടെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് ലഭിക്കുവാനുള്ള സംവിധാനം പോർട്ടലിൽ ഇല്ല എന്നും, ആയതിനാൽ വിവാഹമോചിതരായ അമ്മമാർക്ക് വേർപിരിഞ്ഞ ഭർത്താവിന്റെ ജാതിയുടെ അടിസ്ഥാനത്തിലേ കുട്ടിയുടെ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂവെന്നും, അതിനായി ബന്ധപ്പെട്ട റവന്യൂ അധികാരിയുടെ മുൻപിൽ നേരിട്ട് വസ്തുതകൾ ബോധിപ്പിക്കുവാൻ ഹാജരാകേണ്ട അവസ്ഥ ഉണ്ടാകുന്നതായും, മിശ്രവിവാഹിതരായ ദമ്പതിമാരിലെ ഭർത്താവിന്റെ പിന്നാക്ക ജാതിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖാന്തിരം സംവരണാനുകൂല്യങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് ലഭിക്കുവാനായി അപേക്ഷ സമർപ്പിക്കാനാകുവെന്നും ആയതിനാൽ

ദുരഭിമാനകൊലയ്ക്ക് ഇരയാകുന്ന വ്യക്തികളുടെ ഭാര്യമാർക്കും അവരുടെ മക്കൾക്കും, ഭർത്താക്കൻമാരാൽ ഉപേക്ഷിക്കപ്പെട്ട മിശ്രവിവാഹിതരായ സ്ത്രീകൾക്കും, ഭാര്യ പിന്നാക്ക സമുദായത്തിലും ഭർത്താവ് മുന്നാക്ക സമുദായത്തിലും ആയിട്ടുള്ള മിശ്രവിവാഹിതർക്കും നിലവിലെ രൂപകല്പനയിലെ അപാകത മൂലം വളരെയധികം ബുദ്ധിമുട്ട് ഉണ്ടാകുന്നുവെന്നും, തുല്യനീതി ലക്ഷ്യമിട്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ ലംഘനമാണ് ഇ-ഡിസ്ട്രിക്ട് പോർട്ടലിന്റെ രൂപകല്പന നിമിത്തം ഉണ്ടായിരിക്കുന്നതെന്നും 15.02.2020 തീയതിയായി സമർപ്പിച്ചിരുന്ന ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

ആയതിനാൽ എല്ലാ സേവനങ്ങളും 100 ശതമാനവും ഡിജിറ്റൽ രൂപത്തിലാക്കുവാൻ തീരുമാനിച്ചാൽ ദളിത്/പിന്നാക്ക വിഭാഗത്തിലെ വിവാഹമോചനം നേടിയ അമ്മമാരും, മിശ്ര വിവാഹിതരായ ദമ്പതിമാരും അവരുടെ മക്കളും അത്യന്തം ബുദ്ധിമുട്ട് അനുഭവിക്കേണ്ടതായിട്ട് വരുമെന്നും, സമിതിയുടെ ഭാഗത്തുനിന്നും അനുകൂലമായ ഇടപെടൽ ഉണ്ടാകണമെന്നും ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 06.03.2020-ന് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പിലേയ്ക്ക് അയച്ചിരുന്നു. തുടർന്ന് മുൻഹർജിയിലെ അതേ ആവശ്യത്തിനായി ഹർജിക്കാരിയും ടിയാരിയുടെ മകനും യഥാക്രമം 23.07.2020, 02.07.2021 എന്നീ തീയതികളിലായി തുടർഹർജികൾ സമർപ്പിച്ചിരുന്നു. ഹർജിക്കാരിയുടെ മകൻ ബഹു. സ്പീക്കറെ അഭിസംബോധന ചെയ്തുകൊണ്ട് 02.07.2021 തീയതിയായി സമർപ്പിച്ച തുടർഹർജി റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 22.07.2021-ന് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പിലേയ്ക്ക് അയച്ചിരുന്നു. അതിനെത്തുടർന്ന് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി (ബി) വകുപ്പ് 08.10.2021 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

മിശ്രവിവാഹിതരിൽ ഒരാൾ പിന്നാക്ക പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന സാഹചര്യത്തിൽ, അവരുടെ മക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിനായി ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴി ജാതി സർട്ടിഫിക്കറ്റ്/മിശ്രവിവാഹ സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ, അപേക്ഷകന്റെ അച്ഛൻ/അപേക്ഷകയുടെ ഭർത്താവ് പിന്നാക്ക സമുദായാംഗമോ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരനോ ആയിരിക്കണമെന്നും, ഭാര്യയുടെ ജാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സർട്ടിഫിക്കറ്റുകൾക്കായി അപേക്ഷ സമർപ്പിക്കുവാനുള്ള സംവിധാനം പോർട്ടലിൽ ലഭ്യമല്ല എന്നും പരാതി ലഭിക്കുകയുണ്ടായി. പരാതിയുടെ

നിജസ്ഥിതി പരിശോധിച്ച്, അപാകത പരിഹരിക്കുവാൻ കേരള സംസ്ഥാന ഐ.ടി. മിഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

പരാതിയിൽ പരാമർശിച്ചതുപോലെ, മുൻപ് പ്രസ്തുത സർട്ടിഫിക്കറ്റുകൾക്കായി അപേക്ഷ സമർപ്പിക്കുവാൻ ശ്രമിക്കുന്ന വ്യക്തി മുന്നാക്ക ജാതിയിൽപ്പെട്ടയാളാണെങ്കിൽ ഇ-ഡിസ്ട്രിക് പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുമായിരുന്നില്ല. മുന്നാക്ക വിഭാഗക്കാരുടെ ജാതിവിവരങ്ങൾ ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതായിരുന്നു അപാകതയുടെ കാരണം. മുന്നാക്ക വിഭാഗക്കാരുടെ മലയാളത്തിലുള്ള ജാതി വിവരങ്ങൾ 03.06.2021 ലെ സർക്കാർ ഉത്തരവ് (കൈ) നം. 114/2021/ പൊ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിക്കുകയും, അതിൻപ്രകാരം ആവശ്യമായ മാറ്റങ്ങൾ ഇ-ഡിസ്ട്രിക് പോർട്ടലിൽ വരുത്തുകയുമുണ്ടായി. നിലവിൽ, ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന ഏതൊരു വ്യക്തിക്കും ജാതി സർട്ടിഫിക്കറ്റ്, മിശ്രവിവാഹ സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുന്നതിനായി ഇ-ഡിസ്ട്രിക് പോർട്ടലിലെ മലയാളം പതിപ്പിലൂടെ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുന്നതാണ്. മുന്നാക്ക വിഭാഗക്കാരുടെ അംഗീകരിച്ച ജാതി ലിസ്റ്റ് ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ ലഭ്യമാക്കിയതോടെ സമർപ്പിച്ച ഹർജിയിലെ ആവശ്യത്തിന്മേൽ ശ്രീമതി ഉഷാ ഗോപാലകൃഷ്ണന് പരിഹാരമുണ്ടായിട്ടുള്ളതാണ്.

പ്രസ്തുത റിപ്പോർട്ട് 08.12.2021-ലെ സമിതിയോഗം അംഗീകരിക്കുകയും, ഹർജിയിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

മിശ്രവിവാഹിതരുടെ മക്കൾ, പിന്നാക്ക ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് നേരിട്ടിരുന്ന പ്രശ്നങ്ങൾക്ക് സമിതിയുടെ ഇടപെടൽ മൂലം പരിഹാരമുണ്ടായതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

## III ആഭ്യന്തര വകുപ്പ്

### 3. അയൽവാസിയുടെയും പോലീസ് ഉദ്യോഗസ്ഥരുടെയും ഉപദ്രവങ്ങൾക്കെതിരെ നടപടിയാവശ്യപ്പെട്ട് ശ്രീ. മനോഹരൻ, കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ: 23174/ഹർജി ബി1/2018/നി.സെ.)

ഹർജിക്കാരന്റെ പുരയിടത്തിലേയ്ക്ക് അയൽവാസി വീട് ഇറക്കി പണിതത് പൊളിച്ചുമാറ്റണമെന്നാവശ്യപ്പെട്ട് ഹർജിക്കാരൻ പരാതി നൽകിയതിനുള്ള

വിരോധത്തിൽ ഹർജിക്കാരൻ സ്വന്തം വീട്ടുമുറ്റത്ത് കരിയില കത്തിക്കുന്നുവെന്ന് പരാതിപ്പെട്ട് അയൽവാസി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ശൂരനാട് എസ്.ഐ. ഹർജിക്കാരനെ സ്റ്റേഷനിൽ വിളിച്ചു വരുത്തി തടങ്കലിൽ വയ്ക്കുകയും കേസിൽ ഉൾപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്നും അയൽവാസിയുടെ ബന്ധുവായ പോലീസുദ്യോഗസ്ഥർ ഹർജിക്കാരനെയും മകനെയും പീഡന കേസിൽ ഉൾപ്പെടുത്തി കള്ളക്കേസ് രജിസ്റ്റർ ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുന്നുവെന്നും ഇത്തരം നടപടികൾ സർക്കാർ ഉദ്യോഗാർത്ഥിയായ മകനെക്കൂടി ബാധിക്കുമെന്നതിനാൽ ആയതിന് നടപടി സ്വീകരിക്കുണമെന്നാവശ്യപ്പെട്ടും 18.09.2018-ൽ ഹർജി സമർപ്പിച്ചിരുന്നു.

ഹർജി റിപ്പോർട്ടിനായി 25.09.2018-ലെ കത്തു മുഖേന ആഭ്യന്തര വകുപ്പിനയച്ചതിന് ആഭ്യന്തര (ഡി) വകുപ്പ് 10.01.2019-ലെ ആഭ്യ-ഡി2/389/2018-ആഭ്യ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് വിവരം 25.01.2019-ൽ ഹർജിക്കാരനെ അറിയിച്ചതിനെത്തുടർന്ന് ടിയാൻ 18.02.2019-ൽ സമർപ്പിച്ച പ്രതികരണ ഹർജിയിൽ ആഭ്യന്തര വകുപ്പിന്റെ റിപ്പോർട്ട് ശൂരനാട് എസ്.ഐ.യെ സംരക്ഷിക്കുന്നതിനായി ഏകപക്ഷീയമായി തയ്യാറാക്കിയതാണെന്ന് അഭിപ്രായപ്പെടുകയും ആയതിനാൽ ടി റിപ്പോർട്ട് തള്ളിക്കളഞ്ഞുകൊണ്ട് ഹർജി വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുണമെന്നും അപേക്ഷിച്ചിരുന്നു.

പ്രസ്തുത പ്രതികരണ ഹർജിയും ആഭ്യന്തര (ഡി) വകുപ്പ് 10.01.2019-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടും 30.04.2019-ലെ സമിതി യോഗം പരിഗണിക്കുകയും ആഭ്യന്തര വകുപ്പ് ലഭ്യമാക്കുന്ന ഭൂരിഭാഗം റിപ്പോർട്ടുകളും ഉദ്യോഗസ്ഥരെ സംരക്ഷിയ്ക്കുന്ന തരത്തിലുള്ളതായതിനാൽ ഇത്തരം റിപ്പോർട്ടുകൾ പരിശോധിച്ച് നിജസ്ഥിതി ബോധ്യപ്പെടുന്നതിന് ഒരു അന്വേഷണ സംവിധാനമുണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെടുകയും ഹർജി വിഷയത്തിന്മേൽ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഹർജിക്കാരൻ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തുവാൻ സമിതി തീരുമാനിയ്ക്കുകയും ടി വിവരം 12.07.2019-ലെ കത്തു പ്രകാരം ആഭ്യന്തര വകുപ്പിനെ അറിയിയ്ക്കുകയും ചെയ്തിരുന്നു.

തുടർന്ന് ആഭ്യന്തര വകുപ്പ് 17.12.2019-ലെ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ നിയമസഭാ സമിതി മുഖേന ലഭ്യമാകുന്ന ഹർജികളിൽ അന്വേഷണം

നടത്തുന്നതിനും അന്വേഷണ റിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാക്കുന്നതിലേയ്ക്കുമായി ആവശ്യമായ നിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി എല്ലാ യൂണിറ്റ് മേധാവികൾക്കും നൽകി വരുന്നുണ്ടെന്നും പ്രസ്തുത വിഷയത്തിൽ 26.04.2005-ന് 11/2005 എന്ന നമ്പർ സർക്കുലറും 16.05.2005-ന് 09/2005 നമ്പർ പ്രകാരവും എക്സിക്യൂട്ടീവ് ഡയറക്ടീവും സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ടെന്നും ടി ഹർജികളിൽ അന്വേഷണം നടത്തുന്നത് സംബന്ധിച്ചും, അന്വേഷണ റിപ്പോർട്ട് നിശ്ചിത മാതൃകയിൽ തയ്യാറാക്കുന്നതിനും, ആയത് സമയബന്ധിതമായി ലഭ്യമാക്കുന്നതിനുമായി സംസ്ഥാന പോലീസ് മേധാവി 06.08.2018-ന് 33/2018 നമ്പർ പ്രകാരവും ഒരു എക്സിക്യൂട്ടീവ് ഡയറക്ടീവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും പോലീസ് ഉദ്യോഗസ്ഥർ എതിർകക്ഷികളായുള്ള ഹർജികളിൽ/പരാതികളിൽ ഡി.വൈ.എസ്.പി/എ.എസ്.പി. റാങ്കിൽ കുറയാത്ത സീനിയർ ഉദ്യോഗസ്ഥരെക്കൊണ്ട് അന്വേഷണം നടത്തുന്നതിനും അന്വേഷണ റിപ്പോർട്ടുകൾ അയച്ചുതരുന്നതിനു മുമ്പായി ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികൾ പ്രസ്തുത റിപ്പോർട്ടിലെ നിജസ്ഥിതി ബോധ്യപ്പെടുന്നതിനായി സൂക്ഷ്മപരിശോധന നടത്തിയ ശേഷം ആയത് സംബന്ധിച്ച റിമാർക്സ് സഹിതം റിപ്പോർട്ട് ലഭ്യമാക്കണമെന്നും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിരുന്നു. സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധം IV ആയി ചേർക്കുന്നു.

ഹർജി വിഷയത്തിന്മേൽ നടപടി സ്വീകരിച്ചു വരുന്നു.

## 4. <u>പി.ജി.ഡി.സി.എ. കോഴ്സിന്റെ അംഗീകാരമില്ലായ്മ സംബന്ധിച്ച് ശ്രീമതി ബിന്നി സെബാസ്റ്റ്യൻ, തൊടുപുഴ സമർപ്പിച്ച ഹർജി.</u>

(ഫയൽ നമ്പർ 17869/ഹർജി ബി2/2019/നി.സെ.)

ഹർജിക്കാരിയുടെ മകൻ തൊടുപുഴ ബി.എസ്.എസ്. കംപ്യൂട്ടർ കോളേജിൽ ഡി.സി.എ. കോഴ്സിന് ചേർന്നുവെന്നും ടി കോഴ്സ് കഴിഞ്ഞ് സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം തുടർന്ന് 6 മാസം കൂടി പഠിച്ചാൽ പി.ജി.ഡി.സി.എ. കോഴ്സിന്റെ സർട്ടിഫിക്കറ്റ് നൽകാമെന്നും ടി രണ്ടു കോഴ്സുകളും കേരള ഗവ/പി.എസ്.സി. അംഗീകാരമുള്ള കോഴ്സുകളാണെന്ന് വിശ്വസിപ്പിച്ച് ഹർജിക്കാരിയുടെ മകനെ പറ്റിച്ചുവെന്നും ഡി.സി.എ. കോഴ്സിനു മാത്രമേ ഇത്തരത്തിൽ അംഗീകാരമുള്ളുവെന്നും പി.ജി.ഡി.സി.എ.ക്ക് അംഗീകാരമില്ലായെന്നും, ആയതിനാൽ സ്ഥാപനമേധാവിയ്ക്കെതിരെ

നടപടി സ്വീകരിക്കണമെന്നും ഹർജിയിൽ അപേക്ഷിച്ചിരുന്നു.

തുടർന്ന് പ്രസ്തുത ഹർജി റിപ്പോർട്ടിനായി 12.12.2018-ന് സാങ്കേതിക വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നീ വകുപ്പുകൾക്ക് അയച്ച് കൊടുക്കുകയും തുടർന്ന് ഉന്നതവിദ്യാഭ്യാസ (പി) വകുപ്പ് 24.01.2019-ൽ ലഭ്യമാക്കിയ കത്തിൽ ഹർജിയുടെ പകർപ്പ് ഉദ്യോഗസ്ഥ ഭരണപരിഷ്കാര(റൂൾസ്) വകുപ്പിന് കൈമാറിയെന്നും അറിയിച്ചിരുന്നു. തുടർന്ന് ഉദ്യോഗസ്ഥഭരണപരിഷ്കാര (റൂൾസ്) വകുപ്പ് ലഭ്യമാക്കിയ 26.02.2019-ലെ കത്തിൽ പി.ജി.ഡി.സി.എ. കോഴ്സ് അംഗീകരിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചതായി കാണുന്നില്ലെന്നും ടി കോഴ്സിന് അംഗീകാരമുണ്ടെന്ന് തെറ്റിദ്ധരിപ്പിച്ച തൊടുപുഴ ഭാരത് സേവക് സമാജ് കംപ്യൂട്ടർ കോളേജ് മേധാവിയ്ക്കെതിരെ നടപടി സ്വീകരിച്ച് നഷ്ടം നികത്തണമെന്ന ഹർജിക്കാരിയുടെ പരാതി ആഭ്യന്തര വകുപ്പിലേക്ക് കൈമാറിയതായും അറിയിക്കുകയുമുണ്ടായി. തുടർന്ന് ആഭ്യന്തര (ഡി) വകുപ്പ് 04.03.2020 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത ഹർജിവിഷയം സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ, ഭാരത് സേവക് സമാജിന്റെ കേരളത്തിലെ ഒരു ഫ്രാഞ്ചൈസിയായ തൊടുപുഴ BSS Computer College എന്ന സ്ഥാപനം ഒരു സ്വകാര്യ കമ്പ്യൂട്ടർ പഠന കേന്ദ്രം മാത്രമാണെന്നും BSS നടത്തുന്ന കമ്പ്യൂട്ടർ കോഴ്സുകളിൽ ഡി.സി.എ. യ്ക്ക് മാത്രമാണ് P.S.C.-യുടെ അംഗീകാരമുള്ളതെന്നും PSC അംഗീകാരമില്ലാത്ത PGDCA, വിവിധ ഷോർട്ട്ടേം കമ്പ്യൂട്ടർ കോഴ്സുകൾ എന്നിവ ടി സ്ഥാപനത്തിൽ പഠിപ്പിച്ചുവരുന്നുവെന്നും അതിന് BSS-ന്റെ സർട്ടിഫിക്കറ്റാണ് നൽകുന്നതെന്നും DCA കോഴ്സിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ളതാണെന്നും, BSS ഫ്രാഞ്ചൈസികളിൽ പരിശോധന നടത്തുന്നത് BSS IT മിഷൻ ആണെന്നും BSS നാഷണൽ ചെയർമാൻ അറിയിച്ചിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

തുടർന്ന് കെൽട്രോണിന്റെ അംഗീകാരമുള്ള കോഴ്സുകൾ കൂടി ഈ സ്ഥാപനത്തിൽ നടത്തിവരുന്നതിനാൽ കോളേജിന്റെ മുൻവശത്ത് സ്ഥാപിച്ചിരിക്കുന്ന കെൽട്രോണിന്റെ ബോർഡ് കണ്ട് തെറ്റിദ്ധരിച്ചായിരിക്കാം പരാതിക്കാരിയുടെ മകൻ PGDCA കോഴ്സിന് ചേർന്നതെന്നും ശ്രീമതി ബിന്നി സെബാസ്റ്റ്യന്റെ പരാതിയെ തുടർന്ന് ഫീസിനത്തിൽ വാങ്ങിയ തുക പരാതിക്കാരിയ്ക്ക് തിരികെ നൽകിയിട്ടുണ്ടെന്നും ഇടുക്കി ജില്ലാ പോലീസ്

മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും PSC അംഗീകാരം ഉള്ളതും ഇല്ലാത്തതുമായ കോഴ്സുകളുടെ വിവരങ്ങൾ പ്രത്യേകം ബോർഡിൽ എഴുതി പ്രദർശിപ്പിക്കുന്നതിന് ടി സ്ഥാപനത്തിന്റെ പ്രിൻസിപ്പലിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

പരാതിക്കാര്യത്തിന് ശ്രീമതി ബിന്നി സെബാസ്റ്റ്യന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ തൊടുപുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 1036/19 U/S 406, 420 IPC കേസ്സിൽ BSS Computer College നടത്തിവന്നിരുന്ന ശ്രീ. ജോജോ അഗസ്റ്റിൻ എന്നയാളെ പ്രതിപ്പട്ടികയിൽ ചേർത്ത് അന്വേഷണം പൂർത്തിയാക്കി ബഹു. തൊടുപുഴ സി.ജെ.എം. കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരവും അറിയിച്ചിരുന്നു."

പ്രസ്തുത റിപ്പോർട്ട് 27.01.2021-ലെ സമിതി യോഗം പരിഗണിയ്ക്കുകയും സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിച്ചതിനുശേഷം നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതുമാണ്.

5. **ഇൻക്രിമെന്റും മറ്റാനുകൂല്യങ്ങളും ലഭ്യമാകാത്തത് സംബന്ധിച്ച് ശ്രീ. ധർമ്മപാലൻ, കോട്ടയം സമർപ്പിച്ച ഹർജി സംബന്ധിച്ച്.**

(ഫ.നം. 19009/ഹർജി ബി4/2013/നി.സെ.)

കോട്ടയം കുറവിലങ്ങാട് പോലീസ് സ്റ്റേഷനിൽ നിന്നും എ.എസ്.ഐ. ആയി 31.03.2011-ൽ വിരമിച്ച ഹർജിക്കാരൻ 21.05.2008-ന് ഡ്യൂട്ടിയിലുണ്ടായിരുന്ന ദിവസം, കുറവിലങ്ങാട് ആച്ചിക്കൽ ഹരിജൻ കോളനിയിൽ താമസിക്കുന്ന വിനോദ് കുമാർ എന്നയാൾ ഹോളിഫാമിലി കോൺവെന്റിൽ അതിക്രമിച്ച് കയറിയെന്നാരോപിച്ച് നാട്ടുകാർ പോലീസിന് കൈമാറിയെന്നും എന്നാൽ കാര്യമായ മുറിവില്ലാത്തതിനാൽ ടിയാനെ ജാമ്യത്തിൽ വിട്ട് ബന്ധുക്കൾക്കൊപ്പം ആശുപത്രിയിൽ അയച്ചെന്നും, ടി കാരണത്താൽ ഹർജിക്കാരനെതിരെ ശിക്ഷാ നടപടികൾ എടുക്കുകയും കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ കെ.ഡി.ഒ. 398/05 നമ്പർ ഉത്തരവ് പ്രകാരം ഹർജിക്കാരന്റെ ഒരു വർഷത്തെ ഇൻക്രിമെന്റ് ആവർത്തന സ്വഭാവമില്ലാതെ തടയുകയും, എന്നാൽ 25.06.2009-ന് തീർപ്പാക്കിയ ഹർജിയിന്മേൽ കൃത്യസമയത്ത് നടപടി സ്വീകരിക്കാതെ നീട്ടിക്കൊണ്ട് പോയി തുടർന്നുള്ള ഇൻക്രിമെന്റും മറ്റാനുകൂല്യങ്ങളും തടഞ്ഞ് വച്ചിരിക്കുകയുമാണ് എന്നും ടിയാന് നഷ്ടപ്പെട്ട

ഇൻക്രിമെന്റും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും 11.09.2013 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി 01.10.2013-ൽ ആഭ്യന്തര വകുപ്പിന് റിപ്പോർട്ടിനായി അയച്ചു കൊടുത്തു. തുടർന്ന് ആഭ്യന്തര(എ) വകുപ്പിൽ നിന്നുള്ള 10.02.2015 തീയതിയിലെ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് പ്രകാരം ഡ്യൂട്ടിയിൽ വീഴ്ച വരുത്തിയതിനെ തുടർന്ന് ശ്രീ.ധർമ്മപാലന്റെ പേരിൽ എച്ച്1-23522/08 നമ്പരായി അച്ചടക്ക നടപടി സ്വീകരിച്ചിരുന്നതും KDO-398/09 തീയതി 25.06.2009 പ്രകാരം അടുത്ത വാർഷിക ഇൻക്രിമെന്റ് ആവർത്തന സ്വഭാവമില്ലാതെ 1 വർഷത്തേയ്ക്ക് തടഞ്ഞ് ഉത്തരവായിട്ടുള്ളതുമാണ്. ടിയാന്റെ ഇൻക്രിമെന്റ് 6/09 ആയിരുന്നു. KDO-320/09 തീയതി 05.06.2009 പ്രകാരം പരാതിക്കാരന് 01.06.2009-ലെ വാർഷിക ഇൻക്രിമെന്റ് അനുവദിച്ചിരുന്നതും, ടിയാന്റെ ശമ്പളം 01.06.2009-ൽ 9190-15510 സ്കെയിലിൽ Rs.11910/- (പതിനൊന്നായിരത്തി തൊള്ളായിരത്തി പത്ത് രൂപ) ആയി വർദ്ധിപ്പിച്ചിരുന്നതുമാണ്. തുടർന്ന് KDO-398/09, 25.06.2009 പ്രകാരമുള്ള ശിക്ഷ നടപ്പിലാക്കുന്നതിനായി ടിയാന്റെ 01.06.2010-ലെ ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കുകയും ടിയാൻ 31.03.2011-ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതുമാണ്.

GO(P)-85/11/Fin തീയതി 26.02.2011 പ്രകാരം ശമ്പള ഫിക്സേഷൻ നടത്തിയപ്പോൾ പരാതിക്കാരനായ ശ്രീ. ധർമ്മപാലൻ 01.07.2009 തീയതിയിലേക്ക് Option നൽകിയിരുന്നതും ടിയാന്റെ Option അനുസരിച്ച് ശമ്പളം 16980-31360 സ്കെയിലിൽ Rs.22920/-(ഇരുപത്തിരണ്ടായിരത്തി തൊള്ളായിരത്തി ഇരുപത് രൂപ) ആയി 01.07.2009 തീയതിൽ 'Fix' ചെയ്തിരുന്നതുമാണ്. ടിയാന് 01.06.2009 തീയതിയിൽ വാർഷിക ഇൻക്രിമെന്റ് അനുവദിച്ച ശേഷമുള്ള തുകയായ Rs.11910/- (പതിനൊന്നായിരത്തി തൊള്ളായിരത്തി പത്ത് രൂപ) അടിസ്ഥാനമാക്കിയാണ് 01.07.2009-ൽ പരിഷ്കരിച്ച സ്കെയിലിൽ ശമ്പളം 'Fix' ചെയ്തിട്ടുള്ളത്. 01.07.2009 തീയതിയിൽ ശമ്പള ഫിക്സേഷൻ നടത്തിയതിനാൽ ടിയാന്റെ അടുത്ത ഇൻക്രിമെന്റ് 01.06.2010-ൽ നിന്നും 01.07.2010-ലേയ്ക്ക് മാറിയിട്ടുള്ളതും, ടി ഇൻക്രിമെന്റ് തടഞ്ഞ് വച്ചിട്ടുള്ളതുമാണ്. ശിക്ഷാ കാലാവധി പൂർത്തിയാകും മുമ്പ് 31.03.2011-ൽ പരാതിക്കാരൻ റിട്ടയർ ചെയ്തതിനാൽ 3 മാസത്തെ ഇൻക്രിമെന്റ് തുക

പരാതിക്കാരനെക്കൊണ്ട് ട്രഷറിയിൽ അടപ്പിച്ചിട്ടുള്ളതുമാണ്.

പരാതിക്കാരന്റെ 2009-ലെ ഇൻക്രിമെന്റ് 01.06.2009-ൽ ആയിരുന്നതും ടി ഇൻക്രിമെന്റ് പരാതിക്കാരന് അനുവദിച്ചിരുന്നതുമാണ്. കോട്ടയം ജില്ലാ പോലീസ് മേധാവി 25.06.2009-ലെ KDO-398/09 ഉത്തരവ് പ്രകാരം 01.06.2009-ലെ ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കാൻ സാധിക്കാത്തതാണ്. ആയതിനാൽ ടി ഉത്തരവ് പ്രകാരം ടിയാന്റെ തൊട്ടടുത്ത വാർഷിക ഇൻക്രിമെന്റ് തടഞ്ഞുവച്ചതിൽ അപാകതയില്ലെന്നും ശമ്പള ഫിക്സേഷൻ 01.07.2009 തീയതി മുതൽ നടത്തിയതിനാൽ തന്റെ ഇൻക്രിമെന്റ് തീയതി 01.07.2009 ആയിരുന്നു എന്ന തെറ്റിദ്ധാരണയിലാകാം ശ്രീ. ധർമ്മപാലൻ പരാതി സമർപ്പിക്കാനിടയായതെന്നും അറിയിക്കുന്നു. "

11.02.2015-ലെ തെളിവെടുപ്പ് യോഗത്തിൽ, സമിതി ഹർജി വിഷയം പരിഗണിക്കുകയും, ഹർജിക്കാരൻ റിട്ടയർ ചെയ്യുന്നതിന് മൂന്നുമാസം മുമ്പ് ക്യുമുലേറ്റീവ് അല്ലാത്ത ഇൻക്രിമെന്റ് ബാർ ചെയ്തിട്ടുണ്ടെങ്കിൽ അത് തിരിച്ചു നൽകുന്നതിന് ഒരു ക്ലോസ്സുള്ളതായി അറിയാൻ സാധിച്ചെന്നും, ആയത് ക്ലാരിഫിക്കേഷൻ ലഭിക്കുന്നതിനായി അക്കൗണ്ടന്റ് ജനറലിന് എഴുതേണ്ടതുണ്ടെന്നും, അവിടെ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാമെന്നും ഡി.പി.സി. കോട്ടയം സമിതി മുമ്പാകെ ബോധിപ്പിക്കുകയും പ്രസ്തുത നടപടിക്രമങ്ങൾക്ക് കാലതാമസം വരുത്താതെ അടിയന്തരമായി അന്തിമ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

22.11.2017-ലെ തെളിവെടുപ്പ് യോഗത്തിൽ വീണ്ടും ഹർജി വിഷയം പരിഗണിക്കുകയും, ഹർജിക്കാരന്റെ പരാതിക്ക് രമ്യമായ പരിഹാരം ഉണ്ടാക്കി തന്നിട്ടുള്ളതിനാലും ലഭിയ്ക്കേണ്ട എല്ലാ ആനുകൂല്യങ്ങളും ലഭിച്ചിട്ടുള്ളതിനാൽ ടിയാന് പരാതിയില്ലെന്ന് ടിയാൻ എഴുതി നൽകിയിട്ടുണ്ടെന്ന് കോട്ടയം ജില്ലാ പോലീസ് മേധാവി സമിതിയെ അറിയിക്കുകയും, ഹർജി വിഷയം സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ ആയത് അടിയന്തരമായി ലഭ്യമാക്കണമെന്ന് ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെടുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

ആഭ്യന്തര (എ) വകുപ്പിൽ നിന്നും 15.12.2020 തീയതിയിലെ കത്തു മുഖേന

ലഭ്യമാക്കിയ റിപ്പോർട്ടിൽ പോലീസ് സബ് ഇൻസ്പെക്ടർ ഗ്രേഡ് കെ 1513, ശ്രീ. ധർമ്മപാലൻ കെ., 31.03.2011 തീയതി കോട്ടയം ജില്ലാ പോലീസിൽ നിന്നും സൂപ്പറാനുവേഷൻ പ്രകാരം സേവനത്തിൽ നിന്നും വിരമിച്ചെന്നും, ടിയാന്റെ വിരമിക്കൽ ആനുകൂല്യങ്ങൾ PPO 111168625 നമ്പർ ഉത്തരവായി അക്കൗണ്ടന്റ് ജനറൽ അംഗീകരിച്ചിരുന്നുവെന്നും, 25.06.2009-ലെ കെ.ഡി.ഒ. 398/09 പ്രകാരം ടിയാന്റെ വാർഷിക വേതന വർദ്ധനവ് ആവർത്തന സ്വഭാവം കൂടാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞു വച്ചതിനെ തുടർന്ന് 01.07.2010 തീയതിയിലെ ടിയാന്റെ വാർഷിക വേതന വർദ്ധനവ് കണക്കാക്കാതെ ടിയാന്റെ വിരമിക്കൽ ആനുകൂല്യങ്ങൾ നിർണയിച്ചെന്നും, സേവനകാലയളവിൽ പ്രാവർത്തികമാക്കാൻ സാധിക്കാതെ വന്ന മേപ്പടി ശിക്ഷയുടെ ഭാഗം (Unsuffered portion of increment bar) ടിയാന്റെ വിരമിക്കൽ gratuity ൽ നിന്നും ഈടാക്കിയിട്ടുള്ളതാണെന്നും, മേപ്പടി തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ള വാർഷിക വേതന വർധനവിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായാണ് ശ്രീ. ധർമപാലൻ ബഹു. നിയമസഭാ സമിതിയ്ക്ക് ഹർജി സമർപ്പിച്ചിട്ടുള്ളതെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. ബഹു. സമിതി മുമ്പാകെ 11.02.2015 തീയതി കോട്ടയം ജില്ലാ പോലീസ് ആഫീസിൽ നിന്നും നേരിട്ട് ഹാജരായി, ടിയാന്റെ തടഞ്ഞു വച്ച വാർഷിക വേതന വർദ്ധനവ് 12.08.2005 തീയതിയിലെ G.O(P)No.380/05/Fin. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിരമിക്കൽ ആനുകൂല്യങ്ങൾ കണക്കാക്കുന്നതിലേക്ക് സാങ്കല്പികമായി (Notional) നൽകി, വിരമിക്കൽ ആനുകൂല്യങ്ങൾ പുനർനിർണയിച്ച് അംഗീകാരത്തിനായി അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കാം എന്ന് ബഹു.സമിതി മുമ്പാകെ ബോധിപ്പിച്ചിരുന്നതാണെന്നും, ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. ധർമ്മപാലൻ കെ.യുടെ തടഞ്ഞു വച്ച വാർഷിക വേതന വർദ്ധനവ് സങ്കൽപ്പികമായി (Notional) നൽകി വിരമിക്കൽ ആനുകൂല്യങ്ങൾ പുനഃനിർണയിച്ച 02.03.2015 തീയതി തിരുവനന്തപുരം അക്കൗണ്ടന്റ് ജനറലിന് അയച്ചിരുന്നുവെന്നും, 20.05.2015 തീയതി PR.21010544128/P-1/2/1515258122 നമ്പറായി അക്കൗണ്ടന്റ് ജനറൽ ധർമ്മപാലൻ കെ.യുടെ വിരമിക്കൽ ആനുകൂല്യങ്ങൾ പുനർനിർണയിച്ച അംഗീകരിച്ചിട്ടുണ്ടെന്നും, ടിയാന് ടി ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്നും സംസ്ഥാന പോലീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹർജി കക്ഷിയുടെ പരാതി പരിഹരിച്ചിട്ടുണ്ടെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുള്ള

സാഹചര്യത്തിൽ, ഹർജിയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു.

സമിതിയുടെ നിരന്തരമായ ഇടപെടൽ മൂലം ഹർജിക്കാരന്റെ പരാതിക്ക് പരിഹാരമുണ്ടായതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

## IV <u>ആഭ്യന്തര വകുപ്പ് & ഗതാഗത വകുപ്പ്</u>

### 6. <u>പയ്യനാമൺ അട്ടകാട് പ്രദേശത്തെ പാറമടയിൽ നിന്നും ലോറികളിൽ പാറ കയറ്റി അമിത വേഗത്തിൽ കൊണ്ടുപോകുന്നത് സംബന്ധിച്ച് ശ്രീ. മാത്യു കുളത്തുങ്കൽ, പത്തനംതിട്ട സമർപ്പിച്ച ഹർജി.</u>

**(ഫയൽ നമ്പർ 16029/ഹർജി ബി 2/2017/നി.സെ.)**

പയ്യനാമൺ അട്ടകാട് പ്രദേശത്തുള്ള അഞ്ചോളം പാറമടകളിൽ നിന്നും ദിവസേന നിരവധി ലോറികളിൽ പാറകയറ്റി അമിതവേഗത്തിൽ കൊണ്ടുപോകുകയും ദിവസവും രാവിലെ അഞ്ചുമണി മുതൽ 60 മുതൽ 70 വരെ ലോറികൾ നിരനിരയായി കോന്നി - അതുമ്പുകുളം റോഡിൽ പാർക്ക ചെയ്യുന്നതുമൂലം ടി പ്രദേശത്ത് യാത്രാ തടസ്സം ഉണ്ടാകുകയും ലോറികൾ മറിഞ്ഞ് നിരവധി അപകടങ്ങൾ ഉണ്ടാവുകയും ചെയ്യുന്നുവെന്നും ലോറികളുടെ അമിതവേഗതമൂലം യാത്രാബസുകൾ, മറ്റ് വാഹനങ്ങൾ, സ്കൂൾ ബസുകൾ എന്നിവയ്ക്കും കാൽനടയാത്രക്കാർക്കും വിദ്യാർത്ഥികൾക്കും വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുവെന്നും അതിനാൽ അധികാരികൾ ടി വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് ഈ പ്രദേശത്തെ ജനങ്ങളുടെ സ്വൈര ജീവിതം ഉറപ്പാക്കണമെന്നും ഹർജിക്കാരൻ 20.02.2017-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 04.03.2017-ൽ ആഭ്യന്തരം, ഗതാഗതം എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചിരുന്നു. തുടർന്ന് ആഭ്യന്തര (എം) വകുപ്പ് 17.07.2017-ലെ 23417/എം1/2017/ആഭ്യന്തരം നമ്പർ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ സർക്കാരിന്റെ നിയമപരമായ എല്ലാ അനുമതിയോടും കൂടിയാണ് പ്ലക്കാട്ട് എന്ന സ്ഥാപനം പ്രവർത്തിക്കുന്നതെന്നും ഹർജിക്കാരന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ടിപ്പർ ലോറി ഉടമകളെയും ഡ്രൈവർമാരെയും വിളിച്ചുവരുത്തി കർശനമായ നിർദ്ദേശം നൽകുകയുണ്ടായെന്നും പ്രസ്തുത സ്ഥലം നിരീക്ഷിക്കുന്നതിനു വേണ്ടി കോന്നി സി.ഐ.

യ്ക്കും എസ്.ഐ. യ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

ഗതാഗത (ബി) വകുപ്പ് 27.11.2017-ൽ 61/ബി2/2017/ഗതാ. നമ്പറായി ലഭ്യമാക്കിയ റിപ്പോർട്ടിൽ പാറമടയിൽ നിന്നും നിയന്ത്രിത പാസ് സംവിധാനത്തിലും സമയക്രമത്തിലുമാണ് വാഹനങ്ങൾ ലോഡ് ചെയ്തുവിടുന്നതെന്നും ടി പ്രദേശത്തു നിരന്തര വാഹന പരിശോധനയിൽ പരാതിയിൽ പരാമർശിക്കുന്ന വാഹനതിരക്ക് ശ്രദ്ധയിൽപ്പെട്ടില്ലെന്നും പ്രദേശത്തു നിയമലംഘനം നടത്തിയ 35 ൽ പരം വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും തുടർന്നും വാഹന പരിശോധന കർശനമായി നടത്തുന്നതാണെന്നും അറിയിച്ചിരുന്നു.

ആഭ്യന്തര വകുപ്പിന്റെയും ഗതാഗത വകുപ്പിന്റെയും റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിക്കുകയുണ്ടായി.

ആഭ്യന്തര വകുപ്പിന്റെ റിപ്പോർട്ടിലെ വിവരം അറിയിച്ചതിനെ തുടർന്ന് ടിയാൻ 03.10.2017-ൽ പ്രതികരണ ഹർജി സമർപ്പിച്ചിരുന്നു. പ്രസ്തുത തുടർഹർജിയിൽ ഹർജി വിഷയം സംബന്ധിച്ച് ആഭ്യന്തര (എം) വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും, ടിപ്പർ ലോറികളുടെ അനധികൃത പാർക്കിങ്ങും, സ്കൂൾ സമയങ്ങളിൽ ഉൾപ്പെടെയുള്ള ലോറികളുടെ മരണപ്പാച്ചിൽ പ്രദേശവാസികളായ കുട്ടികൾക്കും മറ്റ് യാത്രക്കാർക്കും ഭീതി ഉളവാക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നതെന്നും ആയത് നിരീക്ഷിക്കാൻ ചുമതലയുള്ള ഉത്തവാദപ്പെട്ട ഉദ്യോഗസ്ഥർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും ബോധിപ്പിച്ചിരുന്നു.

തുടർന്ന് 10.10.2018 ന് യോഗം ചേർന്ന സമിതി ആഭ്യന്തരം (എം), ഗതാഗതം (ബി) എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ട്, ഹർജിക്കാരൻ സമർപ്പിച്ച പ്രതികരണ ഹർജി എന്നിവ പരിഗണിക്കുകയും പ്രസ്തുത വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്നും പരിശോധനകൾ കർശനമായി നടത്തുന്നുണ്ടോയെന്നും പ്രസ്തുത വകുപ്പുകളോട് ആരായുന്നതിനും പ്രതികരണ ഹർജിയിന്മേലുള്ള റിപ്പോർട്ട് ടി വകുപ്പുകളോട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചിരുന്നു. തുടർന്ന് ആഭ്യന്തര (ഡി) വകുപ്പ് 27.05.2019-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ഇപ്രകാരം അറിയിച്ചിരുന്നു. കോന്നി പോലീസ് സ്റ്റേഷൻ

പരിധിയിൽ പയ്യനാമൺ എന്ന സ്ഥലത്തും സമീപ പ്രദേശങ്ങളിലും മറ്റുമായി നാലിൽപ്പരം പാറമടകൾ പ്രവർത്തിച്ചു വരുന്നതും, അവയെല്ലാം തന്നെ നിയമപരമായ ലൈസൻസുകൾ നേടിയിട്ടുള്ളതുമാണ്. ടി പാറമടകളിൽ നിന്നും പാറകൾ കയറ്റിക്കൊണ്ട് പോകുന്നതിനായി ജില്ലയിൽ നിന്നും സമീപ ജില്ലകളിൽ നിന്നും ടിപ്പർ ലോറികളും മറ്റും കോന്നി ടൗണിലൂടെ പയ്യനാമൺ എന്ന സ്ഥലത്തേയ്ക്കും മറ്റും സർവ്വീസ് നടത്താറുണ്ട്. നിലവിലുള്ള ഉത്തരവനുസരിച്ച് സ്കൂൾ പ്രവൃത്തി ദിനങ്ങളിലും മറ്റും രാവിലെ 8.30 മുതൽ 10 മണി വരെയും വൈകുന്നേരം 3.30 മുതൽ 5 മണി വരെയും ടിപ്പർ ലോറികൾ സർവ്വീസ് നടത്തുന്നതിന് ശക്തമായ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ടി സമയ ക്രമീകരണം പാലിക്കാതെ സർവ്വീസ് നടത്തുന്ന ലോറികൾ ബന്തവസ്സിൽ എടുക്കുകയും ഡ്രൈവർമാർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. കൂടാതെ ഒരോ സ്കൂളിന്റെയും പരിസരത്ത് കുട്ടികളെ റോഡ് മുറിച്ചു കടക്കാൻ സഹായിക്കുന്നതിനും, അതുവഴി കടന്നു പോകുന്ന വാഹനങ്ങൾ നിയന്ത്രിക്കുന്നതിനും മറ്റുമായി വനിതാ പോലീസുകാർ, മറ്റ് പോലീസ് ഉദ്യോഗസ്ഥർ, ഹോം ഗാർഡുകൾ എന്നിവരെ റോഡിന്റെ തിരക്ക് കണക്കിലെടുത്ത് ഡ്യൂട്ടിക്ക് നിയോഗിക്കുകയും രാവിലെയും വൈകിട്ടും, മറ്റ് തിരക്കുള്ള സമയങ്ങളിലും പട്രോളിംഗ് നടത്തിയും കുട്ടികളുടെയും മറ്റ് ജനങ്ങളുടെയും സുരക്ഷ ഉറപ്പാക്കുന്ന നടപടികൾ സ്വീകരിച്ചു വന്നിട്ടുള്ളതുമാണെന്ന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരവും അറിയിച്ചിരുന്നു.

07.05.2019-ലെ ആഭ്യന്തര 'ഡി' വകുപ്പിന്റെ റിപ്പോർട്ട് സമിതിയുടെ 04.09.2019-ലെ യോഗം പരിഗണിക്കുകയും ഗതാഗത വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ഹർജിയിന്മേൽ ഗതാഗത 'ബി' വകുപ്പ് 21.08.2020-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത പ്രദേശത്ത് നിരന്തരമായ ചെക്കിങ്ങും ട്രാഫിക് ബോധവത്കരണവും നടത്തുകയും 29 വാഹനങ്ങൾ പരിശോധിച്ചതിൽ അമിതഭാരം കയറ്റിയ ലോറികൾക്കെതിരെ ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കുകയും 15,000/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ടെന്നും സേഫ് കേരള പദ്ധതിയിൽ പുതിയ എൻഫോഴ്സ്മെന്റ് സ്ക്വാഡ് വന്നതോടുകൂടി ചെക്കിംഗ് കൂടുതൽ കാര്യക്ഷമമാക്കുവാൻ സാധിച്ചിട്ടുണ്ടെന്നും കൂടാതെ ജി.ഒ.(പി)നം.30/2019/ട്രാൻസ്. തീയതി 31.08.2019

നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സെക്ഷൻ 194 പ്രകാരം അമിത ഭാരത്തിനുള്ള പിഴ 20,000/- രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തതിനെത്തുടർന്ന് അമിതഭാരം കയറ്റിയുള്ള ലോറികളുടെ ഓട്ടം പൂർണ്ണമായും ഇല്ലാതായിട്ടുണ്ടെന്നും ഇതു കൂടാതെ ജില്ലയിലെ മലയോര മേഖലയായ കോന്നി താലൂക്കിലേക്ക് സ.ഉ.(കൈ) നം. 13/2019/ഗതാ. നമ്പരായുള്ള 11.02.2019 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് കൂടി അനുവദിക്കുകയും ആയതിന്റെ പ്രവർത്തനം തുടങ്ങുകയും ചെയ്യുന്നതോടുകൂടി മോട്ടോർ വാഹന വകുപ്പിന് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ കഴിയുന്നതാണെന്നും തുടർന്നും പ്രസ്തുത പ്രദേശങ്ങളിൽ കാര്യക്ഷമമായ ചെക്കിംഗ് നടത്തി നിയമലംഘനങ്ങൾ തടയുന്നതാണെന്നും അറിയിച്ചിരുന്നു".

പ്രസ്തുത റിപ്പോർട്ട് 10.08.2021-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിച്ചതിനുശേഷം ഫയൽ നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതുമാണ്.

സമിതിയുടെ നിരന്തരമായ ഇടപെടൽ മൂലം പ്രദേശവാസികൾ നേരിട്ട പ്രശ്നത്തിന് പരിഹാരം കാണുവാൻ സാധിച്ചതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തി

## V ആഭ്യന്തര വകുപ്പ് & തദ്ദേശസ്വയംഭരണ വകുപ്പ്

7. **ഈട്ടിമരം മുറിച്ചതുമായി ബന്ധപ്പെട്ട് പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്കെതിരെ കേസ് എടുക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എം. രാധാകൃഷ്ണൻ, ശ്രീ. എസ്. ഹരി മുതൽപേർ സമർപ്പിച്ച ഹർജി.**

(ഫയൽ നം. 20448/ഹർജി ബി$_2$/2019/നി.സെ.)

തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ തട്ടത്തുമല എന്ന പ്രദേശത്ത് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പൊതുസ്ഥലത്ത് നിന്നിരുന്ന ഈട്ടിമരം യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെ മുറിച്ചുമാറ്റിയെന്നും മുറിച്ച തടി ഉരുപ്പടിയാക്കിയെന്നും ടി ദൃശ്യം പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടും പോലീസ് ഇക്കാര്യം അന്വേഷിക്കുന്നില്ലെന്നും തടി കാണാനില്ലെന്ന് കാണിച്ച് പഞ്ചായത്ത് സെക്രട്ടറി പോലീസിൽ പരാതി നൽകിയതിനെത്തുടർന്ന് ടിയാന് നിരന്തരമായ ഭീഷണിയുണ്ടെന്നും പഞ്ചായത്ത് സമിതി അംഗങ്ങൾ തന്നെയാണ് തടി മോഷ്ടിച്ചതെന്നും ആയതിനാൽ ടിയാൾക്കാർക്കെതിരെ കേസെടുക്കണമെന്നും ISO അംഗീകാരം ലഭിച്ച പഞ്ചായത്ത് ആയിട്ടും ടി പഞ്ചായത്ത് പരിധിക്കുള്ളിൽ ഹൈമാസ്റ്റ്

ലൈറ്റുകളോ സ്ട്രീറ്റ് ലൈറ്റുകളോ പ്രകാശിക്കാറില്ലെന്നും കംഫർട്ട് സ്റ്റേഷൻ കാടുപിടിച്ച് നശിക്കുന്നുവെന്നും ചിൽഡ്രൻസ് പാർക്ക്, രാജാരവിവർമ്മ കമ്മ്യൂണിറ്റി ഹാൾ, പഞ്ചായത്ത് ലൈബ്രറി, ഷോപ്പിംഗ് കോംപ്ലക്സ് മുതലായവ അപകടാവസ്ഥയിലാണെന്നും ആയതിനാൽ ടി പഞ്ചായത്തിന് ലഭിച്ച ISO അംഗീകാരവും റദ്ദാക്കണമെന്നും പൊതുമുതൽ മോഷണം, കൊള്ളയടിക്കൽ, ഭീഷണിപ്പെടുത്തൽ തുടങ്ങിയവ ചെയ്ത മെമ്പർമാർക്കെതിരെ കേസ് എടുക്കണമെന്നും ആവശ്യപ്പെട്ട് 15/07/2019-ന് സമിതിയ്ക്ക് അപേക്ഷ നൽകിയിരുന്നു. വ്യക്തമായ മേൽവിലാസം രേഖപ്പെടുത്താതെ സമർപ്പിച്ച ഹർജി വിഷയത്തിന്റെ ഗൗരവവും പൊതുപ്രാധാന്യവും പരിഗണിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പരാതി 29/07/2019-ന് ആഭ്യന്തരം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലേക്കയച്ചിരുന്നു.

ആയതിന് ആഭ്യന്തര (എം) വകുപ്പ് 24.01.2020 തീയതിയിലെയും തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ് 04.06.2020 തീയതിയിലെയും കത്തുകൾ മുഖേന ലഭ്യമാക്കിയ റിപ്പോർട്ടുകൾ താഴെപ്പറയും പ്രകാരമായിരുന്നു.

<u>ആഭ്യന്തര വകുപ്പിന്റെ റിപ്പോർട്ട്</u>

പ്രസ്തുത പരാതിവിഷയത്തിൽ സെക്രട്ടറിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിൽ നിന്നും തടി കാണാതായതിലേക്ക് കിളിമാനൂർ പോലീസ് സ്റ്റേഷൻ ക്രൈം 932/2019 U/s 447, 427 വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, അന്വേഷണത്തിൽ തടി മോഷണം നടന്നതായി കണ്ട് സെക്ഷൻ വ്യത്യാസപ്പെടുത്തി 379 & 34 IPC ആക്കിയിട്ടുള്ളതും, പഴയകുന്നിന്മേൽ ചെമ്പകശ്ശേരി മൂന്നാം വാർഡ് മെമ്പർ ഷിബുവിനെയും, ചെമ്പകശ്ശേരി കുന്നിൽ വീട്ടിൽ വിനോദിനേയും പ്രതിസ്ഥാനത്തു ചേർത്ത് അറസ്റ്റ് ചെയ്ത് ബഹു.കോടതി മുൻപാകെ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത പരാതിയിന്മേൽ പഴയകുന്നുമ്മേൽ പഞ്ചായത്ത് പ്രസിഡന്റിനോട് പരാതിയിലെ മറ്റ് ആരോപണങ്ങളിൽ ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പരാതിവിഷയത്തിൽ ആഭ്യന്തര വകുപ്പ് സ്വീകരിക്കേണ്ട നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് ആരോപണങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്.

<u>തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ട്</u>

തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തട്ടത്തുമല ബഡ്സ് സ്കൂൾ വളപ്പിൽ നിന്നിരുന്ന ഈട്ടിമരം 17.07.2017 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 3 (15) നമ്പർ തീരുമാനപ്രകാരം ബഡ്സ് സ്കൂൾ കോമ്പൗണ്ടിൽ മുറിച്ചിട്ടിരുന്നു. അപകടാവസ്ഥയിൽ ഉണങ്ങി നിന്നിരുന്ന ഈട്ടി മരം മുറിച്ച് മാറ്റണമെന്ന വാർഡ് മെമ്പർ ശ്രീ. ഷിബുവിന്റെ

അപേക്ഷ കമ്മിറ്റി ചർച്ച ചെയ്യുകയും മുറിച്ചു മാറ്റുന്നതിന് ഐകകണ്ഠേന തീരുമാനം എടുത്തിട്ടുള്ളതുമാണ്. ടി തടിയുടെ മൂല്യനിർണ്ണയം നടത്തുന്നതിന് സോഷ്യൽ ഫോറസ്ട്രി വകുപ്പിലേക്ക് കത്ത് നൽകിയിരുന്നുവെങ്കിലും സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റിൽ നിന്നും വാല്യുവേഷൻ സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ലഭിച്ചതായി കാണുന്നില്ല.

ആയതിനു ശേഷം ടി തടികൾ നഷ്ടപ്പെടുകയും തടികൾ കാണാതായത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും കുറ്റക്കാരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനും നഷ്ടപ്പെട്ടവ വീണ്ടെടുക്കുന്നതിനും വേണ്ടി 11.07.2019 തീയതിയിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി കനകമണി കിളിമാനൂർ സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ് മുമ്പാകെ അനുബന്ധരേഖകൾ സഹിതം കേസ് രജിസ്റ്റർ ചെയ്യുന്നതിന് കത്ത് സമർപ്പിക്കുകയും 11.07.2019 തീയതി തന്നെ കിളിമാനൂർ എസ്.എച്ച്.ഒ. ടി വിഷയത്തിൽ തയ്യാറാക്കിയ പ്രാഥമിക വിവര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് രണ്ട് പ്രതികളെ അറസ്റ്റ് ചെയ്യുകയും തുടർന്ന് ടി പ്രതികൾക്ക് ജാമ്യം അനുവദിക്കുകയും പിടിച്ചെടുത്ത പടി നിലവിൽ തൊണ്ടി മുതലായി കിളിമാനൂർ പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്. നിലവിൽ ബഹു. ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, ആറ്റിങ്ങൽ കോടതിയിൽ കേസ് തുടർന്ന് വരികയുമാണ്.

പരാതിയിൽ പരാമർശിക്കും പ്രകാരം ടി കാലയളവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ചിരുന്ന ആളും നിലവിലെ അസിസ്റ്റന്റ് സെക്രട്ടറിയുമായ ശ്രീമതി കനകമണി എന്നവർക്ക് വാർഡ് മെമ്പർമാരിൽ നിന്നും വധഭീഷണി ഉൾപ്പെടെ നിരന്തരമായി ഫോണിൽ ഭീഷണിയുണ്ടാകുന്ന എന്നതു സംബന്ധിച്ച് ശ്രീമതി കനകമണിയോട് അന്വേഷിച്ചതിൽ തനിക്ക് അത്തരം ഭീഷണികൾ ലഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

മറ്റൊരു പരാതി ഐ.എസ്.ഒ. അംഗീകാരം ലഭിച്ച പഞ്ചായത്ത് പരിധിക്കുള്ളിൽ രാത്രികാലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റുകളോ സ്ട്രീറ്റ് ലൈറ്റുകളോ പ്രകാശിക്കുന്നില്ലായെന്നും കിളിമാനൂർ ജംഗ്ഷനിൽ പ്രവർത്തിക്കുന്ന കംഫർട്ട് സ്റ്റേഷൻ പ്രവർത്തനരഹിതമായി കാടു പിടിച്ചു നശിച്ചു കിടക്കുന്നു, പഞ്ചായത്ത് ബസ്റ്റാന്റ് ഗ്രൗണ്ടിലുള്ള ചിൽഡ്രൻസ് പാർക്ക് കാടു കയറി ഉപയോഗശൂന്യമായി കിടക്കുന്നു, ഐ.എസ്.ഒ. അംഗീകാരം ലഭിച്ച പഴയകുന്നുമ്മൽ ലൈബ്രറി, എന്നിവയുടെ ഭിത്തിയിൽ മരം വളർന്ന് ഭിത്തി പിളർന്നിരിക്കുന്നു, പഞ്ചായത്ത് ലോഡ്ജ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം അപകടാവസ്ഥയിലാണ് എന്നുമാണ്. ആയത് സംബന്ധിച്ച് പരിശോധന നടത്തിയതിൽ ടി ആരോപണങ്ങൾ ഏറെക്കുറെ വസ്തുതാപരമാണെന്ന്

കാണുകയും ടി അപാകതകൾ അടിയന്തിരമായി പരിഹരിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പരാതിയിലെ മറ്റൊരു ആവശ്യം ഗ്രാമപഞ്ചായത്തിന് ലഭിച്ച ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ റദ്ദാക്കണമെന്നുള്ളതാണ്. ഐ.എസ്.ഒ. പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളിലെ കാര്യക്ഷമതയുമായി ബന്ധപ്പെട്ടതായതിനാൽ പരാതിയിൽ ഉന്നയിച്ചിട്ടുള്ള അപാകതകളുമായി ബന്ധപ്പെടുത്താൻ കഴിയില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

പ്രസ്തുത റിപ്പോർട്ടുകൾ 27.01.2021-ലെ സമിതിയോഗം പരിഗണിക്കുകയും സമിതി നിർദ്ദേശപ്രകാരം ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

## VI. <u>ആഭ്യന്തര വകുപ്പ് & പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്</u>

**8. <u>എതിർകക്ഷികളുടെ പീഢനത്തിൽ നിന്ന് രക്ഷിക്കണമെന്നും നിയമനടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് മാസ്റ്റർ അരുൺ, മാസ്റ്റർ രുപീഷ്, ശ്രീ. സുധീഷ്, ശ്രീ. രാജേഷ്, ഇടുക്കി എന്നിവർ സമർപ്പിച്ച ഹർജി.</u>**

**(ഫയൽ നമ്പർ 18436/ഹർജി ബി1/2018/നി.സെ.)**

പ്രായപൂർത്തിയാകാത്തവരും കൂലിപ്പണിക്കാരും ഉൾപ്പെടുന്ന ഹർജിക്കാരെ എതിർ കക്ഷികളായ ശ്രീ. ജീമോൻ, ശ്രീ. ഷാജി, ശ്രീ. ഉണ്ണികൃഷ്ണൻ എന്നിവർ കഴിഞ്ഞ മൂന്ന് വർഷങ്ങളായി, മദ്യം വാങ്ങി നിർബന്ധപൂർവ്വം കുടിപ്പിക്കുകയും വിസമ്മതിക്കുന്ന പക്ഷം മർദ്ദിക്കുകയും ചെയ്തുവെന്നും മർദ്ദനം ഭയന്ന് മദ്യപിച്ച് ബോധരഹിതരാകുന്ന ഹർജിക്കാരെ പ്രകൃതിവിരുദ്ധ പീഡനത്തിനിരയാക്കുകയും ചെയ്യുന്നുവെന്നും പീഡനത്തെതുടർന്ന് ഹർജിക്കാരുടെ പഠനം നിറുത്തേണ്ടിവന്നുവെന്നും സ്കൂളിൽ പോകാൻ അനുവദിയ്ക്കാതെ നിർബന്ധപൂർവ്വം ഓട്ടോയിൽ കയറ്റികൊണ്ട് പോയി മദ്യം നൽകി പീഡിപ്പിക്കുകയും മർദ്ദിക്കുകയും ചെയ്യാറുണ്ടായിരുന്നുവെന്നും, പീഡനവിവരം പുറത്ത് പറയുമെന്ന് പറഞ്ഞപ്പോൾ മറ്റ് എതിർകക്ഷികളെ കൂട്ടി ഹർജിക്കാരെ വഴിയിൽ തടഞ്ഞ് നിർത്തി കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി വീടുകയറി ആക്രമിച്ചുവെന്നും, തുടർന്നുണ്ടായ അടിപിടിക്കേസുകളിൽ ഹർജിക്കാർക്ക് നീതി ലഭിച്ചില്ലായെന്നും, 05.05.2018-ൽ ലഭിച്ച ഹർജിയിൽ ബോധിപ്പിച്ചിരിക്കുന്നു.

പട്ടികജാതി വിഭാഗത്തിൽപെടുന്ന ഹർജിക്കാരെ എതിർകക്ഷികൾ,

കൂലിപ്പണി കഴിഞ്ഞ് വരുന്ന വഴി ഒറ്റയ്ക്കും സംഘം ചേർന്നും ഉപദ്രവിക്കുന്നതുമൂലം ഹർജിക്കാർ കൂട്ട ആത്മഹത്യ ചെയ്യുവാൻ നിശ്ചയിച്ചിരിക്കുവാണെന്നും എതിർ കക്ഷികളുമായുണ്ടായ അടിപിടിക്കേസിൽ ഭരണകക്ഷിയുടെ സ്വാധീനത്താൽ ഹർജിക്കാർക്ക് നീതി ലഭിച്ചില്ലെന്നും പോലീസ് കസ്റ്റഡിയിലായ ഹർജിക്കാരെ എസ്.ഐ.യുടെ അഭാവത്തിൽ രണ്ട് പോലീസ് കോൺസ്റ്റബിൾമാർ ക്രൂരമായി ഉപദ്രവിച്ചുവെന്നും പ്രസ്തുത പോലീസുകാരുടെ പേര് വിവരം അറിയില്ലെന്നും ആയതിനാൽ, നിരന്തരം പീഡിപ്പിക്കുന്ന എതിർകക്ഷികൾക്കും, ഉപദ്രവിച്ച സിവിൽ പോലീസ് ഓഫീസർമാർക്കുമെതിരെ നിയമ നടപടി സ്വീകരിച്ച് ടിയാൾക്കാർക്ക് ശിക്ഷ ഉറപ്പാക്കണമെന്നാണ് ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്.

ടി ഹർജി റിപ്പോർട്ടിനായി 9.5.2018-ൽ ആഭ്യന്തരം, പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളിലേയ്ക്കയച്ചതിനെത്തുടർന്ന് ആഭ്യന്തര(ഡി) വകുപ്പ് 01.02.2019-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ പരാതി കക്ഷികളിലൊരാളായ ശ്രീ. രൂപീഷിന്റെ മൊഴി പ്രകാരം വണ്ടൻമേട് പോലീസ് സ്റ്റേഷനിൽ ക്രൈം 231/2018 U/S 377 506(1), 34 IPC & 3 (d), 5 (1) of Pocso Act 3(1) (e), 3(2) of SC/ST Act പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ 9 പേരെ പ്രതികളാക്കി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ 2 മുതൽ 9 വരെയുള്ള എതിർകക്ഷികൾ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് വെളിവായിട്ടുള്ളതിനാൽ ടിയാരെ പ്രതിവർഗ്ഗത്തിൽ നിന്ന് കുറവ് ചെയ്തിട്ടുള്ളതും ഒന്നാം പ്രതിയായ ജീമോനെ നിയമാനുസരണം ബഹു. കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തിട്ടുള്ളതും ടി കേസിന്റെ അന്വേഷണം പൂർത്തിയാക്കി പ്രതിക്കെതിരെ കുറ്റപത്രം തയ്യാറാക്കി ബഹു. തൊടുപുഴ സെഷൻസ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണെന്നും പരാതികക്ഷികളിലൊരാളായ ശ്രീ. സുധീഷിന്റെ മൊഴി പ്രകാരം വണ്ടൻമേട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 236/2018 U/S 341, 323, 377, 34 IPC കേസിൽ രണ്ടും, മൂന്നും പ്രതികളായി പറഞ്ഞിട്ടുള്ളവർ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് വെളിവായിട്ടുള്ളതിനാൽ ടിയാരെ പ്രതിവർഗ്ഗത്തിൽ നിന്ന് കുറവ് ചെയ്ത് കേസിന്റെ അന്വേഷണം പൂർത്തിയാക്കി ഒന്നാം പ്രതിക്കെതിരെ കുറ്റപത്രം തയ്യാറാക്കി ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണെന്നും അറിയിച്ചിരുന്നു.

കൂടാതെ പരാതിക്കാരെ പോലീസ് ദേഹോപദ്രവം ഏൽപ്പിച്ചുവെന്ന

പരാതിക്കാര്യത്തിലേയ്ക്ക് നടത്തിയ അന്വേഷണത്തിൽ, ഇടുക്കി SP-യ്ക്ക് കൊടുക്കുന്നതിന് ശ്രീ. പീതാംബരൻ എന്നയാൾ തയ്യാറാക്കിയ പരാതി തങ്ങൾ വായിക്കാതെയാണ് ഒപ്പിട്ടതെന്നും, പോലീസുകാർ ആരും തന്നെ ചീത്ത വിളിക്കുകയോ, ഉപദ്രവിക്കുകയോ ചെയ്തിട്ടില്ലായെന്ന്, തങ്ങൾ കട്ടപ്പന DySP-യ്ക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ എതിർകക്ഷികൾക്കെതിരെ വണ്ടൻമേട് പോലീസ് കേസെടുത്തിരുന്നുവെന്നും, ഇപ്പോൾ പോലീസിനെതിരെ പരാതിയൊന്നും ഇല്ലായെന്നും മറ്റും പരാതികക്ഷികൾ മൊഴി നൽകിയിട്ടുള്ളതിൽ നിന്നും വണ്ടൻമേട് പോലീസ് സ്റ്റേഷനിലെ പോലീസുകാർ ആരും തന്നെ പരാതിക്കാരെ ദേഹോപദ്രവം ഏൽപ്പിച്ചിട്ടില്ലായെന്നും, ഇവരുടെ പരാതിയിൽ പോലീസ് ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ് എന്നും കട്ടപ്പന ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് 27.2.2019 തീയതിയായി ഹർജിക്കാർക്ക് അയച്ചുകൊടുത്തിരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ് 27.3.2019 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ടിൽ പരാതിയിൽ കട്ടപ്പന പോലീസ് സൂപ്രണ്ട് മുഖാന്തരം അന്വേഷണം നടത്തി വരുന്നതും 2-ാം പരാതിക്കാരനായ കെട്ടുകോവിൽ രാജൻ മകൻ രൂപീഷ് (17 വയസ്സ്) എന്നയാളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ വണ്ടൻമേട് പോലീസ് 231/218 ക്രൈം നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും 1-ാം പ്രതിയായ ജീമോനെ 15/05/2018 തീയതി നിയമാനുസൃതം അറസ്റ്റ് ചെയ്ത് ബഹുമാനപ്പെട്ട കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും കോടതി ടിയാനെ റിമാന്റ് ചെയ്ത് ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടിട്ടുള്ളതുമാണെന്നും 3-ാം പരാതിക്കാരനായ മരുതോലക്കടി വീട്ടിൽ സുഗതൻ മകൻ സുധീഷ് (19 വയസ്സ്) എന്നയാളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ വണ്ടൻമേട് പോലീസ് 21.05.2018 തീയതിയിൽ 238/2018 ക്രൈം നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ജീമോൻ, ലണ്ടൻ ഷാജി, അനുമോൻ, രാജേഷ്, സുമേഷ്, രതീഷ്, പ്രസാദ്, സാബു, ഷിനു എന്നിവരെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതാണെന്നും ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന വിവരം സമിതി മുൻപാകെ ബോധിപ്പിച്ചുകൊള്ളുന്നുവെന്നും അറിയിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ ക്രൈം നമ്പറിൽ വ്യക്തത ഇല്ലാതിരുന്നതിനാൽ തിരുത്തൽ വരുത്തിയ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി 12.4.2019 ൽ കത്ത് ടി

വകുപ്പിന് അയച്ചു. തുടർന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ് 11.8.2020 തീയതിയിലായി ലഭ്യമാക്കിയ റിപ്പോർട്ടിൽ പരാതിയിൽ വണ്ടൻമേട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 231/18 U/S 377, 506 (1), 34 IPC & 3(d), 5 (1) of POCSO Act, 3(1) (e), 3(2) of SCST Act ക്രൈം നമ്പർ 236/18 U/S 341, 323, 377, 34 IPC എന്നിവ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്നും കൂടാതെ തൊടുപുഴ സെഷൻസ് കോടതിയിൽ വിചാരണ നടപടികൾ ആരംഭിച്ചിട്ടുള്ളതായുള്ള വിവരവും അറിയിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടുകൾ 01.03.2021-ലെ സമിതി യോഗം പരിഗണിക്കുകയും ഹർജിയിന്മേൽ ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് വിവരം ഹർജിക്കാരെ അറിയിച്ചിട്ടും പ്രതികരണമില്ലാത്തതിനാൽ സമിതി നിർദ്ദേശ പ്രകാരം പട്ടിക വർഗ്ഗ വികസന (എഫ്) വകുപ്പ് 11.08.2020 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിച്ചതിനു ശേഷം ഫയൽ നടപടികൾ അവസാനിപ്പിക്കുകയുണ്ടായി.

## VII. തൊഴിലും നൈപുണ്യവും വകുപ്പ്.

### 9. പെൻഷൻ കുടിശ്ശിക ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീമതി വി. വസന്ത സമർപ്പിച്ച ഹർജി.

**(ഫയൽ നം. 17301/ഹർജി ബി1/2020/നി.സെ.)**

ഹർജിക്കാരിക്ക് 2015-ൽ അനുവദിച്ച തയ്യൽ തൊഴിലാളി ക്ഷേമനിധി പെൻഷൻ 2020 ആയിട്ടും നാളിതുവരെയും കുടിശ്ശിക തീർത്ത് ലഭ്യമായിട്ടില്ലെന്നും, ആയതിനായി ജില്ലാ ലേബർ ഓഫീസിൽ അന്വേഷിച്ച് ചെല്ലുമ്പോൾ വഞ്ചിയൂരിലെ ഓഫീസിൽ അന്വേഷിയ്ക്കാൻ പറയുമെന്നും, നെല്ലിമൂട് അക്ഷയയിൽ മസ്റ്ററിംഗിനു പോയപ്പോൾ അവിടെയും പെൻഷനിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് അറിയിച്ചതായും ഹർജിക്കാരി ഹൃദയസംബന്ധമായ രോഗമുള്ളവരും ഭർത്താവ് വികലാംഗനുമാണെന്നും വികലാംഗ പെൻഷനും വാർദ്ധക്യകാല പെൻഷനും മാത്രമാണ് ഏകവരുമാനമെന്നും മരുന്ന് വാങ്ങാനും മറ്റും വേറെ വരുമാനമാർഗ്ഗങ്ങളൊന്നുമില്ലെന്നും ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

ഹർജി റിപ്പോർട്ടിനായി 17.06.2020-ലെ കത്തുമുഖേന തൊഴിലും

നൈപുണ്യവും വകുപ്പിലേക്കയച്ചതിന് തൊഴിലും നൈപുണ്യവും (ബി) വകുപ്പിൽ നിന്നും 16.10.2020-ലെ ബി1/110/2020/തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ച റിപ്പോർട്ടിൽ 'കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതി നിലവിൽ വന്ന ശേഷം 04/2019 മുതലാണ് അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാബോർഡിൽ നിന്നും പെൻഷൻ അനുവദിച്ച് നൽകിയിരുന്നതെന്നും പ്രസ്തുത കാലയളവിന് മുൻപ് ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസ് മുഖാന്തരമാണ് ക്ഷേമനിധി പെൻഷൻ അനുവദിച്ച് വന്നിരുന്നതെന്നും പെൻഷൻ വിതരണം സുഗമമാക്കുന്നതിന് ഏർപ്പെടുത്തിയ സേവന സോഫ്റ്റ് വെയറിൽ ശ്രീമതി വി. വസന്തയുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യിട്ടില്ലാതിരുന്നതിനാൽ പരാതിക്കാരിയ്ക്ക് 04/2019-ന് ശേഷം പെൻഷൻ അനുവദിച്ചിരുന്നില്ലായെന്നും മാത്രമല്ല 2/2017-ന് ശേഷം സേവന സോഫ്റ്റ്‌വെയറിൽ ഒരാൾക്ക് ഒരു പെൻഷൻ മാത്രമേ ഉൾപ്പെടുത്താൻ സാധിക്കുമായിരുന്നുള്ളുവെന്നും 02/2017-ന് മുൻപ് പെൻഷനായവരുടെ വിവരങ്ങൾ ഉൾപ്പെടുത്താൻ സാധിക്കുന്ന തരത്തിൽ സോഫ്റ്റ് വെയറിൽ മാറ്റം വരുത്തിയിട്ടുണ്ടെന്ന് ഇൻഫർമേഷൻ കേരള മിഷനിൽ നിന്ന് അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ അറിയിക്കുകയും ആയതിൻ പ്രകാരം ശ്രീമതി വി. വസന്തയുടെ പേര് 223433153-ാം നമ്പർ പെൻഷണറായി ഉൾപ്പെടുത്തുകയും 2019 ആഗസ്റ്റ് മാസം മുതൽ പെൻഷൻ നൽകി വരുകയും ചെയ്യുന്നുണ്ടെന്നും കുടിശ്ശിക പെൻഷൻ തുക അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ് സ്വീകരിച്ച് വരുന്നുവെന്നും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 10.08.2021-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിച്ച ശേഷം നടപടി അവസാനിപ്പിച്ചിട്ടുള്ളതുമാണ്.

**10. <u>സ്വയം തൊഴിലിൽ ഏർപ്പെട്ട് വരുമാനമാർഗ്ഗം ഉണ്ടാക്കുന്നതിന് ധനസഹായം നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി ബിന്ദു, കിഴുവിലം സമർപ്പിച്ച ഹർജി</u>**

**(ഫയൽ നമ്പർ 21995/ഹർജി ബി2/2016/നി.സെ.)**

ഹർജിക്കാരിക്ക് സ്ഥിരമായ ഒരു വരുമാനമോ തൊഴിലോ ഇല്ലെന്നും രണ്ട് കുട്ടികളുടേയും 60% മാനസിക വൈകല്യമുള്ള ഭർത്താവിന്റേയും ദൈനംദിന

കാര്യങ്ങൾക്കും ഭക്ഷണത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും യാതൊരു മാർഗ്ഗവുമില്ലാതെ കഷ്ടപ്പെടുകയാണെന്നും ആയതിനാൽ ഹർജിക്കാരിക്ക് സ്വയം തൊഴിൽ കണ്ടെത്തുവാൻ ആവശ്യമായ മൂലധനം നൽകി സഹായിക്കണമെന്നും ടിയാൾ 04.11.2016 ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരിക്കുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 18.11.2016 ൽ തൊഴിലും നൈപുണ്യവും വകുപ്പിന് അയച്ച് കൊടുത്തതിനെ തുടർന്ന് ടി വകുപ്പ് 16.02.2017 ലെ 1031838/എച്ച്1/16/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ തൊഴിലും നൈപുണ്യവും വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം നിലവിൽ നാല് സ്വയംതൊഴിൽ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടെന്നും ശ്രീമതി ആർ.ബിന്ദു അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ടിയാൾക്ക് ഏറ്റവും അനുയോജ്യമായ സ്വയംതൊഴിൽ പദ്ധതി എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നടപ്പാക്കി വരുന്ന കെസ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്) സ്വയംതൊഴിൽ പദ്ധതിയാണെന്നും പ്രസ്തുത പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് പ്രോജക്ട് പരിശോധിച്ച് പരമാവധി 20,000/- രൂപ സബ്സിഡിയായി അനുവദിക്കുന്നുവെന്നും ഈ പദ്ധതി ബാങ്കുമായി ബന്ധപ്പെട്ട് നടപ്പാക്കിവരുന്ന പദ്ധതി ആയതിനാൽ വായ്പാ തുകയ്ക്ക് പലിശ നൽകേണ്ടതായിട്ടുണ്ടെന്നും കൂടാതെ, എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം സർക്കാർ ഭിന്നശേഷിക്കാർക്കായി ഈ സാമ്പത്തിക വർഷം 'കൈവല്യ' എന്ന പേരിൽ ഒരു പുതിയ സ്വയംതൊഴിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് സർക്കാർ പരമാവധി 50,000/- രൂപ വരെ പലിശ രഹിത വായ്പ അനുവദിക്കുന്നുണ്ടെന്നും വായ്പാ തുകയുടെ 50% പരമാവധി 25,000/- രൂപ സബ്സിഡിയായി അനുവദിക്കുന്നതാണെന്നും ഭിന്നശേഷിക്കാരായവർക്ക് സ്വന്തമായി സംരംഭം നടത്തിക്കൊണ്ട് പോകാൻ കഴിയാത്തത്ര അംഗവൈകല്യമുള്ള പക്ഷം അടുത്ത ഒരു ബന്ധുവിനെ കൂടി (മാതാവ്/പിതാവ്/ഭർത്താവ്/ഭാര്യ) ഉൾപ്പെടുത്തി വായ്പ അനുവദിക്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ ശ്രീമതി ബിന്ദുവിനും ഭർത്താവിനും കൂടി ചേർന്ന് 'കൈവല്യ' പദ്ധതി പ്രകാരമുള്ള സ്വയംതൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണെന്നും ടി

പദ്ധതികളുടെ അപേക്ഷാ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും ടിയാൾക്ക് അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ സമീപിക്കാവുന്നതാണെന്നും എംപ്ലോയ്മെന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

ടി റിപ്പോർട്ടിലെ വിവരം 23.2.2017 ൽ ഹർജിക്കാരിയെ അറിയിച്ചതിനെ തുടർന്ന് ടിയാൾ 21.3.2017-ൽ പ്രതികരണ ഹർജി സമർപ്പിച്ചിരുന്നു. സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത ഹർജിക്കാരിക്ക് ബാങ്കിൽ സെക്യൂരിറ്റി നൽകാൻ കഴിയാത്തതിനാൽ ബാങ്കിൽ നിന്നും വായ്പ ലഭിക്കുകയില്ലെന്നും ഗവൺമെന്റിന്റെ പുതിയ പദ്ധതിയായ 'കൈവല്യ' പദ്ധതിയുടെ ആനുകൂല്യം പ്രയോജന പ്പെടുത്തുന്നതിന് സുഖമില്ലാത്ത ഭർത്താവിനെ സഹകരിപ്പിക്കുവാൻ കഴിയില്ല എന്നും ആയതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സൗജന്യമായി ഒരു ലക്ഷം രൂപ അനുവദിച്ചു കിട്ടുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നും പ്രതികരണ ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ഹർജിയിന്മേൽ തൊഴിൽ (എച്ച്) വകുപ്പ് ലഭ്യമാക്കിയ 16.02.2017-ലെ കത്തു മുഖേനയുള്ള റിപ്പോർട്ടും ഹർജിക്കാരിയുടെ 21.03.2017-ലെ പ്രതികരണ ഹർജിയും 20.09.2017-ലെ സമിതിയോഗം പരിഗണിക്കുകയും ഹർജിക്കാരിക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം ലഭ്യമാക്കുന്നതിന് സത്വര നടപടിയുണ്ടാകണമെന്ന സമിതി ശിപാർശയോടെ പ്രതികരണ ഹർജി സർക്കാരിലേക്ക് അയച്ചുകൊടുക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ആയതിൻ പ്രകാരം സമിതിയുടെ മേല്പറഞ്ഞ ശിപാർശയോടെ ഹർജിക്കാരിയുടെ 21.03.2017-ലെ പ്രതികരണ ഹർജി, ടിയാൾ സമർപ്പിച്ച 31.10.2017-ലെ തുടർഹർജി എന്നിവ തുടർ നടപടിയ്ക്കായി 13.11.2017-ലെ കത്ത് മുഖേന ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് അയച്ചുകൊടുക്കുകയുണ്ടായി.

18.07.2018-ൽ ചേർന്ന സമിതിയോഗം ടി ഹർജി വിഷയം പരിഗണിക്കുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഹർജിക്കാരിക്ക് സഹായധനം അനുവദിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര രൂപയാണ് അനുവദിച്ചതെന്നും ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിനോട് ആരായുവാനും ടി വിവരങ്ങൾ ലഭിച്ചതിനുശേഷം ഫയൽ നടപടി അവസാനിപ്പിക്കുവാനും തീരുമാനിച്ചിരുന്നു. തുടർന്ന് ടി വിവരം

26.09.2018-ന് (DRF-A) റവന്യൂ വകുപ്പിനെ അറിയിക്കുകയും ചെയ്തു. പ്രസ്തുത ഹർജി തുടർ നടപടികൾക്കായി റവന്യൂ (ഡി.ആർ.എഫ്) വകുപ്പിന് കൈമാറിയതായി ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും അറിവായതിനെ തുടർന്ന് ടി വകുപ്പിനോടും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. അതിൻ പ്രകാരം റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് ലഭ്യമാക്കിയ 18.01.2019-ലെ 374/ഡി.ആർ.എഫ്-എ 1/18/റവ. നമ്പർ കത്തു മുഖേനയുള്ള റിപ്പോർട്ടിൽ ശ്രീമതി ബിന്ദു, കിഴവലം എന്നയാൾക്ക് (D 180905779 അപേക്ഷ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 12.12.2018 തീയതിയിലെ സ.ഉ.(സാധാ) നം.5125/ 20182 റവ. പ്രകാരം 15,000/- രൂപ അനുവദിച്ചിട്ടുണ്ടെന്നും പതിനയ്യായിരം രൂപ 26.12.2018-ന് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 30.04.2019-ലെ സമിതിയോഗം റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിച്ച് ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിച്ചിരുന്നു. തുടർന്ന് ഹർജി വിഷയം സംബന്ധിച്ച് ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ ഫോറം ചെയർമാൻ 06.05.2019-ൽ സമർപ്പിച്ച കത്ത് 08.05.2019-ലെ സമിതിയോഗം പരിഗണിക്കുകയും, ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുമ്പോൾ, പ്രസ്തുത വിവരം ബന്ധപ്പെട്ട അപേക്ഷകരെ കൂടി അറിയിക്കണമെന്ന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുവാൻ തീരുമാനിക്കുകയും ചെയ്തതിനെ തുടർന്ന് 19.07.2019-ന് പ്രസ്തുത വകുപ്പിനെ അറിയിച്ചതിനെത്തുടർന്ന് റവന്യൂ (DRFA) വകുപ്പ് 16.12.2020-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ താഴെപ്പറയും പ്രകാരം അറിയിച്ചിരുന്നു.

"മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നത് മുതൽ ഓരോ ഘട്ടത്തിലും അപേക്ഷയുടെ തൽസ്ഥിതി സംബന്ധിച്ച സന്ദേശം എസ്.എം.എസ്/ ഇ-മെയിലിലൂടെ അപേക്ഷകന് ലഭിക്കുന്ന തരത്തിലുള്ള സൗകര്യം CMDRF പോർട്ടലിൽ ഉൾപ്പെടുത്തുവാൻ സിഡിറ്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ ഓഫീസിലേക്ക് അപേക്ഷ കൈമാറ്റം ചെയ്യപ്പെടുമ്പോഴും കൂടുതൽ രേഖകൾ ആവശ്യപ്പെടുമ്പോഴും സഹായം അനുവദിച്ച് സർക്കാർ ഉത്തരവ് ആകുന്ന അവസരത്തിലും ജില്ലാ കളക്ടർ സഹായം അനുവദിക്കുന്ന അവസരത്തിലും ബാങ്ക് അക്കൗണ്ടിൽ തുക ക്രെഡിറ്റ് ആകുമ്പോഴും Payment fail

ആകമ്പോഴും അപേക്ഷ നിരസിക്കുമ്പോൾ ആയതിനുള്ള കാരണം രേഖപ്പെടുത്തിയും എസ്.എം.എസ്/ഇ-മെയിലിലൂടെ സന്ദേശം നൽകുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. പ്രസ്തുത സൗകര്യങ്ങൾ പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സി-ഡിറ്റ് സ്വീകരിച്ച് വരുന്നുണ്ട്."

പ്രസ്തുത റിപ്പോർട്ട് 10.08.2021-ലെ സമിതിയോഗം പരിഗണിക്കുകയും ഫയലിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

## VIII <u>റവന്യൂ വകുപ്പ്</u>

### 11. <u>കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ലിജോ ഫ്രാൻസിസ് സമർപ്പിച്ച ഹർജി.</u>

**(ഫയൽ നം. 14646/ഹർജി സി1/2015/നി.സെ.)**

ഇൻഡ്യൻ എയർഫോഴ്സിൽ ജോലി ചെയ്യുന്ന ഹർജിക്കാരൻ 28.01.2009-ൽ ഉടുമ്പൻചോല താലൂക്കിൽ ചക്കുപള്ളം വില്ലേജിൽ കടശ്ശിക്കടവ് കരയിൽ സർവ്വെ 15/1-ൽപ്പെട്ട 7 സെന്റ് വസ്തു കൈമാറ്റ ഉടമ്പടി പ്രകാരം വാങ്ങിയെന്നും ടി വസ്തുവിന് മുൻകൈവശക്കാരിക്ക് പട്ടയം ലഭിച്ചിട്ടില്ലാ ത്തതിനാൽ പട്ടയത്തിന് ബന്ധപ്പെട്ട അധികാരികൾക്ക് അപേക്ഷ നൽകിയെങ്കിലും നാളിതുവരെ പട്ടയം അനുവദിച്ച് കിട്ടിയില്ലെന്നും പട്ടയത്തിന് അപേക്ഷിച്ചിരിക്കുന്ന സ്ഥലം സംബന്ധിച്ച എൽ.ആർ.-ന്റെ 25-ാം കോളത്തിൽ പുൽമേട് എന്ന് രേഖപ്പെടുത്തിക്കാണുന്നതും അപ്രകാരമുള്ള സ്ഥലങ്ങൾ 01.01.1977-ന് മുൻപ് കൃഷി ഇല്ലാതിരുന്നവയാണെന്നും ആയതിന് പട്ടയം നൽകുന്നതിന് പ്രത്യേക സർക്കാർ ഉത്തരവോ നിയമഭേദഗതിയോ ആവശ്യമായതിനാൽ തുടർ നടപടികൾ സാദ്ധ്യമല്ലെന്നും കാണിച്ച് നെടുങ്കണ്ടം റീസർവ്വേ സൂപ്രണ്ട് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ആയതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് പരിമിതികൾ ഉണ്ടെന്നും അറിയിച്ചുകൊണ്ട് കളക്ടറുടെ ഓഫീസിൽ നിന്ന് കത്ത് കിട്ടിയെന്നും പ്രസ്തുത വസ്തുവിന് ചുറ്റുമുള്ള വസ്തുക്കൾക്ക് പട്ടയം ലഭിച്ചിട്ടുള്ളതാകയാൽ ഉദ്യോഗസ്ഥർ മനഃപൂർവ്വം ടി വസ്തുവിന് പട്ടയം അനുവദിക്കാത്തതാണെന്നും ആയതിനാൽ സമിതി ഇടപെട്ട് പ്രസ്തുത ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് 07.03.2015-ന് സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 20.04.2015-ൽ റവന്യൂ വകുപ്പിനയച്ചു കൊടുക്കുകയും റവന്യൂ (എ) വകുപ്പ് 21.12.2017-ലെ കത്ത് മുഖേന സമിതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ടി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. ലിജോ ഫ്രാൻസിസ് എന്നയാൾ ചക്കുപള്ളം വില്ലേജിലുള്ള സ്ഥലത്തിനല്ല നെടുങ്കണ്ടം ഭൂമി പതിവ് സ്പെഷ്യൽ തഹസീൽദാർ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നതെന്നും, ടിയാന്റെ കൈവശമുള്ള വണ്ടൻമേട് വില്ലേജിലെ റീസർവ്വേ ബ്ലോക്ക് നം.70-ൽ ഉൾപ്പെട്ടതും സർവ്വേ നം255/30-ൽ ഉൾപ്പെട്ട 0.0300 ഹെക്ടർ (7 സെന്റ്) സ്ഥലത്തിന് പട്ടയം ലഭിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരുന്നതെന്നും, ടി അപേക്ഷയിന്മേൽ തുടർ നടപടി സ്വീകരിച്ച് എൽ.എ. നം.20/16 പതിവുത്തരവ് പ്രകാരം ടിയാൻ പട്ടയം കൈപ്പറ്റിയിട്ടുള്ളതാണെന്നും നെടുങ്കണ്ടം ഭൂമി പതിവ് തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് ഇടുക്കി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്."

റിപ്പോർട്ട് വിവരം ഹർജിക്കാരനെ 05.02.2018-ന് അറിയിക്കുകയും തുടർന്ന് ടിയാൻ 15.02.2018-ൽ പ്രതികരണ ഹർജി സമർപ്പിക്കുകയും ചെയ്തു.

സമിതിയുടെ ഇടപെടൽമൂലം പട്ടയം ലഭിച്ചതിൽ സമിതിയോടുള്ള നന്ദി ടിയാൻ അറിയിക്കുകയും കൂടാതെ റവന്യൂ (എ) വകുപ്പിന്റെ റിപ്പോർട്ടിലെ ക്ലറിക്കൽ പിഴവ് താഴെപ്പറയും പ്രകാരം ചൂണ്ടിക്കാണിക്കുകയും ആയത് തിരുത്തിക്കിട്ടണമെന്ന് അപേക്ഷിക്കുകയും ചെയ്തിരുന്നു.

| As per the Report of Revenue 'A' Dept. | As per PATTA received by the petitioner |
|---|---|
| Block No.70 | Block No.73 |
| 0.0300 hectre (7 cent) | 0.0300 hectre (.07 cent ) |

റവന്യൂ (എ) വകുപ്പിൽ നിന്നുള്ള മേല്പറഞ്ഞ റിപ്പോർട്ടും ഹർജിക്കാരന്റെ പ്രതികരണ ഹർജിയും 17.09.2019-ലെ സമിതയോഗം പരിഗണിക്കുകയും പ്രതികരണ ഹർജി റിപ്പോർട്ടിനയച്ച് അതിൽ ചൂണ്ടിക്കാണിച്ചിരുന്ന പ്രകാരം റവന്യൂ രേഖകളിൽ വന്ന തെറ്റ് തിരുത്തി നൽകുവാൻ റവന്യൂ വകുപ്പിനോട് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ ടി ശിപാർശ 03.01.2020-ൽ റവന്യ (എ) വകുപ്പിനെ അറിയിച്ചതിനെ തുടർന്ന് ടി വകുപ്പ് 30.01.2021-ലെ കത്തു മുഖേന റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ടി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പട്ടയം അനുവദിച്ച ഭൂമിയെ സംബന്ധിച്ചുള്ള റവന്യ രേഖകളിൽ വന്ന തെറ്റ് തിരുത്തി നൽകണമെന്ന ആവശ്യം ഉന്നയിച്ചു കൊണ്ട് ശ്രീ. ലിജോ ഫ്രാൻസിസ് ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച നിവേദനത്തിന്മേൽ, ഹർജിയിൽ ചൂണ്ടിക്കാണിച്ച പ്രകാരം റവന്യ രേഖകളിൽ വന്ന തെറ്റ് തിരുത്തി നൽകണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു.

വണ്ടൻമേട് വില്ലേജിൽ ബ്ലോക്ക് നമ്പർ 73-ൽപ്പെട്ട സർവ്വെ നമ്പർ 255/30 ൽ 0.0300 ഹെക്ടർ വസ്തുവിനാണ് ശ്രീ. ലിജോ ഫ്രാൻസിസ് പേരിൽ പട്ടയം അനുവദിച്ചിട്ടുള്ളത്. ടി ഓഫീസിലെ നമ്പർ II, നമ്പർ III രജിസ്റ്ററുകളിൽ ബ്ലോക്ക് 73-ന് പകരം ബ്ലോക്ക് 70 എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതായി കണ്ടതിനാൽ ടി പട്ടയ ഫയലിന്റെ അടിസ്ഥാനത്തിൽ നമ്പർ II, നമ്പർ III രജിസ്റ്ററുകളിൽ ബ്ലോക്ക് 70 എന്ന തെറ്റായ രേഖപ്പെടുത്തൽ തിരുത്തി 73 എന്ന് രേഖപ്പെടുത്തി പരിഹരിച്ചിട്ടുള്ളതായി ഇടുക്കി ജില്ലാ കളക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതി മുമ്പാകെ അറിയിച്ചുകൊള്ളുന്നു. ഇത് സംബന്ധിച്ച് അപേക്ഷകനും മറുപടി നൽകിയിട്ടുണ്ടെന്ന വിവരം കൂടി അറിയിച്ചു കൊള്ളുന്നു."

പ്രസ്തുത റിപ്പോർട്ട് 15.09.2021-ലെ സമിതി യോഗം പരിഗണിക്കുകയും പ്രസ്തുത ഹർജി വിഷയം സംബന്ധിച്ച ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ ഇടപെടൽമൂലം ഹർജി വിഷയം പരിഹൃതമായതിൽ സമിതിയ്ക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

## 12. <u>വസ്തു പോക്കുവരവ് സംബന്ധിച്ച് ശ്രീ. വിക്രമൻ കെ. സമർപ്പിച്ച ഹർജി.</u>

**(ഫയൽ നം. 16646/ഹർജിസി1/2019/നി.സെ.)**

ഹർജിക്കാരന്റെ ഉടമസ്ഥതയിലുള്ള 12 സെന്റ് വയൽ തെറ്റായി പോക്കുവരവ് ചെയ്തിരുന്നത് റദ്ദ് ചെയ്ത ശേഷം 2018 ഫെബ്രുവരിയിൽ ഹർജിക്കാരന്റെ പേരിൽ ശരിയായി പോക്കുവരവ് ചെയ്ത് കരം ഒടുക്കി രസീത് നൽകിയെന്നും, എന്നാൽ അന്നേ ദിവസം വൈകുന്നേരം വില്ലേജ് ഓഫീസിലെ ഒരു ജീവനക്കാരൻ ഹർജിക്കാരന്റെ

വീട്ടിൽ ചെന്ന് കരം ഒടുക്ക് രസീത് തിരിച്ചുവാങ്ങിച്ചുവെന്നും പിറ്റേദിവസം ടി രസീതിൽ വസ്തുവിന്റെ ഏരിയ 05.00 ആർ എന്നുള്ളത് തിരുത്തി 1.15 ആർ എന്നാക്കി തിരിച്ചു നൽകിയെന്നും അതിനെതിരെ ഹർജിക്കാരൻ ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളിൽ പരാതി നൽകിയെങ്കിലും പരിഹാരമായില്ലെന്നും ആയതിനാൽ ഹർജിക്കാരന്റെ വസ്തുവിന് കരം ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് 21.03.2019-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ഹർജി റിപ്പോർട്ടിനായി 26.04.2019-ൽ റവന്യൂ (ജി) വകുപ്പിലേയ്ക്കയച്ചു. ഹർജി വിഷയം സംബന്ധിച്ച് റവന്യൂ (ജി) വകുപ്പ് 01.02.2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"വസ്തു പോക്കുവരവ് സംബന്ധിച്ച് ശ്രീ. വിക്രമൻ, തിരുവനന്തപുരം ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ മുഖാന്തരം നടപടി സ്വീകരിച്ചിട്ടുള്ളതാണ്. കാട്ടാക്കട താലൂക്ക്, മലയിൻകീഴ് വില്ലേജ്, ബ്ലോക്ക് നമ്പർ 6-ൽ റീസർവ്വെ 286/5-ൽപ്പെട്ട 04.86 ആർ വസ്തുവിൽ നിന്നും തെറ്റായി ചെയ്ത പോക്കുവരവ് റദ്ദ് ചെയ്യണമെന്നതായിരുന്നു ഹർജിക്കാരന്റെ ആവശ്യം

ഈ വിഷയത്തിൽ പരിശോധനകൾ നടത്തിയതിൽ, 1455/1972-ലെ ആധാര പ്രകാരം മലയിൻകീഴ് വില്ലേജിൽ മുൻ സർവ്വേ 329/14 ബിയിൽപ്പെട്ട 04.86 ആർ സ്ഥലം ശ്രീ. വിക്രമൻ പേരിൽ ലഭിച്ചിട്ടുള്ളതും, ഈ സ്ഥലം റീസർവ്വെ 286/5-ൽ ഉൾപ്പെട്ട വരുന്നതുമാകുന്നു. എന്നാൽ റീസർവ്വെ റിക്കാർഡുകൾ പ്രകാരം 286/5-ൽ നീക്കി മുതലായി 03.58 ആർ സ്ഥലം മാത്രമേയുള്ളൂവെന്നും, ഇപ്രകാരം സ്ഥലം കുറയാൻ ഇടയായത് ഈ സർവ്വേ നമ്പറിൽപ്പെട്ട സ്ഥലത്തുനിന്നും 02.42 ആർ സ്ഥലം 289/2000 നമ്പർ പോക്കുവരവ് പ്രകാരം 9083 നമ്പർ തണ്ടപ്പേരിലേക്ക് തെറ്റായി പോക്കുവരവ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആണെന്ന് കാണുകയും, പ്രസ്തുത പോക്കുവരവ് 29.04.2017 തീയതി ബി.1-19140/16 കെ.ഡിസ് ഉത്തരവ് പ്രകാരം തിരുവനന്തപുരം ആർ.ഡി.ഒ. റദ്ദ് ചെയ്ത് 3306 നമ്പർ തണ്ടപ്പേരിലേയ്ക്ക് സ്ഥലം പുനഃസ്ഥാപിക്കുകയും ചെയ്തു.

എന്നാൽ ഈ ഉത്തരവ് നടപ്പിലാക്കും മുൻപ് റീസർവ്വെ 286/5-ൽ ഉണ്ടായിരുന്ന 03.58 ആർ ഭൂമിയിൽ നിന്നും 02.43 ആർ സ്ഥലം വീണ്ടും തെറ്റായി ശ്രീ. ഉത്തമൻ

എന്നയാൾ പേരിൽ പോക്കുവരവ് ചെയ്ത് നല്കുകയും അപ്രകാരം ശ്രീ. വിക്രമൻ പേരിൽ ആധാര പ്രകാരം സിദ്ധിച്ച ഭൂമിയ്ക്ക് മുഴുവനായി കരം സ്വീകരിക്കാൻ കഴിയാതെ വരികയും ചെയ്തു. ശ്രീ. വിക്രമന്റെ പരാതി പരിഹരിക്കുന്നതിലേക്കായി ശ്രീ. ഉത്തമൻ പേരിൽ പിശകായി ചെയ്തു പോയ പോക്കുവരവ് റദ്ദ് ചെയ്യേണ്ടതുണ്ടെന്ന് കാണുകയും, തുടർന്ന് റെക്കാർഡുകൾ പരിശോധിക്കുകയും ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഉത്തമന്റെ പേരിൽ തെറ്റായി ചെയ്ത പോക്കുവരവ് 23.01.2021 തീയതിയിലെ ബി.4043/2019 നമ്പർ ഉത്തരവ് പ്രകാരം നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസർ റദ്ദ് ചെയ്യുകയും സ്ഥലം ശ്രീ. വിക്രമന്റെ പേരിലുള്ള 3306 നമ്പർ മാതൃതണ്ടപ്പേരിൽ പുനഃസ്ഥാപിച്ചിട്ടുള്ളതുമാകുന്നു. ശ്രീ. ഉത്തമന് ശരിയായ സർവ്വേ നമ്പരിൽ തിരുത്താധാരം ചമയ്ക്കുന്നതിനും, ആയതിനെ അടിസ്ഥാനമാക്കി നടപടികൾ സ്വീകരിക്കുന്നതിന് കാട്ടാക്കട ഭൂരേഖ തഹസിൽദാർക്കും നിർദ്ദേശം നല്കിയിട്ടുള്ളതുമാകുന്നു. ഇപ്രകാരം ശ്രീ. വിക്രമൻ സമർപ്പിച്ച ഹർജിക്കാധാരമായ വിഷയത്തിൽ പരിഹാരം കണ്ടെത്തിയിട്ടുള്ളതായി തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതിയെ അറിയിച്ചുകൊള്ളുന്നു."

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 03.02.2021-ലെ സമിതി യോഗം ടി റിപ്പോർട്ട് അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

ഹർജി വിഷയം പരിഹൃതമായതിൽ സമിതിയ്ക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

## 13. പട്ടയം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ശാരദ,കാസർഗോഡ് സമർപ്പിച്ച ഹർജി.

**(ഫയൽ നം. 13742/ഹർജി സി$_2$/2006/നി.സെ.)**

ഹോസ്ദുർഗ് താലൂക്കിൽ എളേരി വില്ലേജിൽ സർവ്വെ നം. 587-ൽ 2 F-ൽ പ്പെട്ടതും കൈവശത്തിലുള്ളതുമായ 84 സെന്റ് വസ്തുവിൽ വളരെ വർഷങ്ങളായി വീട് വച്ച് താമസിക്കുകയും കൃഷി ചെയ്ത് വരികയുമാണെന്നും ടി വസ്തുവിന് പട്ടയം ലഭിക്കുന്നതിനായി വർഷങ്ങളായി ഓഫീസുകൾ കയറിയിറങ്ങിയിട്ടും പട്ടയം ലഭിച്ചിട്ടില്ലെന്നും ആയതിനാൽ പട്ടയം ലഭ്യമാക്കണമെന്നാവശ്യ- പ്പെട്ടുകൊണ്ട് ശ്രീമതി ശാരദ 29.11.2006-ൽ ഹർജി സമർപ്പിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 04.01.2007-ന് റവന്യൂ വകുപ്പിലേക്ക് അയച്ചിരുന്നുവെങ്കിലും റിപ്പോർട്ട് ലഭ്യമാക്കാത്തതിനെ തുടർന്ന് 13.06.2008-ൽ കാസർഗോഡ് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് ചേർന്ന സമിതിയുടെ തെളിവെടുപ്പ് യോഗം ടി ഹർജി പരിഗണിക്കുകയും ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു. തദവസരത്തിൽ, ഹർജിക്കാരിക്ക് പട്ടയം നൽകണമെങ്കിൽ അനധികൃത കയ്യേറ്റങ്ങൾ മുഴുവൻ കണ്ടെത്തേണ്ടതുണ്ടെന്നും ആയതിനുള്ള സർവ്വെ ജോലികൾ ആരംഭിച്ചിട്ടുണ്ടെന്നും ജില്ലാ കളക്ടർ സമിതിയെ അറിയിക്കുകയുണ്ടായി. തുടർന്ന് റവന്യൂ (എൻ) വകുപ്പ് 04.03.2010-ലെ കത്തുമുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി വില്ലേജിലെ റീസർവ്വെ 587/2 എഫ്-ൽപ്പെട്ട 0.50 ഏക്കർ സ്ഥലം അപേക്ഷകയുടെ കൈവശത്തിലും അനുഭവത്തിലുമാണ്. ടി സ്ഥലം ശ്രീ. ഉദയവർമ്മ രാജയിൽ നിന്നും ഏറ്റെടുത്ത് പൊതു ആവശ്യത്തിനായി നീക്കി വച്ചിട്ടുള്ള സ്ഥലത്തിൽപ്പെട്ടതാണെന്നും ടി മിച്ചഭൂമിയിലെ കൈവശക്കാരിൽ ഭൂരിഭാഗം പേരും ഒരു ഏക്കറിൽ കൂടുതൽ ഭൂമി കൈവശം വച്ചുവരുന്നവരും സ്വന്തമായി വേറെ ഭൂമി ഉള്ളവരുമാണ്. അപേക്ഷകയുടെ പേരിലോ കുടുംബത്തിന്റെ പേരിലോ മറ്റു വസ്തുവകകൾ ഒന്നുമില്ല. അപേക്ഷക കർഷക തൊഴിലാളിയുമാണ്.

ടി സ്ഥലം താലൂക്ക് സർവ്വെയറുടെ സഹായത്തോടെ അളന്ന് തിട്ടപ്പെടുത്തിയപ്പോൾ 15.67 ഏക്കർ ഭൂമി മാത്രമേയുള്ളൂവെന്നും, സ്കെച്ചിൽ ചെക്ക് ലൈൻ ഇല്ലാത്തതിനാൽ വ്യത്യാസം കണ്ടു പിടിക്കാൻ സാധിച്ചിട്ടില്ലെന്നും ടി സ്ഥലം 31 പേരുടെ കൈവശത്തിലാണെന്നും അവകാശപ്പെട്ടിരുന്നുവെങ്കിലും പലരും ഒരേ കുടുംബത്തിൽ- പ്പെട്ടവരാണെന്നും കൈവശം വച്ചു വരുന്ന കൈവശക്കാരിൽ 30 പേരുടെ വിവരങ്ങൾ ഉണ്ടെന്നും, കൈവശക്കാർക്ക് പ്രത്യേകം അതിരുകൾ ഒന്നും തന്നെ ഇല്ലാത്തതിനാലും ഓരോ കുടുംബത്തിനും പ്രത്യേകം അതിരുകൾ കാണാൻ സാധിച്ചതിനാലും ഈ അതിരുകൾ വെച്ച് പ്ലോട്ടുകൾ തിരിക്കുകയുമാണു ണ്ടായതെന്നും പല കൈവശക്കാർക്കും കൈവശമുണ്ടായിരുന്ന പ്രമാണങ്ങളിലെ സർവ്വെ നമ്പരുകൾ തെറ്റായിരുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സ്ഥലം പതിച്ചു കിട്ടുന്നതിന് അപേക്ഷ സമർപ്പിച്ചവരിൽ പലരും മിച്ച ഭൂമി പതിച്ചു നൽകുന്ന മാനദണ്ഡങ്ങൾ പ്രകാരം

അർഹരല്ലെന്നും എന്നാൽ കൈവശക്കാരെല്ലാം ടി ഭൂമി വർഷങ്ങളായി കൈവശം വച്ച് വരുന്നവരായതുകൊണ്ട് കൈവശക്കാർക്ക് പതിച്ച കൊടുക്കാൻ നടപടി സ്വീകരിക്കുകയാണെങ്കിൽ ഇതുപോലെ മിച്ചഭൂമി കൈയ്യേറിയ മറ്റാളുകളും അവകാശവാദമുന്നയിക്കുവാൻ സാദ്ധ്യതയുണ്ടെന്നും ജില്ലാകളക്ടർ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ അപേക്ഷകയ്ക്ക് ഭൂമി പതിച്ച നൽകുവാൻ കഴിയുമോ എന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ് എന്ന വിവരം അറിയിച്ചുകൊള്ളുന്നു".

പ്രസ്തുത റിപ്പോർട്ട് 23.09.2010-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും ഹർജിക്കാരിക്ക് പട്ടയം ലഭിക്കുന്നതിന് അർഹതയുള്ളതിനാൽ പട്ടയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന്, 28.09.2015-ലെ കത്ത് പ്രകാരം റവന്യൂ(എൻ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"താലൂക്ക് ലാന്റ് ബോർഡ്, ഹോസ്ദുർഗ്ഗ്-ന്റെ 06.11.1976-ലെ റ്റി.എൽ.ബി. 1869/73/ഹോസ്. നമ്പർ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി വില്ലേജിലെ റീ സർവ്വെ നം. 587/2 എഫ്-ൽപ്പെട്ട 16.00 ഏക്കർ മിച്ചഭൂമിയായി സർക്കാർ ഏറ്റെടുത്തിരുന്നു. പാറനിറഞ്ഞ ടി ഭൂമി പതിവിനനുയോജ്യമല്ലാത്തതിനാൽ സെക്രട്ടറി, ലാന്റ് ബോർഡിന്റെ 10.03.1977-ലെ എൽ.ബി.(ബി4) 8923/77 കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം പൊതു ആവശ്യത്തിനായി നീക്കിവച്ചിരുന്നു.

നിലവിൽ ടി ഭൂമി, ശ്രീമതി ശാരദയുടെ ഉൾപ്പെടെ 24 കുടുംബങ്ങളുടെ കൈവശത്തിലാണ്. ആയതിൽ ശ്രീമതി ശാരദയുടേതടക്കം 3 കുടുംബങ്ങൾ മാത്രമാണ് ഭൂമി പതിവിനർഹമായിട്ടുള്ളത്. കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ എളേരി വില്ലേജിലെ റീ സർവ്വെ നം. 587/2 എഫ്-ൽപ്പെട്ട 16 ഏക്കർ ഭൂമി പൊതു ആവശ്യത്തിനായി നീക്കിവച്ച് സർക്കാർ പുറമ്പോക്കായി മാറ്റിയിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി ശാരദയുടെ ഹർജി പരിശോധിച്ച് കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി ടി വിഷയം കൈകാര്യം ചെയ്യുന്ന റവന്യൂ (എൽ) വകുപ്പിന് ഫയൽ കൈമാറിയിട്ടുണ്ട് എന്നുള്ള വിവരം താങ്കളെ അറിയിക്കുന്നു."

31.10.2017-ൽ കാസർഗോഡ് ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച്

ചേർന്ന സമിതിയുടെ തെളിവെടുപ്പ് യോഗം ഹർജി വിഷയം പരിഗണിക്കുകയും ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും വീണ്ടും തെളിവെടുക്കുകയും ചെയ്തു. ഹർജി വിഷയത്തിനാസ്പദമായ ഭൂമി മിച്ചഭൂമിയായതിനാൽ ലാൻഡ് ബോർഡാണ് തീരുമാനമെടുക്കേണ്ടതെന്നും, അതിനായി സ്റ്റേറ്റ് ലാൻഡ് ബോർഡിന് കത്തയച്ചിട്ടുണ്ടെന്നും ടി യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിക്കുകയും തുടർന്ന് സ്റ്റേറ്റ് ലാൻഡ് ബോർഡാണ് തീരുമാനമെടുക്കേണ്ടതെന്നതിനാൽ ശ്രീമതി ശാരദയ്ക്ക് പട്ടയം നൽകുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ പ്രസ്തുത ശിപാർശ തുടർനടപടിക്കും റിപ്പോർട്ടിനുമായി 04.01.2018-ലെ കത്തുമുഖേന റവന്യൂ (എൽ) വകുപ്പിനെ അറിയിച്ചിരുന്നു. തുടർന്ന്, റവന്യൂ (എൽ) വകുപ്പ് 24.11.2020-ലെ കത്തുമുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്ക് വെസ്റ്റ് എളേരി വില്ലേജിലെ റീ.സ.നം.-587/2-ൽപ്പെട്ട മിച്ചഭൂമി പതിച്ചു കിട്ടണമെന്ന ശ്രീമതി ശാരദയുടെ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുകയും 23.09.2020-ൽ പതിവ് പ്രമാണം നൽകുകയും ചെയ്തിട്ടുള്ള ബഹു. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു."

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 15.09.2021-ലെ സമിതി യോഗം ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിച്ചു.

സമിതിയുടെ നിരന്തരമായ ഇടപെടൽമൂലം പരാതിക്ക് പരിഹാരമുണ്ടായതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

**14. പതിച്ചു നൽകിയ ഭൂമി കൈവശപ്പെടുത്തി നൽകാത്തതു സംബന്ധിച്ച് ശ്രീ. യു. വി. വിജയൻ, ആലപ്പുഴ സമർപ്പിച്ച ഹർജി**

**(ഫയൽ നം. 8598/ഹർജി സി2/2007/നി.സെ.)**

സ്വാതന്ത്ര്യ സമര സേനാനിയും വിമുക്തഭടനുമായ ഹർജിക്കാരന് പതിച്ചു നൽകിയ 2 ഏക്കർ ഭൂമി, കാസർഗോഡ് ജില്ലയിൽ കയ്യൂർ വില്ലേജിൽ സർവ്വേ 330/1ൽ ഉൾപ്പെട്ടതാണെന്നും, കയ്യേറ്റമോ മറ്റു പതിവുകളോ ഇല്ലാതെ കിടക്കുന്നതായി വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രസ്തുത ഭൂമി അളന്നു തിരിച്ച് കൈവശപ്പെടുത്തി

കിട്ടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് 05.01.2007-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ഹർജി റിപ്പോർട്ടിനായി 14.02.07-ൽ റവന്യൂ വകുപ്പിന് അയച്ചതിന്, 13.04.2010 ലെ കത്ത് മുഖേന റവന്യൂ (എൽ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. വി.യു. വിജയൻ സമർപ്പിച്ച ഹർജി സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ 9.4.77ൽ റി.സ.330/1-ൽപ്പെട്ട 2 ഏക്കർ ഭൂമി 1970 ലെ Arable Forest Land Assignmentനിയമ പ്രകാരം പതിച്ച് നൽകിയിരുന്നു. എന്നാൽ അപേക്ഷകന് പട്ടയം കൈമാറി നൽകിയിരുന്നതായി കാണുന്നില്ലെന്നും ബന്ധപ്പെട്ട എൽ.എ ഫയൽ (156/77/കയ്യൂർ) പരിശോധിച്ചതിൽ 2 ഏക്കർ ഭൂമി 25.1.83ലെ പട്ടയ പ്രകാരം അനുവദിച്ചതായി കാണുന്നുവെങ്കിലും ലഭ്യമായ സ്കെച്ച് പ്രകാരം 1 ഏക്കർ വീതം ഭൂമി 19 പേർക്കായും, 50 സെൻറ് ഭൂമി ഒരാൾക്കും എന്ന ക്രമത്തിൽ 20 പേർക്കായി 19.5 ഏക്കർ ഭൂമി പതിച്ച് നൽകിയതായാണ് കാണുന്നതെന്നും ഈ വ്യത്യാസത്തിന്റെ കാരണം ഫയലിൽ സൂചിപ്പിച്ചിട്ടില്ലെന്നും കാസർഗോഡ് ജില്ലാ കളക്ടർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. എന്നാൽ 18.1.1977 ലെ ജി.ഒ (എം.എസ്) 72/77/റവ പ്രകാരം Arable Forest Land Rules പ്രകാരം പതിച്ച് നൽകുന്ന ഭൂമിയുടെ പരിധി 1 ഏക്കർ ആണെന്നും അതുകൊണ്ടായിരിക്കാം സ്കെച്ച് പ്രകാരം 1 ഏക്കർ ഭൂമി പതിച്ച് നൽകാൻ കാരണമായതെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

1976-ൽ പട്ടയം അനുവദിച്ച രജിസ്റ്റർ വില്ലേജാഫീസിൽ കണ്ടെത്താനാവാത്ത സാഹചര്യത്തിൽ വിജയന്റെ ആവർത്തിച്ചുള്ള അപേക്ഷകൾ പരിഗണിച്ചുകൊണ്ട് 25.1.83 ലെ പട്ടയം റദ്ദ് ചെയ്തു 21.6.06ൽ 2 ഏക്കർ ഭൂമിക്ക് പുതിയ പട്ടയം ഹോസ്ദുർഗ് തഹസിൽദാർ അനുവദിക്കുകയും ചെയ്തു. ആവർത്തിച്ചുള്ള അപേക്ഷകൾ സമർപ്പിക്കുന്നുവെങ്കിലും ടിയാൻ 1976ൽ പതിച്ച് നൽകിയ ഭൂമി കൈവശപ്പെടുത്താനോ ഉപയോഗപ്പെടുത്തുവാനോ തയ്യാറാകാതിരുന്നതിനാൽ മറ്റാളുകൾ ഭൂമി കയ്യേറി ചമയങ്ങൾ ഉണ്ടാക്കിയതായും ഇനിയും 60 സെൻറ് ഭൂമി മാത്രമേ കയ്യേറ്റമില്ലാത്തതായി ഇപ്പോൾ ലഭ്യമായിട്ടുള്ളുവെന്നും മുമ്പ് അനുവദിച്ച പട്ടയം റദ്ദ് ചെയ്തുകൊണ്ട് ആയത് ആവശ്യമെങ്കിൽ അപേക്ഷകന് നൽകാനാവുമെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 23/9/10-ലെ സമിതിയോഗം പരിഗണിക്കുകയും, റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിക്കാൻ തീരുമാനിക്കുകയും ചെയ്തു.

റിപ്പോർട്ടിലെ വിവരം 29.11.2010-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചതിനെത്തുടർന്ന്, ടിയാൻ 15.11.2020 തീയതിയായി പ്രതികരണ ഹർജി സമർപ്പിക്കുകയുണ്ടായി.

21/6/06-ൽ LA No.156/76/കയ്യൂർ/ജെ1 പ്രകാരം ഹർജിക്കാരന് അനുവദിച്ച് കിട്ടിയ പട്ടയപ്രകാരമുള്ള വസ്തു അളന്നുകിട്ടുന്നതിനു വേണ്ടി താലൂക്ക്, വില്ലേജ് ഓഫീസുകളിൽ പോയിട്ടും യാതൊരു നടപടിയും ഉണ്ടായില്ലെന്നും, മുഖ്യമന്ത്രിയുടെ സുതാര്യകേരളം പരാതി പരിഹാര സെല്ലിലേക്ക് പരാതി അയച്ചതിന്റെ അടിസ്ഥാനത്തിൽ ഹോസ്ദുർഗ്ഗ് തഹസിൽദാർ നൽകിയ റിപ്പോർട്ട് പ്രകാരം ടിയാന് അനുവദിച്ച നൽകിയിട്ടുള്ള റീ.സ.നം.330/1-ൽ ഉൾപ്പെട്ട 2 ഏക്കർ സ്ഥലം കയ്യേറ്റം നടന്നിട്ടുണ്ടെന്നും, കയ്യേറ്റം ഇല്ലാത്ത 60 സെൻറ് സ്ഥലം ഹർജിക്കാരൻ നേരിട്ട് ഹാജരാകുന്ന മുറയ്ക്ക് അളന്നു കൊടുക്കുന്നതാണ് എന്ന മറുപടിയാണ് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് അറിയാൻ കഴിഞ്ഞുവെന്നും ആയതിനു ശേഷം താലൂക്ക് സർവ്വേയർ, വില്ലേജ് ഓഫീസർ എന്നിവർ 5/6/10-ൽ സ്ഥലം അളന്നതിന്റെ ഫലമായി ഏകദേശം 1.50 ഏക്കറോളം സ്ഥലം റീസർവ്വേയിൽ ഉണ്ടെന്ന് ബോദ്ധ്യപ്പെടുത്തുകയും ചെയ്തു വെന്നും അതിൽ നിന്നും മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് തഹസ്സിൽദാർ നൽകിയ റിപ്പോർട്ട് വാസ്തവവിരുദ്ധമാണെന്നും ടി ഹർജിയിൽ ഹർജിക്കാരൻ ബോധിപ്പിച്ചിരുന്നു.

14.12.2011-ലെ സമിതിയോഗം ടി പ്രതികരണ ഹർജി പരിഗണിക്കുകയും റവന്യൂ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. ടി വിവരം ഹർജിക്കാരനെ അറിയിച്ചതിനെ തുടർന്ന് ടിയാൻ സമർപ്പിച്ച തുടർഹർജിയിൽ 5 വർഷം കഴിഞ്ഞിട്ടും ടിയാന്റെ പരാതിക്ക് പരിഹാരം ഉണ്ടായിട്ടില്ലെന്നും തെളിവെടുപ്പിന് ടി ഹർജി വിഷയം പരിഗണിക്കുന്ന സമയത്ത് ടിയാന് പറയാനുള്ളത് പറയുവാൻ അവസരം നൽകണമെന്നും, എത്രയും പെട്ടെന്ന് പരാതിക്ക് പരിഹാരം ഉണ്ടാകണമെന്നും അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി വിഷയം 14.11.2012-ലെ സമിതിയുടെ തെളിവെടുപ്പ്

യോഗത്തിൽ സമിതി പരിഗണിക്കുകയും ഹർജിക്കാരന് സ്വതന്ത്ര്യ സമര സേനാനി എന്ന പരിഗണന നൽകി അനുവദിച്ച ഭൂമി നഷ്ടപ്പെട്ടുപോകാതിരിക്കുവാൻ നിയമപരമായി ചെയ്യുവാൻ കഴിയുന്നത് ചെയ്യണമെന്നും കഴിയാത്തപക്ഷം ആരും കൈവശപ്പെടുത്താത്ത 60 സെന്റ് ഭൂമി അനുവദിച്ച് നൽകാൻ കഴിയുമെങ്കിൽ അനുവദിച്ച നൽകുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്നും സമിതി നിർദ്ദേശിക്കുകയും ചെയ്തു.

സമിതി നിർദ്ദേശ പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ ടി വിഷയം സമിതിയുടെ 03.06.2019-ലെ തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. തദവസരത്തിൽ റവന്യൂ (എൽ) വകുപ്പ് ലഭ്യമാക്കിയ 01.06.2019-ലെ കത്ത് മുഖേനയുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ തണ്ണീർമുക്കം വില്ലേജിൽ ശ്രീ വി.യു. വിജയൻ എന്നവരുടെ പേരിൽ കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്ക് കയ്യൂർ വില്ലേജിൽ റീ.സ. നം. 330/1 ൽ 2 ഏക്കർ ഭൂമിക്ക് എൽ.എ 156/76/ കയ്യൂർ നമ്പർ പ്രകാരം 25.01.1983-ൽ പട്ടയം അനുവദിച്ചിരുന്നുവെങ്കിലും നൽകിയിരുന്നില്ല. ആയത് റദ്ദ് ചെയത് 21.06.2006-ന് 2 ഏക്കർ ഭൂമിക്ക് ടിയാന് പട്ടയം നൽകിയിരുന്നു. പതിവ് പ്ലാൻ പ്രകാരം ഒരേക്കർ ഭൂമിയാണ് ടിയാന് തയ്യാറാക്കിയിരുന്നതെങ്കിലും പട്ടയത്തിൽ 2 ഏക്കർ ഭൂമി എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നു. പട്ടയം അനുവദിച്ചുവെങ്കിലും ആലപ്പുഴ സ്വദേശിയായ അപേക്ഷകൻ ടി ഭൂമിയിൽ പ്രവേശിക്കുകയോ കൈവശപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽത്തന്നെ ടി ഭൂമിയിൽ കയ്യേറ്റങ്ങളുണ്ടായി. 60 സെന്റ് ഭൂമി മാത്രമേ ടിയാന് അനുവദിച്ചതിൽ ബാക്കിയുള്ളൂ. പട്ടയം ലഭിച്ചിട്ടും ഭൂമി കൈവശപ്പെടുത്തിയിട്ടില്ല എന്നതിനാലും അപേക്ഷകൻ മരണപ്പെട്ടതിനാലും പട്ടയപ്രകാരം അനുവദിച്ചതിൽ നിലവിൽ ലഭ്യമായ കയ്യേറ്റ രഹിതമായ 60 സെന്റ് ഭൂമി പരേതന്റെ അനന്തരാവകാശികളുടെ അർഹത പരിശോധിച്ച് പതിച്ച നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിന് ഹോസ്ദുർഗ്ഗ് തഹസിൽദാർക്ക് നിർദ്ദേശം നൽകിയിരുന്നു.

സ്വാതന്ത്ര്യസമര സേനാനിയായ ശ്രീ. വി.യു. വിജയന് കാസർഗോഡ് ജില്ലയിലെ കയ്യൂർ വില്ലേജിൽ പതിച്ച് നൽകിയ രണ്ടേക്കർ ഭൂമിക്ക് പകരം ശ്രീ. വി.യു. വിജയൻ മരണപ്പെട്ട സാഹചര്യത്തിൽ ടിയാളുടെ അനന്തരാവകാശികൾക്ക്

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലെ കയ്യൂർ വില്ലേജിൽ റീ.സ.നം 184/1-ൽപ്പെട്ട 60 സെന്റ് ഭൂമി പതിച്ച നൽകുന്നതിനുവേണ്ടി ഭൂപതിവ് കമ്മിറ്റിയുടെ ശിപാർശയ്ക്കായി സമർപ്പിക്കുകയും ശ്രീ. വി.യു. വിജയന്റെ അവകാശികൾ ആലപ്പുഴ സ്വദേശികളായതിനാലും അവർക്ക് ഭൂമി പതിവിന് അർഹതയുള്ളവരാണോ എന്ന് കമ്മിറ്റിയ്ക്ക് ബോധ്യമില്ലാത്തതിനാലും അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി സംബന്ധിച്ച് വിവരം ലഭ്യമല്ലാത്തതിനാലും അനന്തരാവകാശ സർട്ടിഫിക്കറ്റും അവകാശികളുടെ അർഹതയും മറ്റും സംബന്ധിച്ച രേഖകളും ലഭ്യമാക്കുന്നതിനായി ചേർത്തല തഹസിൽദാരെ ചുമതലപ്പെടുത്തിയിരുന്നു. ആയത് ഇതുവരെ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് കക്ഷികൾക്ക് കത്ത് അയച്ചിരുന്നുവെങ്കിലും ടിയാളുടെ അവകാശികൾ ഹാജരാകുകയോ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയോ ചെയ്യാത്തതിനാലാണ് അവർക്ക് സ്ഥലം പതിച്ച നൽകാൻ സാധിക്കാതെ വന്നതെന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു."

ടി റിപ്പോർട്ട് പരിഗണിച്ച 03.06.2019-ലെ തെളിവെടുപ്പ് യോഗത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം സമിതി ആരായുകയുണ്ടായി. ശ്രീ.വി.യു.വിജയൻ രാജ്യത്തിന് നൽകിയ സേവനങ്ങൾ മാനിച്ചുകൊണ്ട് 1976-ൽ രണ്ടേക്കർ ഭൂമിക്ക് പട്ടയം നൽകിയെങ്കിലും കൈവശപ്പെടുത്താനോ ഉപയോഗിക്കാനോ ശ്രീ വി. യു. വിജയൻ തയ്യാറായില്ല എന്നും പ്രസ്തുത ഭൂമി കൈയ്യേറിപ്പോയി എന്നും ബാക്കിയുള്ള 60 സെന്റ് ഭൂമി അവിടെയുണ്ടെന്നും അനന്തരാവകാശ സർട്ടിഫിക്കറ്റ് നൽകിയാൽ ഭൂമി പതിച്ച നൽകാനുള്ള അടിയന്തര നടപടി സ്വീകരിക്കാമെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കുകയും റവന്യൂ വകുപ്പിന്റെ അഭിപ്രായം സ്വീകാര്യമാണെന്ന് ശ്രീ.വി.യു. വിജയന്റെ മകൾ ശ്രീമതി അയിഷ അറിയിക്കുകയും ചെയ്തു. രണ്ട് മാസത്തിനുള്ളിൽ അവകാശികളുടെ പേരിൽ തുല്യമായി പതിച്ച നൽകണമെന്ന് വകുപ്പിനോടും രണ്ട് മാസത്തിനുള്ളിൽ ഭൂമി ലഭിച്ചില്ലെങ്കിൽ സമിതിയെ അറിയിക്കണമെന്ന് ഹർജിക്കാരന്റെ മകൾ ശ്രീമതി അയിഷയോടും സമിതി നിർദ്ദേശിച്ചിരുന്നു.

സമിതി നിർദ്ദേശം അറിയിച്ചുകൊണ്ട് റവന്യൂ (എൽ) വകുപ്പിലേക്ക് 15.06.2019-ന് കത്ത് അയച്ചു. പ്രസ്തുത സമിതി നിർദ്ദേശത്തിന്മേൽ റവന്യൂ (എം) വകുപ്പ് 22.11.2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ശ്രീ. വി. യു. വിജയന്റെ അനന്തരാവകാശികൾക്ക് ഹോസ്ദുർഗ്ഗ് താലൂക്ക് കയ്യൂർ വില്ലേജിൽ റീസ.നം.184/1എ16ബി-യിൽ 60 സെന്റ് ഭൂമിക്ക് 25-01-2020-ൽ പട്ടയം നൽകിയിട്ടുണ്ടെന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു."

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 24.11.2021-ലെ സമിതിയോഗം ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിച്ചു

സമിതിയുടെ നിരന്തരമായ ഇടപെടൽമൂലം പ്രസ്തുത പരാതിക്ക് പരിഹാരമുണ്ടായതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

## 15. വനാതിർത്തിയിലുള്ള വസ്തുവിന്റെ ഫെയർ വാല്യു നിശ്ചയിച്ചതിലെ അപാകത തിരുത്തിക്കിട്ടുന്നതിന് ശ്രീ. രമേഷ് നായർ, പാലക്കാട് സമർപ്പിച്ച ഹർജി.

**(ഫയൽ നമ്പർ 12044/ഹർജി സി2/2012/നി.സെ.)**

പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലെ കുത്തന്നൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 12-ൽ സർവ്വെ നമ്പർ 466/2, 3, 12, 17, 468/7, 9, 12, 467/2 എന്നിവയിൽ ഉൾപ്പെട്ട പരാതിക്കാസ്പദമായ 295.54 സെന്റ് സ്ഥലത്തിന് ഏകദേശം ഒരു കിലോമീറ്റർ കൂടുതൽ ചുറ്റളവിൽ ഇന്നും മനുഷ്യവാസമില്ലെന്നും തെക്കും വടക്കും വനാതിർത്തിയുള്ള മലഞ്ചരുവിൽ സ്ഥിതി ചെയ്യുന്ന ടി കൃഷി സ്ഥലത്തേയ്ക്ക് എത്തിച്ചേരാൻ ഒരു വർഷം മുമ്പ് വരെ കൃത്യമായ നടവഴികൾ പോലുമില്ലായിരുന്നുവെന്നും, അടുത്തകാലത്തായി ഹർജിക്കാരൻ ചില നിർമ്മാണ പ്രവൃത്തികൾ ചെയ്തതിനാൽ മാത്രം ഗതാഗത സൗകര്യമുണ്ടായ ടി വസ്തുവിന് റവന്യൂ അധികാരികൾ ചുമത്തിയിരിക്കുന്ന ഫെയർവാല്യൂ ₹45,000/ആർ ആണെന്നും, ടി തുക വളരെ കൂടുതലാണെന്നും, കുത്തന്നൂർ വില്ലേജിലെ ബസ് ഗതാഗതമുള്ള റോഡുവശങ്ങളിലുള്ള വസ്തുക്കൾക്ക് പോലും ₹10,000 രൂപ മാത്രം ഫെയർവാല്യൂ ഉള്ളപ്പോൾ, വനാതിർത്തിയിലുള്ള തന്റെ വസ്തുവിന് ഫെയർവാല്യൂ വളരെയധികം ഉയർത്തിയിരിക്കുന്നത് അധികാരികളുടെ പ്രതികാര മനോഭാവമാണെന്നും, ആയതിനാൽ ടി വസ്തുവിന്റെ ഫെയർവാല്യൂ കുറച്ചു നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് 20.01.2012-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 27.02.2012-ന് റവന്യൂ വകുപ്പിലേയ്ക്ക് അയച്ചു തുടർന്ന് റവന്യൂ(ജി) വകുപ്പ് 19.09.2015 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ

റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഫെയർവാല്യൂ നിശ്ചയിച്ചുകൊണ്ടുള്ള ഗസറ്റ് വിജ്ഞാപനത്തിൽ വന്ന അപാകത തിരുത്തികിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. രമേശ് നായർ പാലക്കാട് ജില്ലാ കളക്ടർ മുൻപാകെ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപ്പീൽ ഹർജി തീർപ്പാക്കിക്കൊണ്ട് 28.11.2011-ലെ നടപടിക്രമം പ്രകാരം ശ്രീ. രമേഷ് നായരുടെ ആലത്തൂർ താലൂക്ക്, കുത്തന്നൂർ-1 വില്ലേജ് ബ്ലോക്ക് നം. 12-ലെ സർവ്വേ നമ്പർ 466/2, 3, 12, 17, 468/7, 9, 12, 467/2-ൽ ഉൾപ്പെട്ടതും കുഴൽമന്ദം സബ് രജിസ്ട്രാർ കാര്യാലയത്തിലെ 2729/2008-നമ്പർ പ്രമാണത്തിൽ ഉൾപ്പെട്ടതുമായ 295.54 സെന്റ് ഭൂമിക്ക് "ഗാർഡൻ ലാന്റ് വിത്ത് പഞ്ചായത്ത് റോഡ് ആക്സ്സസ്"എന്ന തരത്തിലുൾപ്പെടുത്തി ഒരു ആറിന് 45,000/- രൂപയായി ന്യായവില നിശ്ചയിക്കുകയുണ്ടായി. യാതൊരു ഗതാഗത സൗകര്യവുമില്ലാത്ത വനപ്രദേശത്തുള്ള ഭൂമിക്ക് ഒരു ആറിന് 45,000/- രൂപ വിലയിട്ടത് നീതിയുക്തമല്ലെന്നും ആയത് പുന:പരിശോധിക്കണമെന്നും ആവശ്യപ്പെട്ടാണ് ശ്രീ. രമേശ് നായർ പരാതി സമർപ്പിച്ചിട്ടുള്ളത്.

ഇതിന്മേൽ ലാന്റ് റവന്യൂ കമ്മീഷണർ നൽകിയിട്ടുള്ള അന്വേഷണ റിപ്പോർട്ട് പ്രകാരം ശ്രീ. രമേശ് നായരുടെ കൈവശത്തിലുള്ള മേൽപറഞ്ഞ സർവ്വേ നമ്പരുകളിലുള്ള ഭൂമിയുടെ ന്യായവിലയായ ഒരാറിന് 45,000/-, 50,000/- രൂപ എന്നുള്ളത് ഒരാറിന് 45,000/- രൂപ എന്ന് ഏകീകരിച്ച് ജില്ലാ കളക്ടർ, പാലക്കാട് ന്യായവില പുതുക്കി നിശ്ചയിച്ചിട്ടുള്ളതാണ്. പരാതിയിൽ പറയുന്ന സർവ്വേ നമ്പരുകളടങ്ങിയ 3 ഏക്കറോളം വരുന്ന സ്ഥലം "കുത്തന്നൂർ പ്ലാന്റേഷൻ" എന്ന പേരിലുള്ള ഒരു കോമ്പൗണ്ടിനുള്ളിൽ ഒന്നിച്ച് സ്ഥിതി ചെയ്യുന്ന നിലയിലായതിനാലാണ് ന്യായവില 45,000/- രൂപയായി നിജപ്പെടുത്തിയത് എന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. "

പ്രസ്തുത റിപ്പോർട്ട് 30.12.2015-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും പ്രസ്തുത റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള പ്രകാരം ഭൂമിയുടെ ന്യായവില തീരുമാനിക്കാനുണ്ടായതിന്റെ അടിസ്ഥാന കാരണം എന്താണെന്ന് റവന്യൂ വകുപ്പിനോട് ആരായുന്നതിനും മറുപടി ലഭ്യമായില്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു

സമിതി തീരുമാനം റവന്യൂ(ജി) വകുപ്പിനെ അയച്ചതിനെ തുടർന്ന് 20.05.2017-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ "ശ്രീ. രമേഷ് നായർ എന്ന വ്യക്തിയുടെ കൈവശമുള്ളതും ആലത്തൂർ താലൂക്ക് കുത്തനൂർ-1 വില്ലേജിലെ, ബ്ലോക്ക് നം. 12, സർവ്വേ നമ്പർ 466/2, 3, 12, 17; 467/2; 468/7, 12, 9 എന്നിവയിൽപ്പെട്ട ഭൂമിയുടെ നിലവിലെ ന്യായവിലയായ ഒരാറിന് 45,000-50,000/- എന്നുള്ളത് എല്ലാ സർവ്വേ നമ്പരുകൾക്കും ന്യായവില ഒരു ആറിന് 45,000/- എന്നാക്കി പുതുക്കി നിശ്ചയിച്ചിരുന്നു.

പ്രസ്തുത സ്ഥലം ഏകദേശം 30 ഏക്കർ വിസ്തീർണ്ണമുള്ള കുത്തനൂർ പ്ലാന്റേഷൻസ് എന്ന തോട്ടത്തിന്റെ പ്രവേശന ഭാഗത്ത് വരുന്ന സ്ഥലമായതിനാലും പി.ഡബ്ല്യു.ഡി. റോഡിൽ നിന്നും മലമ്പുഴ കനാലിനു കുറുകെ പാലം പണിതു വഴി സൗകര്യം ഒരുക്കിയിട്ടുള്ളതിനാൽ വാഹന ഗതാഗതം സാധ്യമാണ് എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തിയപ്പോൾ ബോധ്യപ്പെട്ടതിനെ തുടർന്നുമാണ് മേൽ പരാമർശിച്ച സർവ്വേ നമ്പറുകൾക്കെല്ലാം ന്യായവില ഒരാറിന് 45,000/- രൂപയായി പുനർനിശ്ചയിച്ചത് എന്ന് സമിതിയെ അറിയിച്ചിരുന്നു."

10.04.2018-ൽ പാലക്കാട് ജില്ലയിൽ വച്ച് ചേർന്ന സമിതിയുടെ തെളിവെടുപ്പ് യോഗം ഹർജി വിഷയം പരിഗണിക്കുകയുണ്ടായി. ഫെയർവാല്യൂ സംബന്ധിച്ച് 28.11.2011-ൽ ജില്ലാകളക്ടർ ഉത്തരവ് ഇറക്കിയിട്ടുണ്ടെന്നും അതിന്മേൽ അപ്പീൽ ഇല്ലായെന്ന് ഹർജിക്കാരൻ വാക്കാൽ അറിയിച്ചിട്ടുണ്ടെന്നും, മുമ്പുണ്ടായിരുന്ന ഫെയർവാല്യൂ രജിസ്റ്ററിൽ മൂന്ന് സ്ഥലങ്ങൾക്ക് വെവ്വേറെ വിലകളാണ് കൊടുത്തിരുന്നതെന്നും ഇപ്പോൾ മൂന്നു സർവ്വേ നമ്പറുകളിലും 45000/- രൂപയാണ് വിലയിട്ടിരിക്കുന്നതെന്നും വില കുറച്ചു നൽകണമെന്ന് ഹർജിക്കാരൻ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടെന്നും ടി യോഗത്തിൽ പാലക്കാട് എ.ഡി.എം. സമിതിയെ അറിയിക്കുകയുണ്ടായി.

വില്ലേജ് ഓഫീസർ, തഹസിൽദാർ, ആർ.ഡി.ഒ എന്നിവരെല്ലാം സ്ഥലം പരിശോധിച്ചപ്പോൾ ഫെയർവാല്യൂ സംബന്ധിച്ച് ക്ലറിക്കൽ മിസ്റ്റേക്ക് സംഭവിച്ചിട്ടുണ്ടെന്നും ആയത് തിരുത്തണമെന്ന് പറഞ്ഞ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും, തുടർന്ന് മാനുവലായി പരിശോധന നടത്തി വില നിശ്ചയിച്ച് ഫെയർ വാല്യൂ കമ്മിറ്റിക്ക് കൊടുത്തുവെന്നും പ്രസ്തുത വില കമ്പ്യൂട്ടറിലേയ്ക്ക് മാറ്റിയപ്പോഴാണ് ക്ലറിക്കൽ മിസ്റ്റേക്ക് സംഭവിച്ചതെന്നും അത് തിരുത്തി കിട്ടാൻ വേണ്ടിയാണ് അപേക്ഷ കൊടുത്തിട്ടുള്ളതെന്നും ടി

യോഗത്തിൽ പരാതിക്കാരൻ സമിതി മുമ്പാകെ ബോധിപ്പിച്ചിരുന്നു.

28.11.2011-ൽ അപ്പീലിൽ തീർപ്പ് കല്പിച്ചതുകൊണ്ട് റിവിഷൻ പെറ്റീഷൻ കോടതിയിൽ ഫയൽചെയ്ത് അവിടെ നിന്ന് വിധി വരുന്ന മുറയ്ക്ക് പുനഃപരിശോധന നടത്താമെന്ന് ഹർജിക്കാരനോട് പറഞ്ഞിരുന്നുവെന്നും ടിയാൻ കോടതിയിൽ പോകുകയോ പരാതി കൊടുക്കുകയോ ചെയ്തിട്ടില്ലെന്നും അപ്പലേറ്റ് അതോറിറ്റി കളക്ടറാണെന്നും, റിവിഷൻ പെറ്റീഷൻ നൽകണമെങ്കിൽ ബഹു: ഹൈകോടതിയിൽ പോകണമെന്നും ഹർജിക്കാരൻ 2010-ൽ കൊടുത്ത അപ്പീലിന്മേൽ അന്നത്തെ ഡെപ്യൂട്ടി കളക്ടർ പരിശോധിച്ച് മൂന്ന് സർവ്വേ നമ്പരിലും ഒരേ വില ഇടണമെന്ന് റിപ്പോർട്ട് ചെയ്തതിൻ പ്രകാരം 45000/-രൂപ ഫെയർ വാല്യു നിശ്ചയിച്ച് കളക്ടർ ഉത്തരവിറക്കിയെന്നും പാലക്കാട് എ.ഡി.എം. സമിതിയെ അറിയിച്ചു. പ്രസ്തുത സർവ്വേ നമ്പറിലുള്ള ഭൂമിക്ക് 7500/-, 4500/-, 50,000/- എന്നിങ്ങനെയായിരുന്നു മുൻപുണ്ടായിരുന്ന വില എന്നും ആ തുകകൾ ഏകീകരിച്ചാണ് 45000/- രൂപയിൽ ഫിക്സ് ചെയ്തത് എന്നും ഹർജിക്കാരൻ കളക്ടറുടെ അപ്പീലിനെതിരെ റിവിഷൻ പെറ്റീഷൻ കൊടുക്കേണ്ടതായിരുന്നു എന്നും ടി യോഗത്തിൽ എ.ഡി.എം. സമിതിയെ അറിയിക്കുകയും ചെയ്തു.

തെളിവെടുപ്പിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ സ്ഥലത്തിന്റെ ഫെയർ വാല്യു അപാകത പരിഹരിക്കാൻ ഒരവസരം കൂടി നൽകണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്യാൻ ടി സമിതി യോഗം തീരുമാനിച്ചു.

സമിതിയുടെ പ്രസ്തുത ശിപാർശ അറിയിച്ചുകൊണ്ട് 13.09.2018-ൽ റവന്യൂ (ജി) വകുപ്പിലേക്ക് കത്തയച്ചു. സമിതിയുടെ മേല്പറഞ്ഞ ശിപാർശയിന്മേൽ സ്വീകരിച്ച തുടർ നടപടി സംബന്ധിച്ച് 20.11.2021-ലെ കത്ത് മുഖേന റവന്യൂ (ജി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

വനാതിർത്തിയിലുള്ള വസ്തുവിന്റെ ഫെയർ വാല്യു നിശ്ചയിച്ചതിലെ അപാകത തിരുത്തികിട്ടുന്നതിന് ശ്രീ. രമേഷ് നായർ, പാലക്കാട് സമർപ്പിച്ച ഹർജിയിലെ വിഷയം പാലക്കാട് ജില്ലയിൽ വച്ച് നടന്ന തെളിവെടുപ്പ് യോഗത്തിൽ സമിതി ഒരവസരം കൂടി നൽകണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്യുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ "ശ്രീ. രമേഷ് നായർ, കത്തന്നൂർ, പാലക്കാട് എന്നവർ സമർപ്പിച്ച ന്യായവില അപ്പീൽ അപേക്ഷയിന്മേൽ തീർപ്പുകൽപ്പിച്ചിട്ടുള്ളതാണ് എന്ന്

പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

പാലക്കാട് ജില്ല, ആലത്തൂർ താലൂക്ക്, കുത്തനൂർ 1 വില്ലേജിൽ, ബ്ലോക്ക് നമ്പർ 12, റീസർവ്വെ നമ്പർ 466/2, 3, 12, 17, 467/2, 468/7, 9, 12 എന്നിവയിൽ ഉൾപ്പെട്ട ആകെ 1.1964 ഹെക്ടർ (2.955 ഏക്കർ) സ്ഥലത്തിന്റെ ന്യായവില നിശ്ചയിച്ചിരിക്കുന്നത് വളരെ കൂടുതലാണെന്നും, ആയതിനാൽ പുനർനിർണ്ണയിച്ച് നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. രമേഷ് നായർ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും, ജില്ലാ കളക്ടറുടെ 28.11.2011 തീയതിയിലെ ഡി4-2010/62266/9 നമ്പർ നടപടിക്രമം പ്രകാരം ടി അപ്പീൽ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കുകയും ചെയ്തിരുന്നു. ടി ഉത്തരവിനെതിരെയാണ് അപേക്ഷകൻ പരാതി സമർപ്പിച്ചിരിക്കുന്നത്.

ഫെയർവാല്യൂ അപ്പീൽ അപേക്ഷയിന്മേൽ ജില്ലാ കളക്ടറുടെ ഉത്തരവ് അന്തിമമാണ് എന്നതിനാലും, ടി ഫയൽ റീഓപ്പൺ ചെയ്ത് ന്യായവില വീണ്ടും പുനഃപരിശോധിക്കുവാൻ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ജില്ലാ കളക്ടർക്ക് അധികാരമില്ലാത്തതിനാലും സമിതിയുടെ നിർദ്ദേശത്തെ തുടർന്ന് സർക്കാരിൽ നിന്നും ടിയാന്റെ അപേക്ഷ പുനഃപരിശോധന നടത്തുന്നതിന് പാലക്കാട് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയത് പ്രകാരം ശ്രീ. രമേഷ് നായരുടെ ന്യായവില അപ്പീൽ അപേക്ഷ പുനഃപരിശോധിച്ച്, നിലവിലെ സ്ഥിതിഗതികൾ വിലയിരുത്തി, വിശദമായ സ്ഥല പരിശോധനാ റിപ്പോർട്ട് സമർപ്പിക്കുവാൻ പാലക്കാട് സബ് കളക്ടർക്ക് നിർദ്ദേശം നൽകുകയും കുത്തനൂർ 1 വില്ലേജാഫീസർ, ആലത്തൂർ തഹസിൽദാർ, പാലക്കാട് സബ് കളക്ടർ എന്നിവരുടെ സ്ഥലപരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുകയും, ടി വിഷയത്തിൽ അപേക്ഷകന്റെ ഭാഗം കേൾക്കുന്നതിനായി അവസരം നൽകികൊണ്ട് 18.11.2021-ന് ഹിയറിംഗ് നടത്തി, ടിയാന്റെ മൊഴി രേഖപ്പെടുത്തുകയും ചെയ്യുകയുണ്ടായി എന്ന് പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

അപ്പീൽ അപേക്ഷയിൽ അപേക്ഷകന്റെ കൂടി വാദവും ആവശ്യവും മുഖവിലക്കെടുത്തും, നീതിയുക്തമായും, അന്വേഷണ റിപ്പോർട്ടുകൾ വിശകലനം ചെയ്തുകൊണ്ടും, ശ്രീ. രമേശ് നായർ എന്നവരുടെ ന്യായവില അപ്പീൽ അപേക്ഷയിൽ 19.11.2021-ൽ DCPKD/15865/2019-D4 നമ്പർ നടപടിക്രമം പ്രകാരം ശ്രീ. രമേശ് നായർ എന്നവരുടെ ഉടമസ്ഥതയിൽ ഉള്ള ആലത്തൂർ താലൂക്ക്, കുത്തനൂർ 1 വില്ലേജ്, ബ്ലോക്ക് നമ്പർ 12, റീസർവ്വെ നമ്പർ 466/2, 3, 12, 17, 467/2, 468/7, 9, 12

എന്നിവയിൽ ഉൾപ്പെട്ട ആകെ 1.1964 ഹെക്ടർ സ്ഥലത്തിൽ ഏറിയപങ്കും മലഞ്ചെരിവായി കാണപ്പെടുന്നതാണെന്നും, ആയതിൽ, നിലവിൽ തെങ്ങ് വച്ചിട്ടുള്ള ഭാഗങ്ങൾ മാത്രമാണ് നിരന്ന ഭൂമിയായിട്ടുള്ളതെന്നും, ബാക്കിയെല്ലാം കുന്നിൻ പ്രദേശമാണെന്നും, കല്ലുകൾ നിറഞ്ഞ ദുഷ്കരമായ വഴി സൗകര്യം മാത്രമാണുള്ളതെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ആലത്തൂർ താലൂക്ക്, കുത്തന്നൂർ 1 വില്ലേജ്, ബ്ലോക്ക് നമ്പർ 12, റീസർവ്വെ നമ്പർ 466/2, 466/3, 466/12, 466/17, 468/7, 468/12 എന്നിവയിൽ ഉൾപ്പെട്ട മൊത്തം ഭൂമിയെ "Wet Land" എന്ന ക്ലാസിഫിക്കേഷനിൽ ന്യായവില ആറൊന്നിന് രൂ. 4,500/- (നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആയും, റീസർവ്വെ നമ്പർ 467/2, 468/9 എന്നിവയിൽ ഉൾപ്പെട്ട മൊത്തം ഭൂമിയെ "Dry Land" എന്ന ക്ലാസിഫിക്കേഷനിൽ ന്യായവില ആറൊന്നിന് രൂ. 7,500/- (ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആയും പുനർനിശ്ചയിച്ചുകൊണ്ട് പാലക്കാട് ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്ന വിവരം സമിതി മുമ്പാകെ അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 24.11.2021-ലെ സമിതി യോഗം ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിച്ചു

സമിതിയുടെ ഇടപെടൽ മൂലം പരാതിക്ക് പരിഹാരമുണ്ടായതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

**16. റവന്യൂ ഉദ്യോഗസ്ഥരുടെ സ്വജന പക്ഷപാതത്തിനെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. സജിവർക്കി ആനക്കല്ലുങ്കൽ സമർപ്പിച്ച ഹർജി.**

**(ഫയൽ നമ്പർ 21648/ഹർജി സി2/2016/നി.സെ)**

കോട്ടയം ജില്ലയിലെ ഭരണങ്ങാനം വില്ലേജിൽ റീസർവ്വേ നമ്പർ 120/3-ൽപ്പെട്ട സ്ഥലത്ത് സജിമോൻഎബ്രഹാം എന്നയാൾ പാറഖനനം നടത്തുന്നതിനുവേണ്ടി എക്സ്പ്ലോസീവ് മാഗസിൻ സ്ഥാപിക്കുന്നതിന് എൻ.ഒ.സി യ്ക്കു വേണ്ടി കോട്ടയം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയെന്നും, പ്രസ്തുത എക്സ്പ്ലോസീവ് ലൈസൻസ് നൽകിയാൽ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുമെന്നും അപൂർവ്വങ്ങളായ വിവിധ ജീവജാലങ്ങളുടെ ആവാസ കേന്ദ്രമായ പ്രസ്തുത പ്രദേശത്തെ പ്രകൃതിദത്ത ആവാസ വ്യവസ്ഥയ്ക്ക് ഭംഗമുണ്ടാകുമെന്നും അയ്യായിരത്തിലേറെ വരുന്ന കുടുംബങ്ങളുടെ സ്വൈര ജീവിതം തകരാറിലാകുമെന്നുമുള്ള കാരണങ്ങളാൽ എക്സ്പ്ലോസീവ് ലൈസൻസ് നൽകുന്നതിനെതിരെ നാട്ടുകാണി

സംരക്ഷണ സമിതിക്കുവേണ്ടി കൺവീനർ സജി വർക്കി ആനക്കല്ലുങ്കൽ, ചെയർമാൻ റിജോ ജോർജ്ജ് എന്നിവർ 07.10.2016-ൽ കോട്ടയം ജില്ലാ കളക്ടർക്ക് പരാതി നൽകിയെന്നും, എക്സ്പ്ലോസീവ് ലൈസൻസ് നൽകുന്നത് സംബന്ധിച്ച് പ്രസ്തുത പ്രദേശം സന്ദർശിച്ച് റിപ്പോർട്ട് നൽകുന്നതിനായി ADM ഉൾപ്പെടെയുള്ള റവന്യൂ ഉദ്യോഗസ്ഥർ 15.10.2016-ൽ പാറമട ലോബിയുടെ വാഹനത്തിൽ അവരോടൊപ്പമാണ് സ്ഥലം സന്ദർശിച്ചതെന്നും, ആയതുകൊണ്ടുതന്നെ പാറമട ലോബിയുടെ സ്വാധീനത്തിൽപ്പെട്ട് അവർക്ക് അനുകൂലമായി റിപ്പോർട്ട് നൽകുവാൻ സാധ്യതയുണ്ടെന്നും ആയതിനാൽ പാറമട ലോബിയുടെ സ്വകാര്യ വാഹനത്തിൽ പ്രദേശം സന്ദർശിച്ച ADM-നെതിരെയും, മറ്റ് റവന്യൂ ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിക്കണമെന്ന് 19.10.2016-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 30.10.2016-ൽ റവന്യൂ വകുപ്പിലേക്കയച്ചു. ഹർജിയിന്മേൽ റവന്യൂ(സി) വകുപ്പ് ലഭ്യമാക്കിയ 09.12.2020-ലെ കത്ത് മുഖേനയുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കോട്ടയം ജില്ലാ കളക്ടർ മുമ്പാകെ സമന്വയം ജലനിധി ഗുണഭോക്തൃസംഘം ആലമറ്റവും നാട്ടുകാണി സംരക്ഷണ സമിതിയും ചേർന്ന് സമർപ്പിച്ച ഹർജിയിന്മേൽ ആരോപണങ്ങളുടെ നിജസ്ഥിതി നേരിട്ട് ബോധ്യപ്പെടുന്നതിന്റെ ഭാഗമായി കോട്ടയം അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ഭരണങ്ങാനം വില്ലേജ് ഓഫീസറുടെയും കടനാട് വില്ലേജ് ഓഫീസറുടെയും സാന്നിദ്ധ്യത്തിൽ 15.10.2016-ന് ഔദ്യോഗിക വാഹനത്തിൽ പോയി നേരിട്ട് സ്ഥലം പരിശോധിച്ചു. പരിശോധനാ സമയം ടി സ്ഥലത്ത് കൂടിയ ജനങ്ങൾ സ്ഥലപരിശോധനയ്ക്ക് തടസ്സമുണ്ടാകത്തക്ക രീതിയിൽ പെരുമാറിയെങ്കിലും സ്ഥല പരിശോധന നടത്തി. സ്ഥലപരിശോധനയിൽ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നതും ജില്ലാ കളക്ടറുടെ മുന്നിലുള്ള പരാതിയിൽ ആരോപിച്ചിരിക്കുന്നതുമായ കാര്യങ്ങൾ ശരിയാണെന്ന് ബോധ്യപ്പെട്ടു. ശ്രീ. സജിമോൻ എബ്രഹാം, മാനേജിംഗ് ഡയറക്ടർ, പാലാ മെറ്റൽസ് ആന്റ് സാന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ സ്ഫോടക വസ്തു ചട്ടങ്ങൾ ചട്ടം 103(a) പ്രകാരം പൊതുജന താൽപര്യത്തിന് എതിരാണെന്ന് ബോധ്യപ്പെട്ടതിനാൽ ടി അപേക്ഷ നിരസിച്ചിട്ടുള്ളതും ടി വിവരം ഹർജി കക്ഷിയെ അറിയിച്ചിട്ടുള്ളതും ഹർജിക്കാരന്റെ പരാതിക്ക് പരിഹാരം ഉണ്ടായിട്ടുള്ളതുമാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 15.09.2021-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ ഇടപെടൽമൂലം ഹർജി വിഷയത്തിൽ പരിഹാരമുണ്ടായതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

## 17. പട്ടയം ലഭിക്കുന്നതിനുവേണ്ടി ശ്രീമതി ശാന്തമ്മ, കാസർഗോഡ് സമർപ്പിച്ച ഹർജി.

**(ഫയൽ നമ്പർ 12838/ഹർജിസി3/2003/ലെജി.)**

ഹർജിക്കാരി കഴിഞ്ഞ 10 വർഷത്തോളമായി ഹോസ്ദുർഗ് താലൂക്കിൽ ബേളൂർ വില്ലേജിൽ റി.സ. നമ്പർ 408/3 ബി5-ൽ പ്പെട്ട 50 സെന്റ് മിച്ച ഭൂമിയിൽ വീട് വച്ച് താമസിക്കുകയാണെന്നും പട്ടയം ലഭിക്കാത്തതിനാൽ പുരയ്ക്ക് വീട്ടു നമ്പരോ, റേഷൻ കാർഡോ പഞ്ചായത്തിൽ നിന്നുള്ള ആനുകൂല്യങ്ങളോ ലഭിക്കുന്നില്ലെന്നും നിരവധി തവണ ബന്ധപ്പെട്ടവർക്ക് പരാതി നൽകിയെന്നും എന്നാൽ നാളിതുവരെ പരാതിക്ക് പരിഹാരമായില്ലെന്നും ആയതിനാൽ പ്രസ്തുത ഭൂമിക്ക് പട്ടയം ലഭിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് 20.10.2003 ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 23.11.2003-ൽ റവന്യൂ വകുപ്പിലേക്ക് അയച്ചു. ഹർജി വിഷയം സംബന്ധിച്ച റിപ്പോർട്ട് ലഭിക്കാത്തതിനെ തുടർന്ന് 29.11.2006-ൽ കാസർഗോഡ് കളക്ടേറ്റിൽ കൂടിയ തെളിവെടുപ്പ് യോഗത്തിൽ ഹർജി വിഷയം സമിതി പരിഗണിച്ചു. പ്രസ്തുത യോഗത്തിൽ ഹർജി വിഷയം സംബന്ധിച്ച് ഗവൺമെന്റിലേയ്ക്ക് അനുകൂല മറുപടി അയച്ചുവെന്നും ഹർജി പരിഹരിക്കാൻ വേണ്ടതു ചെയ്യാമെന്നും റവന്യൂ വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചിരുന്നു. അക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ സമിതി ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

ഹർജി വിഷയത്തിൽ തുടർ നടപടികളൊന്നും സ്വീകരിക്കാതിരുന്നതിനെ തുടർന്ന് 13.06.2008 ന് കാസർഗോഡ് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ഹർജി വിഷയം വീണ്ടും സമിതി പരിഗണിച്ചു. പൊതു ആവശ്യത്തിനുവേണ്ടി റിസർവ് ചെയ്ത സ്ഥലമാകയാൽ പ്രസ്തുത റിസർവേഷൻ മാറ്റുന്നതിന് ലാന്റ് ബോർഡും ഗവൺമെന്റും തീരുമാനമെടുത്തെങ്കിൽ മാത്രമേ

നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂവെന്ന് പ്രസ്തുത യോഗത്തിൽ ജില്ലാ കളക്ടർ സമിതിയെ അറിയിക്കുകയുണ്ടായി. തുടർന്ന് റവന്യൂ (എൻ) വകുപ്പിൽ നിന്നും ലഭിച്ച 04.11.2008 ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഹോസ്ദുർഗ് താലൂക്കിലെ ബേളൂർ ഗ്രാമം റീ. സർവേ നമ്പർ 408/3ബി 5 ൽപ്പെട്ട 50 സെന്റ് മിച്ച ഭൂമിയിൽ വർഷങ്ങളായി താമസിച്ചുവരുന്ന ശ്രീമതി ശാന്തമ്മ സ്ഥലം പതിച്ചു നൽകണമെന്നാവശ്യപ്പെട്ട് ഹർജികൾ സംബന്ധിച്ച സമിതിയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഇതേ വിഷയം സംബന്ധിച്ച് മറ്റൊരു ഫയലിൽ തീർപ്പാക്കുകയുണ്ടായി. അതനുസരിച്ച് പൊതു ആവശ്യത്തിനായി മാറ്റിവെച്ച ഭൂമിയിൽ അനധികൃതമായി കയ്യേറി താമസിച്ചുവരുന്ന ശ്രീമതി ശാന്തമ്മയുടെ കയ്യേറ്റം ഒഴിപ്പിക്കാനും കയ്യേറ്റം തടയുന്നതിന് വീഴ്ച വരുത്തിയ റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും നിയമ വകുപ്പ് ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ കയ്യേറ്റം ഒഴിപ്പിക്കുവാനും കയ്യേറ്റം തടയുന്നതിൽ വീഴ്ച വരുത്തിയ റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും സർക്കാർ കാസർഗോഡ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്."

സമിതിയുടെ 29.11.2006-ലെ തെളിവെടുപ്പിൽ ഈ വിഷയത്തിൽ ഗവൺമെന്റിലേയ്ക്ക് അനുകൂല മറുപടി അയച്ചുവെന്നും ഹർജി പരിഹരിക്കാൻ വേണ്ടതു ചെയ്യാമെന്നും കളക്ടർ സമിതിയെ അറിയിച്ചിരുന്നു. അതിനുശേഷം 13.06.2008 ലെ തെളിവെടുപ്പിൽ പൊതു ആവശ്യത്തിനുവേണ്ടി റിസർവ് ചെയ്ത സ്ഥലമാണെന്നും പ്രസ്തുത റിസർവേഷൻ മാറ്റുന്നതിന് ലാന്റ് ബോർഡും ഗവൺമെന്റും തീരുമാനമെടുത്തെങ്കിൽ മാത്രമേ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂവെന്നും ജില്ലാ കളക്ടർ അറിയിച്ചിരുന്നു. കയ്യേറ്റം ഒഴിപ്പിക്കുവാനും കയ്യേറ്റം തടയുന്നതിൽ വീഴ്ചവരുത്തിയ റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും സർക്കാർ കാസർഗോഡ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണെന്നുമുള്ള ഗവൺമെന്റ് റിപ്പോർട്ടിലെ വൈരുദ്ധ്യങ്ങൾ പരിശോധിച്ച 14.05.2009 ലെ സമിതി യോഗം പ്രസ്തുത ഹർജി വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുവാൻ തീരുമാനിച്ചു. തുടർന്ന് 13.03.2013 ൽ കാസർഗോഡ് വച്ച് ചേർന്ന സമിതിയുടെ തെളിവെടുപ്പ് യോഗം ഹർജി വിഷയം വീണ്ടും പരിഗണിക്കുകയും പട്ടയം ആവശ്യപ്പെട്ട ഭൂമി പൊതു ആവശ്യത്തിന് മാറ്റി വെച്ച ഭൂമി ആയതിനാൽ

ഉചിതമായ തീരുമാനം കൈക്കൊണ്ട് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തു. സമിതി നിർദ്ദേശം റവന്യൂ (എൽ) വകുപ്പിനെ 10.06.2013-ലെ കത്തു മുഖേന അറിയിച്ചുവെങ്കിലും അതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ ഹർജി വിഷയം 31.10.2017-ൽ കാസർഗോഡ് ജില്ലയിൽ വച്ച് ചേർന്ന തെളിവെടുപ്പ് യോഗം വീണ്ടും പരിഗണിച്ചു. ഹർജിയിൽ പരാമർശിച്ചിരിക്കുന്ന സ്ഥലം സംബന്ധിച്ച് ലാന്റ് ബോർഡും സർക്കാരും തീരുമാനമെടുത്താൽ പട്ടയം കൊടുക്കാമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ടി യോഗത്തിൽ സമിതിയെ അറിയിച്ചതിനെ തുടർന്ന് പ്രസ്തുത വിഷയത്തിന്മേൽ ലാന്റ് ബോർഡിന്റെ തീരുമാനം വന്നതിനു ശേഷം തുടർ നടപടികൾ സ്വീകരിക്കാമെന്ന് സമിതി തീരുമാനിച്ചു.

ഹർജി വിഷയം സംബന്ധിച്ച് റവന്യൂ (എൽ) വകുപ്പ് 05.12.2017-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"വെള്ളരിക്കുണ്ട് താലൂക്കിലെ ബേളൂർ വില്ലേജിൽ റീ.സ.നം.408/3 ബി5-ൽ ശ്രീ. എ.സി. കൃഷ്ണൻ നായരിൽ നിന്നും ഏറ്റെടുത്ത മിച്ചഭൂമിയിൽ പൊതു ആവശ്യത്തിനായി നീക്കി വച്ച 4.00 ഏക്കർ ഭൂമിയിൽ, 0.50 ഏക്കർ ഭൂമി ശ്രീമതി ശാന്തമ്മ എന്നവർ കയ്യേറി അനുഭവങ്ങളുണ്ടാക്കി കൈവശം വച്ചു വരികയും ആയത് പതിച്ചു കിട്ടുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. അപേക്ഷയിന്മേൽ അന്വേഷണം നടത്തി ഹോസ്ദുർഗ്ഗ് അഡീഷണൽ തഹസിൽദാർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ശാന്തമ്മ കയ്യേറി കൈവശം വച്ചു വരുന്ന ഭൂമി ഡിസ് റിസർവ് ചെയ്ത് ടിയാൾക്ക് പതിച്ചു നൽകുന്നതിനായി സമർപ്പിച്ച ജില്ലാ കളക്ടറുടെ ശുപാർശ സർക്കാർ നിരാകരിക്കുകയും ശ്രീമതി ശാന്തമ്മയുടെ അനധികൃത കയ്യേറ്റം അടിയന്തരമായി ഒഴിപ്പിക്കാനും കയ്യേറ്റം തടയുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശിച്ചിരുന്നു. എന്നാൽ ശ്രീമതി ശാന്തമ്മ 20.10.2003-ന് വീണ്ടും സമിതി മുമ്പാകെ നിവേദനം സമർപ്പിക്കുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ 03.03.2004-ലും 12.12.2006-ലും ശ്രീമതി ശാന്തമ്മയ്ക്ക് കൈവശ ഭൂമി ഡിസ് റിസർവ് ചെയ്ത് പതിച്ചു നൽകുന്നതിന് സർക്കാരിനോട് വീണ്ടും അപേക്ഷിച്ചിരുന്നെങ്കിലും 26.12.2003-ലെ ഉത്തരവ് നടപ്പാക്കി റിപ്പോർട്ട് ചെയ്യാനാണ് ആവശ്യപ്പെട്ടത്. ആയത് പ്രകാരം കാസർഗോഡ് റവന്യൂ ഡിവിഷണൽ ഓഫീസറോട് നടപടികൾ സ്വീകരിക്കാൻ

ആവശ്യപ്പെട്ടുകയും, ശ്രീമതി ശാന്തമ്മ കയ്യേറിയ സ്ഥലം ഉടൻ ഒഴിയാൻ ആവശ്യപ്പെട്ടുകയും ചെയ്തു. എന്നാൽ വർഷങ്ങളായി അനുഭവങ്ങളുണ്ടാക്കി, വീട് വച്ച് താമസിച്ച് വന്നിരുന്നവരെ, സാമൂഹ്യ പ്രശ്നങ്ങൾ അടക്കമുള്ള കാരണങ്ങളാൽ ഒഴിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. കാസർഗോഡ് ജില്ലയിൽ ചേർന്ന സമിതിയുടെ 13.03.2013-ലെ തെളിവെടുപ്പ് യോഗത്തിന് ശേഷം തനിക്ക് മറ്റ് ഭൂമിയൊന്നും ഇല്ലെന്നും ആയതിനാൽ പട്ടയം ആവശ്യപ്പെട്ട ഭൂമി പതിച്ച് നൽകണമെന്നും ആവശ്യപ്പെട്ട് ഹർജിക്കാരി തുടർ ഹർജി സമർപ്പിച്ചിരുന്നു.

ശ്രീമതി ശാന്തമ്മയുടെ പേരിലോ ഭർത്താവ് ശ്രീ. ഷാജിയുടെ പേരിലോ ഭൂസ്വത്തുക്കൾ ഒന്നും ഇല്ലാത്തതും, ഇവർ കൈവശം വച്ച് വരുന്ന സ്ഥലം വാസയോഗ്യമായതും, ടി സ്ഥലത്തിന്റെ പരിസരത്ത് വേറെ ആളുകൾ താമസമുള്ളതുമാണ് എന്നീ വിഷയങ്ങൾ ബഹു. ലാൻഡ് ബോർഡ് സെക്രട്ടറിക്ക് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ പൊതു ആവശ്യത്തിന് നീക്കി വച്ചിരിക്കുന്ന ഭൂമി ഡിസ് റിസർവ് ചെയ്ത് പതിച്ച് കൊടുക്കുവാൻ സാധ്യമാണ് എന്നതിനാൽ ബഹു. ലാൻഡ് ബോർഡ് സെക്രട്ടറിയുടെ ഉത്തരവ് ലഭിച്ചാലുടൻ ടി സ്ഥലം അപേക്ഷകയ്ക്ക് അർഹതക്കനുസരിച്ച് പതിച്ച് നൽകാവുന്നതാണെന്ന വിവരം നിയമസഭാ സമിതിയെ അറിയിക്കുന്നു."

ഹർജി വിഷയത്തിന്മേലുള്ള അന്തിമ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് നിരവധി കത്തിടപാടുകൾ നടത്തിയിട്ടും റിപ്പോർട്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത വിഷയം 24.11.2021-ലെ സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ഉൾപ്പെടുത്തിയതിനെ തുടർന്ന് റവന്യൂ(എം) വകുപ്പ് 18.11.2021-തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കാസർഗോഡ് ജില്ലയിൽ ബേളൂർ വില്ലേജിൽ ശ്രീ. എ.സി.കൃഷ്ണൻ നായരിൽ നിന്നും ഏറ്റെടുത്ത റീ.സ. 408/3 ബി 5-ൽപ്പെട്ട 0.50 ഏക്കർ ഭൂമി സ്റ്റേറ്റ് ലാന്റ് ബോർഡ് സെക്രട്ടറിയുടെ 27.04.2020-ലെ എൽ.ബി.ബി. 9-8081/13 നടപടി ക്രമം പ്രകാരം ഡി-റിസർവ് ചെയ്ത് ലഭിച്ചിട്ടുണ്ട്. തുടർന്ന് 14.09.2021-ന് നടന്ന പട്ടയമേളയിൽ വച്ച് അപേക്ഷകയായ ശ്രീമതി ശാന്തമ്മയ്ക്ക് ഭൂമി പതിവ് പ്രമാണം നൽകിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 24.11.2021-ലെ സമിതി യോഗം ടി റിപ്പോർട്ട് അംഗീകരിക്കുകയും ഫയൽ നടപടി അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ നിരന്തരമായ ഇടപെടൽ മൂലം ഹർജി വിഷയം പരിഹൃതമായതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

**18. കൈവശഭൂമിക്ക് പട്ടയം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. എം.കെ. അബ്ദുള്ള, കാസർഗോഡ് സമർപ്പിച്ച ഹർജി.**

**(ഫയൽ നം. 15775/ഹർജി സി3/2013/നി.സെ.)**

കാസർഗോഡ് ജില്ലയിലെ ഉജ്ജാർ ഉള്ളുവാർ വില്ലേജിൽ 1968 മുതൽ ഹർജിക്കാരന്റെ പിതാവിന്റെ കൈവശമുള്ള സർവ്വെ നമ്പർ 13/1F-ൽപ്പെട്ട 23 സെന്റ് സ്ഥലം പതിച്ചുകിട്ടുന്നതിനായി പലതവണ അപേക്ഷ നല്കിയതിനെത്തുടർന്ന് വില്ലേജ് ഓഫീസർ സ്ഥലം അളന്ന് LA6/88 നമ്പർ അനുവദിച്ചുവെന്നും എന്നാൽ സ്ഥലത്തിന് പട്ടയം നൽകിയില്ലെന്നും ആയതിനാൽ സമിതി ഇടപെട്ട് ഹർജിക്കാരന് പട്ടയം അനുവദിക്കണമെന്നും 21.05.2013-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 19.06.2013 ലെ കത്ത് മുഖേന റവന്യൂ വകുപ്പിലേക്ക് അയച്ചു. 25.10.2017-ലെ കത്തുമുഖേന ഹർജി വിഷയം സംബന്ധിച്ച് റവന്യൂ (എൽ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"മഞ്ചേശ്വരം താലൂക്കിൽ, ഉജ്ജാർഉള്ളുവാർ വില്ലേജിൽ റീ.സ.നം. 13/1 പാർട്ടിൽപ്പെട്ട 0.13 ഏക്കർ സ്ഥലം അപേക്ഷകനായ ശ്രീ. എം. കെ. അബ്ദുള്ള, S/o. ഇബ്രാഹിം, കോരത്തിലെ വീട് എന്നയാളുടെ കൈവശാനുഭവത്തി ലുണ്ടായിരുന്നതും, ബൊംബ്രാന വില്ലേജ് ഓഫീസർ (ഗ്രൂപ്പ് വില്ലേജ്) ഭൂമി പതിവിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതുമാണെന്ന് മഞ്ചേശ്വരം തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ അപേക്ഷകൻ ഒരു വർഷം മുമ്പ് മരണപ്പെട്ടു. അപേക്ഷാസ്ഥലത്ത് നിലവിൽ ആരും താമസിക്കുന്നില്ല. ആയതിനാൽ ഭൂമി പതിവിനുള്ള അപേക്ഷ നിരസിച്ചിട്ടുള്ളതാണ് എന്ന വിവരം നിയമസഭാ സമിതിയെ അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് 31.10.2017-ൽ കാസർഗോഡ് ജില്ലാകളക്ടറേറ്റിൽ വച്ച് ചേർന്ന സമിതിയോഗം പരിഗണിക്കുകയും ഹർജി വിഷയത്തിനാസ്പദമായ സ്ഥലം ഹർജിക്കാരന്റെ പേരിലാണെന്നും എന്നാൽ ഹർജിക്കാരനും ഭാര്യയും മരണപ്പെട്ടുപോയതിനാൽ പിതാവിന്റെ പേരിലുള്ള സ്ഥലം ഭൂരഹിതരായ മക്കൾക്ക്

പതിച്ച് നൽകണമെന്നാവശ്യപ്പെട്ട് സംയുക്തമായി തഹസിൽദാർക്ക് അപേക്ഷ നൽകുവാൻ യോഗത്തിൽ ഹാജരായ ഹർജിക്കാരന്റെ മക്കളോടും അപേക്ഷ ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോടും സമിതി നിർദ്ദേശിക്കുകയും ചെയ്തു. സമിതിയുടെ പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർ നടപടി സംബന്ധിച്ച് റവന്യൂ(എം) വകുപ്പ് 30.01.2021-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" അപേക്ഷകനായ ശ്രീ. എം. കെ. അബ്ദുള്ള, S/o ഇബ്രാഹിം എന്നയാൾ ഗൾഫിൽ വച്ച് മരണപ്പെട്ടിട്ടുള്ളതും ടിയാന്റെ കൈവശത്തിൽ ഉണ്ടായിരുന്ന ബംബ്രാണ ഗ്രൂപ്പ് വില്ലേജിന്റെ പരിധിയിലുള്ളതും ഉജാർ ഉള്ളുവാർ വില്ലേജിൽ റീസ.നം. 13/1പാർട്ടിൽപ്പെട്ട 0.15 ഏക്കർ ഭൂമി ടിയാന്റെ ഭാര്യയായ ശ്രീമതി മറിയമ്മ എന്നവരുടെ പേരിൽ എൽ.എ. 02/17/ഉജാർ ഉള്ളുവാർ പതിവ് ഫയൽ പ്രകാരം പതിച്ച് നൽകി 23.11.2018-ന് പട്ടയം നൽകിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 03.02.2021-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടി അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ ഇടപെടൽമൂലം ഹർജി വിഷയം പരിഹൃതമായതിൽ സമിതിയ്ക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

## 19. അനധികൃത പാറമടകൾക്കെതിരെ നടപടി ആവശ്യപ്പെട്ട് എറണാകുളം ജില്ലയിലെ പായിപ്ര പഞ്ചായത്ത് നിവാസികൾ സമർപ്പിച്ച ഹർജി

**(ഫയൽ നമ്പർ 17116/ഹർജി സി3/2017/നി.സെ.)**

പായിപ്ര പഞ്ചായത്തിൽപ്പെട്ട മാനാറികരയിൽ നിരവധി പാറമടകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ ഭൂരിഭാഗവും ലൈസൻസില്ലാത്തവയോ ഭാഗികമായി മാത്രം ലൈസൻസുള്ളവയോ ആണെന്നും ക്വാറികളോടനുബന്ധിച്ച് ഒട്ടേറെ അപകടങ്ങളും നാശനഷ്ടങ്ങളും സംഭവിക്കുന്നുണ്ടെന്നും ജലസ്രോതസ്സുകൾ വറ്റി വരളുന്നുവെന്നും ജലദൗർലഭ്യം മൂലം കൃഷി നാശമുണ്ടാകുന്നുവെന്നും ചട്ടങ്ങൾ ലംഘിച്ചുകൊണ്ടാണ് പാറമടകൾ പ്രവർത്തിക്കുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും പാറമട ഉടമസ്ഥർക്ക് കൂട്ടു നിന്ന് അഴിമതിയിൽ പങ്കു ചേരുന്നുവെന്നും ആയതിനാൽ അത്തരം അനധികൃത പാറമടകളുടെ പ്രവർത്തനം തടയണമെന്ന് പായിപ്ര പഞ്ചായത്തിലെ മാനാറികര നിവാസികൾ 27.03.2017 തീയതിയായി സമിതി മുമ്പാകെ

സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 22.04.2017-ൽ റവന്യൂ വകുപ്പിലേക്ക് അയച്ചു.

ഹർജി വിഷയം സംബന്ധിച്ച് റവന്യൂ(പി) വകുപ്പ് 25.09.2019-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"മൂവാറ്റുപുഴ താലൂക്ക് മുളവൂർ വില്ലേജിൽ 2016-17 വർഷത്തിൽ താഴെ പറയും പ്രകാരം ക്വാറികൾ അനുവദിക്കപ്പെട്ടിരുന്നു.

| ക്രമ നമ്പർ | ക്വാറി നടത്തുന്നയാളുടെ പേരും വിലാസവും | സർവ്വെ നമ്പർ |
|---|---|---|
| 1. | പി.എം ബഷീർ, പുതുക്കാടൻ, വെങ്ങോല | 994/1 mpt, 994/34pt, 994/40pt |
| 2. | പി.എം ബഷീർ, പുതുക്കാടൻ, വെങ്ങോല | 1054/28-1 |
| 3. | പി. സി. സാബു, പുളിനാട്ട് മാനാറി | 1009/24, 26 |
| 4. | പി.സി. വർഗ്ഗീസ്, പുളിനാട്ട് മാനാറി | 1008/1-71, 100/2-3 |
| 5. | സക്കീർ ഹുസൈൻ, മറ്റത്തിൽ, കാളക്കുഴി | 1087/1A-16 |
| 6. | സി.എം. നൗഷാദ്, ഇലത്തായിൽ വീട് | 1146/1K34 |
| 7. | ദീപു രഞ്ജിത്ത്, സൗപർണ്ണിക, വെള്ളൂർക്കുന്നം | 1008/1-45, 1-46, 1-82, 1-86, 1-7, 1009/10-1 |
| 8. | കുഞ്ഞുപോൾ പി. ജേക്കബ്, പരുത്തുവയലിൽ | 1008/16, 17 |
| 9. | പി.കെ. റോബി, പുത്തേടത്ത് മൂലയിൽ, മാനാറി | 585/1 |
| 10. | അബ്രഹാം ജോർജ്ജ്, കാട്ടുകുടിയിൽ | 1008/1-1 |
| 11. | എം.കെ. സലിം ഹാജി, മുണ്ടേത്ത് തെക്കേവീട്, വെസ്റ്റ് വെങ്ങോല, പെരുമ്പാവൂർ | 1008/1-4, 1-5, 1-6 |
| 12. | എ.എ.ഷെരീഫ്, എട്ടുകാട്ടിൽ, എടത്തല | 1087/1A2 |
| 13. | ഷിജി തോമസ്, കാറ്റാടി | 1008/1-7 (10) |

മേൽപ്പറഞ്ഞ പാറമടകളിൽ (1), (2), (3), (4), (7), (10), (13) എന്നീ പാറമടകൾക്ക് സ്റ്റോപ് മെമ്മോ നൽകിയിട്ടുള്ളതാണ്.

നിലവിൽ പാറഖനനം ചെയ്യുന്നതിനായി മൈനിംഗ് & ജിയോജിയിൽ ഹാജരാക്കുന്നതിന് സ്കെച്ചിനായി അപേക്ഷ ലഭിക്കുമ്പോൾ വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയതിനു ശേഷമാണ് താലൂക്ക് സർവ്വെയറുടെ സ്കെച്ച് കൗണ്ടർ സൈൻ ചെയ്ത് നൽകാറുള്ളത്. കൂടാതെ ഖനനം നടത്തുന്ന ഭാഗങ്ങൾ മുള്ളുവേലി കെട്ടി എന്ന് ഉറപ്പ് വരുത്തിയതിനുശേഷമാണ് സാക്ഷ്യപത്രം നൽകാറുള്ളതെന്ന് മുളവൂർ വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

ആഴത്തിൽ ഖനനം നടത്തിയതിന് പുതുക്കാടൻ ബഷീറിന്റെ ഉടമസ്ഥതയിലുള്ള സർവ്വെ നമ്പർ 994/1, 34pt, 40pt-ൽപ്പെട്ട പാറമടയ്ക്ക് റവന്യൂ ഡിവിഷണൽ ഓഫീസറുടെ നിർദ്ദേശാനുസരണം 20.04.2017-ൽ മുളവൂർ വില്ലേജ് ഓഫീസർ നിരോധന ഉത്തരവ് നൽകിയിട്ടുള്ളതാണ്.

മുളവൂർ വില്ലേജിൽ സർവ്വെ നമ്പർ 1008/1-10, 1008/1-71 നമ്പറുകളിലായി പാറഖനനം നടത്തുന്നതിന് ഐരാപുരം പരുത്തുവയലിൽ കുഞ്ഞുപോൾ പി. ജേക്കബിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് അനുമതി പത്രം ലഭിച്ചിട്ടുള്ളതാണെന്നും ടി പാറമടയുടെ കിഴക്കുവശത്തായി പരാതിക്കാസ്പദമായ കോളനി റോഡ് സ്ഥിതി ചെയ്യുന്നതാണെന്നും ടി റോഡ് ഗ്രാമപഞ്ചായത്ത് വക പൊതുറോഡല്ല എന്നും സ്വകാര്യ വ്യക്തിയുടെ റോഡാണെന്നും തെളിയിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ 10(14) 19.06.2013 നമ്പർ തീരുമാനത്തിന്റെ പകർപ്പ് ടിയാൻ ഹാജരാക്കിയിട്ടുള്ളതാ- ണെന്നും, ടി റോഡ് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുന്നതാണോയെന്ന വിവരം അറിയുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുള്ളതാണെന്നും ടി പാറമടയുടെ തെക്കുവശത്തായി സ്ഥിതിചെയ്യുന്ന ചിറയിൽ പ്രത്യക്ഷത്തിൽ കയ്യേറ്റമൊന്നും കാണുന്നില്ലാത്തതാണെന്നും മുളവൂർ വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കൂടാതെ പാറഖനനത്തിന് ആവശ്യമായ എല്ലാ ലൈസൻസുകളുമില്ലാത്ത പാറമാടകൾ യഥാസമയം നിരോധന ഉത്തരവ് നൽകി നിർത്തിവയ്ക്കാൻ വില്ലേജ് ഓഫീസർമാർക്ക് ജില്ലാകളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പരാതിയിൽ പരാമർശിച്ചിട്ടുള്ള കയ്യേറ്റങ്ങൾ പരിശോധിയ്ക്കുന്നതിന് താലൂക്ക് സർവ്വെയർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 2015 പ്രകാരം സ്വകാര്യഭൂമിയിലെ പാറഖനനത്തിന് ജില്ലാ കളക്ടർ/റവന്യൂ വകുപ്പിന്റെ അനുമതി ആവശ്യ മില്ലാത്തതാണ്. പഞ്ചായത്ത്, ജിയോളജി, മലിനീകരണ നിയന്ത്രണ ബോർഡ്, എക്സ്പ്ലോസീവ് ലൈസൻസ് തുടങ്ങിയ അധികാര സ്ഥാനങ്ങളിലെ അനുമതി പത്രങ്ങൾ പ്രകാരം ക്വാറികൾ അനുവദിയ്ക്കപ്പെടുന്നു. എങ്കിലും പാറമട സംബന്ധിച്ച പരാതികൾ ധാരാളം ലഭിച്ചുവരുന്നതാണ്. ജിയോളജിസ്റ്റിന്റെ രേഖാമൂലമുള്ള ആവശ്യത്തിൻ പ്രകാരം റവന്യൂ വകുപ്പിന് ഇടപെടാമെന്നാണ് ചട്ടം വ്യവസ്ഥ ചെയ്യുന്നത്."

പാറഖനനവുമായി ബന്ധപ്പെട്ട് റവന്യൂ(പി) വകുപ്പിൽ നിന്ന് നൽകിയ പൊതു നിർദ്ദേശങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. സർക്കാർ പുറമ്പോക്ക് ഭൂമി കയ്യേറി ഖനനം നടത്തുന്നത് തടയുന്നതിന് 05.09.2018-ലെ REV-P2/356/2018-REV നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

2. ക്വാറികളിലെ അപകടം ഒഴിവാക്കാൻ വേലി കെട്ടുകയും സൈൻ ബോർഡ് സ്ഥാപിക്കുകയും ചെയ്യുന്നെന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കാൻ 04.05.2018ലെ REV-P2/184/2018-REV നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.

3. സർക്കാർ ഭൂമിയിൽ നിന്ന് ഖനനം ചെയ്യുന്ന പാറയ്ക്ക് യഥാസമയം സീനിയറേജ് ഈടാക്കാൻ നടപടി സ്വീകരിക്കാൻ 06.10.2018ലെ REV-P2/422/2018-REV നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 15.09.2021-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ ഇടപെടൽ മൂലം ഹർജിവിഷയം പരിഹൃതമായതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

## IX തദ്ദേശസ്വയംഭരണ വകുപ്പ്

### 20. മഴക്കാലത്ത് വീടിന് ചുറ്റും വെള്ളം കെട്ടി നിൽക്കുന്നത് മൂലമുള്ള ബുദ്ധിമുട്ട് സംബന്ധിച്ച് ശ്രീ. നസീർ എഫ്., കൊല്ലം സമർപ്പിച്ച ഹർജി.

**(ഫയൽ നം. 23368/ഹർജിസി1/2017/നി.സെ.)**

കൊല്ലം ചന്ദനത്തോപ്പ് സ്വദേശിയായ ഹർജിക്കാരനും കുടുംബവും താമസിക്കുന്ന വീടും വസ്തുവും റോഡിൽ നിന്നും താഴ്ന്നാണ് സ്ഥിതി ചെയ്യുന്നതെന്നും ആയതിനാൽ മഴക്കാലത്ത് വെള്ളം നിറഞ്ഞ് വീടിനു പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയാണെന്നും അതിനാൽ സാംക്രമിക രോഗങ്ങൾ ഉണ്ടാകുന്നുവെന്നും കിണറിലെ വെള്ളം മലിനമായി ഉപയോഗശൂന്യമായെന്നും അതിനെതിരെ ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളിൽ പരാതി നൽകിയെങ്കിലും പരിഹാരമായില്ലെന്നും ആയതിനാൽ സമിതി ഇടപെട്ട് അടിയന്തര പരിഹാരം ഉണ്ടാക്കണമെന്ന് 23.09.2017-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ഹർജി റിപ്പോർട്ടിനായി 07.10.2017-ൽ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് അയച്ചു.

ഹർജി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് 29.01.2022 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" മഴക്കാലത്ത് വീടിനു ചുറ്റും വെള്ളം കെട്ടി നിൽക്കുന്നതുമായി ബന്ധപ്പെട്ട് ഹർജികൾ സംബന്ധിച്ച സമിതി മുൻപാകെ ശ്രീ. നസീർ എഫ്. സമർപ്പിച്ച ഹർജിയിൽ പരാമർശിക്കുന്ന വിഷയത്തിൽ കൊറ്റങ്കര ഗ്രാമപഞ്ചായത്ത് സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എൻജിനീയർ പരാതിക്ക് ആസ്പദമായ സ്ഥലം നേരിട്ട് പരിശോധിച്ചിരുന്നു. പരാതിക്ക് ആസ്പദമായ സ്ഥലത്ത് താഴ്ഭാഗത്തേയ്ക്ക് മഴവെള്ളത്തിന്റെ ഒഴുക്ക് സുഗമമാകത്തക്ക വിധത്തിൽ ഓടയുള്ളതായും പ്രസ്തുത ഓടയുടെ പടിഞ്ഞാറേ അറ്റത്തായി വലതുഭാഗത്താണ് പരാതിക്കാരന്റെ വീട് എന്നും പരിശോധനാ സമയത്ത് പരാതിക്കാരന്റെ വീടിനു ചുറ്റും വെള്ളക്കെട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടില്ല എന്നും അസിസ്റ്റന്റ് എൻജിനീയറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ കൊറ്റങ്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലാപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൊറ്റങ്കര

വയലിൽ ടാക്കോ ജംഗ്ഷനിൽ ഓടയും കവറിങ് സ്ലാബ് നിർമ്മാണവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത സ്ഥലത്ത് ഓട നിർമ്മിച്ചിട്ടുള്ളത് എന്നാണ് ബോധ്യപ്പെട്ടിട്ടുള്ളതെന്നും പരാതി കക്ഷിയെ നേരിൽ കേട്ടതിൽ തന്റെ പരാതി പരിഹരിക്കപ്പെട്ടിട്ടുള്ളതും നിലവിൽ പരാതി ഇല്ല എന്ന് പരാതിക്കാരൻ രേഖാമൂലം എഴുതിനല്കിയിട്ടുള്ളതാണ് എന്നും കൊറ്റങ്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം സമിതി മുൻപാകെ റിപ്പോർട്ട് ചെയ്യുന്നു."

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 03.02.2021-ലെ സമിതി യോഗം ടി റിപ്പോർട്ട് അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

ഹർജി വിഷയം പരിഹൃതമായതിൽ സമിതിയ്ക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

**21. ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി ശ്രീമതി കെ. രോഹിണി, കാസർഗോഡ് സമർപ്പിച്ച ഹർജി സംബന്ധിച്ച്.**

**(ഫയൽ നമ്പർ 20894/ഹർജി സി1/2018/നി.സെ.)**

കാസർഗോഡ് ജില്ലയിലെ ചീമേനി ഗ്രാമപഞ്ചായത്തിലെ താമസക്കാരിയും പട്ടികവർഗ്ഗക്കാരിയുമായ ഹർജിക്കാരിയുടെ ഭർത്താവിന്റെ പേര് സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ ടിയാളുടെ ഭർത്താവ് ഭിന്നശേഷിക്കാരൻ ആയിരുന്നിട്ട് കൂടി പ്രസ്തുത ആനുകൂല്യം പഞ്ചായത്ത് നിഷേധിക്കുകയാണെന്നും ഏത് നിമിഷവും തകർന്ന് വീഴാവുന്ന സ്ഥിതിയിലുള്ള ഒരു വീട്ടിലാണ് ഹർജിക്കാരിയും കുടുംബവും താമസിക്കുന്നതെന്നും ആയതിനാൽ ഹർജിക്കാരിയുടെ കുടുംബത്തിന് വീട് ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് 02.07.2018-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ഹർജി റിപ്പോർട്ടിനായി 19.07.2018-ൽ തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പിലേയ്ക്ക് അയച്ചു. പ്രസ്തുത വകുപ്പ് 11.01.2019-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"സ.ഉ.(സാധാ) നം. 391/17/ത.സ്വ.ഭ.വ. തീയതി 09.02.2017-ലെ ലൈഫ് പദ്ധതി സർവ്വേയ്ക്കുള്ള മാർഗ്ഗരേഖകൾ അംഗീകരിച്ച ഉത്തരവ് പ്രകാരം ഉറപ്പില്ലാത്ത ഭിത്തിയും ഓല, ടാർപ്പോളി, പോളിത്തീൻ ഷീറ്റ് എന്നിവ കൊണ്ടുള്ള മേൽക്കൂരയോടുകൂടിയ

അടച്ചുറപ്പുള്ള വാതിലില്ലാത്ത വീടുകളെയാണ് വാസയോഗ്യമല്ലാത്ത വീട് എന്നതായി പരിഗണിക്കുന്നത്. അപേക്ഷകന് കല്ല് കൊണ്ട് നിർമ്മിച്ചതും, സിമെന്റ് പ്ലാസ്റ്ററിംഗ് നടത്തി ഓട് മേഞ്ഞ മേൽക്കൂരയുള്ളതുമായ വീടാണുള്ളത്. ആയതിനാൽ ലൈഫ് രണ്ടാം ഘട്ടം (ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനാനുകൂല്യം) പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുകയില്ല.

07.11.2018-ലെ 667/ഡി.ബി1/2018/ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം ഓല, ഷീറ്റ്, പലക എന്നീ ദുർബല വസ്തുക്കൾ കൊണ്ട് പകുതിയിലേറെ ഭാഗവും നിർമ്മിച്ച് വാസയോഗ്യമല്ലാത്ത വീടുള്ളവരെ മാത്രമാണ് ഭവന രഹിതരായി പരിഗണിക്കേണ്ടതെന്നും ലൈഫ് മിഷൻ ലക്ഷ്യമാക്കുന്ന നിർധന വിഭാഗങ്ങളുടെ മേൽപറഞ്ഞവിധമല്ലാത്തവ എങ്കിലും വാസയോഗ്യമല്ലാത്ത വീടുകളുടെ കാര്യത്തിൽ ആവശ്യമായ പുനരുദ്ധാരണപ്പണികൾ എന്തെന്നും അതിനുള്ള ചെലവും സാങ്കേതികമായി വിലയിരുത്തേണ്ടതാണെന്നും ഇതിനായി ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വാസയോഗ്യമല്ലാത്ത വീടുകളുടെ വിവരങ്ങൾ ലൈഫ് മിഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഉടനടി ശേഖരിച്ച് അവ സാങ്കേതികമായി വിലയിരുത്തുന്നതിനുള്ള പ്രവർത്തന പരിപാടി തയ്യാറാക്കണമെന്ന് ലൈഫ് മിഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം ലൈഫ് മിഷൻ പ്രവർത്തന പരിപാടി തയ്യാറാക്കുന്ന മുറയ്ക്ക് വീട് വാസയോഗ്യമാക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് കയ്യൂർ ചീമേലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 17.07.2019-ലെ സമിതി യോഗം പരിഗണിക്കുകയും ഹർജിക്കാരിയുടെ വീട് വാസയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുവാൻ തീരുമാനിക്കുകയും ചെയ്തു. സമിതി തീരുമാനം, റിപ്പോർട്ടിനായി 02.10.2019-ന് തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പിനെ അറിയിച്ചതിനെ തുടർന്ന് തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് 01.02.2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കാസർഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ തച്ചർണംപൊയിൽ എന്ന സ്ഥലത്ത് 13/303-ാം നമ്പർ വീട്ടിലാണ് ഹർജിക്കാരിയായ ശ്രീമതി. രോഹിണി, W/o രമേശൻ എന്നയാൾ നിലവിൽ

താമസിച്ച് വരുന്നത്. 2019-ലെ കാലവർഷത്തിൽ ടിയാളുടെ വീടിന്റെ മേൽക്കൂര തകർന്നിരുന്നു. കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് പകരം പുതിയ വീടുകൾ അനുവദിക്കുന്നതിന് പട്ടിക വർഗ്ഗ വകുപ്പ് നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതിയിൽ ഹർജിക്കാരിയുടെ ഭർത്താവായ ശ്രീ. എം. രമേശനെ ഉൾപ്പെടുത്തി 6 ലക്ഷം രൂപ ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുള്ളതായും ശ്രീ. എം. രമേശൻ എന്നവരുടെ പേരിൽ തിമിരി വില്ലേജിൽ റീ.സർവ്വേ 59/1എ പിടി 390-ൽ പ്പെട്ട 8 ആർ 70 സ്ക്വയർ മീറ്റർ സ്ഥലത്ത് 58.21 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള കോൺക്രീറ്റ് ഭവനം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ചിട്ടുള്ളതായും നീലേശ്വരം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ നിന്നും ഭവന നിർമ്മാണത്തിനുള്ള മുൻകൂർ തുക ഉൾപ്പെടെ 3,80,000/- രൂപ കൈപ്പറ്റി ശ്രീ. എം. രമേശൻ ഭവന നിർമ്മാണം ആരംഭിച്ചിട്ടുള്ള വിവരവും അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് 03.02.2021-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും പ്രസ്തുത ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

ഹർജി വിഷയം പരിഹൃതമായതിൽ സമിതിയ്ക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

**22. <u>അനധികൃതമായി നിർമ്മിക്കുന്ന സെമിത്തേരി നിർമ്മാണം തടയണമെന്നാവശ്യപ്പെട്ട് ശ്രീ. മോഹൻദാസ് തോമസ്, കൊല്ലം സമർപ്പിച്ച ഹർജി സംബന്ധിച്ച്.</u>**

**(ഫയൽ നം. 14223/ഹർജി സി2/2015/നി.സെ.)**

കൊല്ലം ജില്ലയിൽ മൈനാഗപ്പള്ളി വില്ലേജിൽ ഹർജിക്കാരന്റെ വീടിന് സമീപം ശാരോൺ ഫെല്ലോഷിപ്പ് ചർച്ച് നിയമവിരുദ്ധമായി സെമിത്തേരി നിർമ്മിക്കുന്നതിന് ശ്രമിക്കുന്നതായും അത് സംബന്ധിച്ച് പഞ്ചായത്ത് അധികൃതർക്ക് പരാതി നൽകിയെങ്കിലും നടപടി സ്വീകരിച്ചില്ലെന്നും ആയതിനാൽ സമിതി ഇടപെട്ട് പരിഹാരം ഉണ്ടാക്കണമെന്ന് 04.02.2015 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 21.02.2015-ൽ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് അയച്ചു. ഹർജി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ് 01.02.2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. മോഹൻദാസ് തോമസ്, ലാന്റ് റവന്യൂ കമ്മീഷണർക്കും കൊല്ലം

അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിനും പരാതികൾ സമർപ്പിച്ചിരുന്നു. ഈ പരാതികളുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് 01/02/2015-ലെ എം14-54342/കെഡിസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശവക്കല്ലറ നിർമ്മാണം നിർത്തി വയ്ക്കുന്നതിന് ബന്ധപ്പെട്ട സഭ അധികാരികൾക്ക് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുള്ളതിനാലും ശാസ്താംകോട്ട പോലീസ് സബ് ഇൻസ്പെക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ടി വിഷയം സംബന്ധിച്ച് ശാസ്താംകോട്ട മുൻസിഫ് കോടതിയിൽ ഒ.എസ്.262/12-ാം നമ്പറായി കേസ് നടന്നു വരുന്നതിനാലും, വിഷയം സിവിൽ കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതാകയാൽ കേസിലെ വിധി വരുന്നതുവരെ മേൽ ഓഫീസിലെ നടപടികൾ നിർത്തി വച്ച് ഉത്തരവായിട്ടുള്ളതാണ്.

പരാതി സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ പരാതിക്കാരനായ ശ്രീ. മോഹൻദാസ് തോമസ് ഹാജരായിരുന്നതും ശവകല്ലറ നിർമ്മാണം സംബന്ധിച്ച് ശാസ്താംകോട്ട കോടതിയിൽ നൽകിയിരുന്ന കേസ് ഒത്തു തീർപ്പായെന്നും, നിലവിൽ ഈ വിഷയം സംബന്ധിച്ച് യാതൊരു പരാതിയും ഇല്ലെന്നും എഴുതി നൽകുകയുണ്ടായി. പരാതിയിലെ എതിർകക്ഷികളായ പാസ്റ്റർ ശ്രീ. ജി.പി.തരകൻ സ്ഥലം മാറി പോയിട്ടുള്ളതും സെക്രട്ടറി ശ്രീ. ജോൺ സഭ വിട്ടു പോയിട്ടുള്ളതുമാണ്. പരാതിക്കാസ്പദമായ സെമിത്തേരി 50 വർഷത്തിന് മുകളിൽ പഴക്കമുള്ളതാണെന്നും ടി സെമിത്തേരിയിൽ കൂട്ട ശവക്കല്ലറ നിർമ്മാണമാണ് പരാതിക്കാരൻ ഉന്നയിച്ചതെന്നും ആയത് സംബന്ധിച്ച് ശാസ്താംകോട്ട മുൻസിഫ് കോടതിയിൽ ഉണ്ടായിരുന്ന പരാതി ഉഭയകക്ഷി സമ്മതപ്രകാരം അവസാനിപ്പിച്ചിട്ടുള്ളതാണെന്നും പരാതിക്കാരനായ ശ്രീ. മോഹൻദാസ് തോമസ് ഉന്നയിച്ച എല്ലാ നിബന്ധനകളും പാലിച്ച് ശവക്കല്ലറ നിർമ്മാണം പൂർത്തീകരിച്ചതായും നിലവിലെ പാസ്റ്റർ ശ്രീ. ജോമോനും സെക്രട്ടറി ശ്രീ. സോളമനും അറിയിച്ചിട്ടുണ്ട് എന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സമിതിയെ അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 03.02.2021-ലെ തെളിവെടുപ്പ് യോഗം പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ ഇടപെടൽമൂലം പരാതിക്ക് പരിഹാരമുണ്ടായതിൽ സമിതിക്ക്

അതിയായ ചാരിതാർത്ഥ്യമുണ്ട്.

## 23. അനധികൃത നിർമ്മാണം പൊളിച്ചുനീക്കംചെയ്യണമെന്ന ഉത്തരവ് നടപ്പിലാക്കാത്തത് സംബന്ധിച്ച് ശ്രീ. റഹീം ജാസ്ബി, കോട്ടയം സമർപ്പിച്ച ഹർജി.

**(ഫയൽ നമ്പർ 26564/ഹർജി സി2/2017/നി.സെ.)**

കോട്ടയം വില്ലേജ് ബ്ലോക്ക് നമ്പർ 101-ൽ റീസർവ്വെ നം.20, 21, 22, 46, 47, 11/4, 5, 6, 7-ൽ പെട്ട സ്ഥലത്ത് കോട്ടയം മുനിസിപ്പാലിറ്റി വാർഡ് XXII, കെട്ടിട നമ്പർ 323 റസിഡൻഷ്യൽ അപ്പാർട്ട്മെന്റിന്റെ ഫയർ ഡ്രൈവ് വേയിൽ അധികൃതമായി നിർമ്മിച്ച കാർ പാർക്കിംഗ് 15 ദിവസത്തിനുള്ളിൽ പൊളിച്ചു നീക്കണമെന്ന് കോട്ടയം മുനിസിപ്പാലിറ്റി സെക്രട്ടറി ഉത്തരവായെങ്കിലും നാളിതുവരെ നിർദ്ദേശം പാലിക്കാത്തതിനാൽ സമിതി ഇടപെട്ട് ടി ഉത്തരവ് നടപ്പിലാക്കണമെന്ന് 31.08.2017-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 19.09.2017-ന് തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് അയച്ചിരുന്നു. തുടർന്ന്, 26.03.2018-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ (ആർ.എ.) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കോട്ടയം നഗരസഭയുടെ വാർഡ് 22-ൽ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗിച്ച് വരുന്ന MELFORD PARK ൽ കാർ പാർക്കിംഗിനായി കെട്ടിടത്തിന്റെ മുൻവശത്തും, വശങ്ങളിലുമായി ഷെഡ് നിർമ്മിച്ചിട്ടുള്ളതായും ടി നിർമ്മാണം അനുമതി കൂടാതെയുള്ളതും കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ ചട്ടം 7, 25, 24, 117 എന്നിവ ലംഘിച്ചിട്ടുള്ളതിനാൽ ടി അനധികൃത നിർമ്മാണം പൊളിച്ചു നീക്കം ചെയ്യുന്നതിനായി കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 406(1) പ്രകാരമുള്ള താൽക്കാലിക ഉത്തരവ് 02.09.2017-ന് നഗരസഭ നൽകിയിട്ടുണ്ട്.

നഗരസഭയിൽ നിന്നും നൽകിയ താൽക്കാലിക ഉത്തരവിന് കെട്ടിട ഉടമകൾ നൽകിയ മറുപടിയിൽ താൽക്കാലികമായി കാർ പാർക്കിംഗിനായി നൽകിയിട്ടുള്ള നിർമ്മാണമാണെന്നും പാർക്കിംഗിനോ, വാഹന ഗതാഗതത്തിനോ തടസ്സമില്ലാത്തതിനാൽ ആഫീസുകൾ ഉൾപ്പെടെയുള്ള മറ്റാഫീസ് കെട്ടിടങ്ങളിലും ഇപ്രകാരം ചെയ്തിട്ടുള്ളതാണെന്നും ബോധിപ്പിക്കുകയുണ്ടായി. മറുപടി തൃപ്തികരമല്ലാത്തതിനാൽ സ്ഥിരീകരണ ഉത്തരവ് നൽകുന്നതിന് മുമ്പായി കക്ഷികളെ 17.10.2017-ന് നേരിൽ

കേൾക്കുകയുണ്ടായി. കെട്ടിട ഉടമകളുടെ മൊഴിയിൽ, പരാതിക്കാസ്പദമായ നിർമ്മാണം താൽക്കാലികവും പാർക്കിംഗിന്റെ ഭാഗമായിട്ടാണെന്നും ആയത് ഫയർ എഞ്ചിൻ പോകുന്നതിന് തടസ്സമില്ലായെന്നും ബോധിപ്പിക്കുകയും നടപടി അവസാനിപ്പിക്കാൻ ആവശ്യപ്പെട്ടുകയുണ്ടായതായും എന്നാൽ പരാതിക്കാരനെ കേട്ടതിൽ വച്ച് അനധികൃത നിർമ്മാണം ഫയർ ഡ്രൈവേയിലാണ്, ആയത് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ വിരുദ്ധവും അനധികൃതവുമാണ്. ആയതിനാൽ ഉടൻ നീക്കം ചെയ്യേണ്ടതാണെന്നും ഫയർ ആന്റ് റസ്ക്യൂ വകുപ്പ് ഡിവിഷണൽ ഓഫീസറുടെ 15.09.2017-ലെ കത്തിൽ ടി നിർമ്മാണം നീക്കം ചെയ്യാൻ ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും അറിയിച്ചു കെട്ടിട ഉടമകൾ നടത്തിയ നിർമ്മാണം പെർമിറ്റ് ആവശ്യമുള്ളതും കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ ചട്ടം (7) 24, 25, 117, 87, 88 എന്നിവ ലംഘിച്ചിട്ടുള്ളതിനാൽ ടി നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുന്നതിന് 04.11.2017-ന് സ്ഥിരീകരണ ഉത്തരവ് നൽകുകയും ജില്ലാ കളക്ടറുടെ 27.10.2017-ലെ നിർദ്ദേശ പ്രകാരം അനധികൃത നിർമ്മാണം പൊളിച്ചു നീക്കം ചെയ്യുന്നതിന് 3 ദിവസം സമയപരിധി വച്ച് നോട്ടീസ് നൽകുകയുമുണ്ടായി.

നഗരസഭ നൽകിയ സ്ഥിരീകരണ ഉത്തരവിനെതിരെ കെട്ടിട ഉടമകൾ ബഹു: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ മുമ്പാകെ AP No.937/2017 നമ്പരായി സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ നഗരസഭയുടെ ഉത്തരവ് സ്റ്റേ ചെയ്തിട്ടുള്ളതായും ആയത് പ്രകാരം തുടർനടപടി നിർത്തി വച്ചിട്ടുള്ളതുമാണ്. BA/351.07-06 കെട്ടിട നിർമ്മാണ അനുമതി പ്രകാരം പൂർത്തീകരിച്ച് 13.03.2017-ന് ഒക്കുപ്പൻസി നൽകിയ കെട്ടിടത്തിന്റെ ഫയർ ഡ്രൈവേ ഭാഗത്തും ഓപ്പൺ സ്പേസിലുമാണ് GI തൂണുകളിൽ ഷീറ്റ് മേഞ്ഞ് പാർക്കിംഗ് സ്പേസുകൾ ഉണ്ടാക്കിയിട്ടുള്ളത്. ടി നിർമ്മാണംമൂലം ഫയർ എഞ്ചിന്റെ സുഗമമായ പ്രവേശനത്തിന് തടസ്സം വരുന്നതുമാണ്. മേൽക്കാരണങ്ങളാൽ ക്രമവൽക്കരിക്കാൻ കഴിയാത്ത ടി നിർമ്മാണം ബഹു: കോടതിയുടെ ശ്രദ്ധയിൽ അഡ്വാൻസ് ഹർജി നൽകി വേഗം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതായും പരാതി ലഭിച്ച പ്രകാരം കാലതാമസം കൂടാതെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും കോട്ടയം നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട് എന്ന വിവരം ഹർജികൾ സംബന്ധിച്ച സമിതിയെ അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് 16.01.2019-ലെ യോഗത്തിൽ പരിഗണിച്ച സമിതി അതിന്മേലുള്ള അന്തിമ റിപ്പോർട്ടും സർക്കാർ റിപ്പോർട്ടിലെ വിവരം അറിയിച്ചതിനെ തുടർന്ന് ഹർജിക്കാരൻ സമർപ്പിച്ച 17.01.2018, 20.11.2018 തീയതികളിലെ പ്രതികരണ ഹർജികളിന്മേലുള്ള റിപ്പോർട്ടും ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ടി വിവരം 01.07.2020-ലെ കത്ത് മുഖേന ടി വകുപ്പിനെ അറിയിക്കുകയും ചെയ്തു. ഹർജി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ് 23.11.2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ അന്തിമ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കോട്ടയം നഗരസഭയുടെ വാർഡ് 22 ൽ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗിച്ചുവരുന്ന മെൽഫോർഡ് പാർക്ക് എന്ന കെട്ടിട സമുച്ചയത്തിൽ, കാർ പാർക്കിംഗിനായി കെട്ടിടത്തിന്റെ മുൻവശത്തും പടിഞ്ഞാറു വശത്തുമായി ഷെഡ്ഡ് നിർമ്മിച്ചിട്ടുള്ളതും, ടി നിർമ്മാണം മുനിസിപ്പാലിറ്റിയുടെ അനുമതി കൂടാതെയുള്ളതും കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ ചട്ടം 7, 25, 24, 117 എന്നിവ ലംഘിച്ചിട്ടുള്ളതിനാലും, അപ്രകാരമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത അനധികൃത നിർമ്മാണം പൊളിച്ച് നീക്കം ചെയ്യുന്നതിനായി കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 406 (1) പ്രകാരം കെട്ടിട ഉടമകളായ ശ്രീ. സി. ലൂക്ക്, ശ്രീമതി നീന ലൂക്ക്, ശ്രീ. ഏബ്രഹാം സ്കറിയ എന്നിവർക്ക് 02/09/17-ന് നഗരസഭ താൽക്കാലിക ഉത്തരവ് നൽകിയിരുന്നു.

17/10/2017-ൽ പരാതിക്കാരനെയും കെട്ടിട ഉടമകളെയും നേരിൽ കേൾക്കുകയും കെട്ടിട ഉടമകൾ ഇതിലേക്കാവശ്യമായ പെർമിറ്റ് വാങ്ങിയിട്ടില്ലെന്ന് ബോധ്യമായതിനാൽ 04/11/2017-ൽ സ്ഥിരീകരണ ഉത്തരവും, 27/10/2017-ലെ ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം 3 ദിവസ സമയപരിധിയ്ക്കകം അനധികൃത നിർമ്മാണം നീക്കം ചെയ്യുന്നതിന് നഗരസഭയിൽ നിന്നും നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത സ്ഥിരീകരണ ഉത്തരവിനെതിരെ കെട്ടിട ഉടമകൾ ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ മുമ്പാകെ AP 937/2017 നമ്പരായി സമർപ്പിച്ചിട്ടുള്ള അപ്പീലിൽ നഗരസഭയുടെ 04/11/2017-ലെ സ്ഥിരീകരണ ഉത്തരവിന് സ്റ്റേ നൽകിയിട്ടുള്ളതും, തുടർ നടപടികൾ നിർത്തി വെച്ചിട്ടുള്ളതുമാണ്. ടി കേസ് നിലവിൽ ബഹു. ട്രൈബ്യൂണൽ മുമ്പാകെ പരിഗണനയിലുള്ളതും ടി സ്റ്റേ ഉത്തരവ്

നിലനിൽക്കുന്നതുമാണ്.

ടി കെട്ടിടസമുച്ചയത്തിൽ അനധികൃത നിർമ്മാണം നടത്തുന്നതായുള്ള ടി ഹർജി കക്ഷിയുടെ 12.11.2018 ലെ പരാതിയുടെ അടിസ്ഥാനത്തിൽ നഗരസഭാ ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തുകയും ടി Wexco Homes എന്ന ടി കെട്ടിടത്തിന്റെ മുകളിൽ ടെറസ്സ് ഫ്ളോറിന് മുകളിൽ ഏകദേശം 1.5 മീ. ഉയരത്തിലും 15x16 m വീതിയിലുമായി Gl Trafford sheet ഇട്ടാണ് മുകൾ ഭാഗം cover ചെയ്തും എന്നാൽ വശങ്ങളിൽ uncovered ആയുമുള്ള രീതിയിൽ അനധികൃത നിർമ്മാണം നിലനിൽക്കുന്നതായി റിപ്പോർട്ട് ചെയ്തിരുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർമ്മാണത്തിന് മുനിസിപ്പാലിറ്റിയിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ 5 ദിവസത്തിനകം ഹാജരാക്കുന്നതിന് 01.12.2018 തീയതിയിൽ നോട്ടീസ് നൽകിയിരുന്നു. 26.12.2018 തീയതിയിലെ കക്ഷികളുടെ മറുപടിയുടെ അടിസ്ഥാനത്തിൽ 31.01.2018 തീയതിയിൽ നഗരസഭ നടത്തിയ സ്ഥല പരിശോധനയിൽ ഷീറ്റ് റൂഫിന് 1.50 മീറ്ററിൽ കൂടുതൽ ഉയരമുള്ളതായും KMBR 99 4(2) പ്രകാരം നിർമ്മാണാനുമതി ആവശ്യമുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അനധികൃത നിർമ്മാണമായി പരിഗണിച്ച് ടി നിർമ്മാണം പൊളിച്ചു നീക്കുന്നതിന് PW4-30598/18 dt.07/02/2019 നമ്പരായി നഗരസഭ താൽക്കാലിക ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിന് കെട്ടിട ഉടമ മറുപടി നൽകാത്തതിനെ തുടർന്ന് 14.02.2019 തീയതിയിലെ പി.ഡബ്ല്യൂ4/3059/18-ാം നമ്പർ പ്രകാരം അനധികൃത നിർമ്മാണം നിർത്തി വെക്കുന്നതിനും അനധികൃതമായി നിർമ്മിച്ച ഭാഗം പൊളിച്ചു നീക്കുന്നതിനുമായി താൽക്കാലിക ഉത്തരവ് ഭേദഗതി ചെയ്ത് നൽകിയിരുന്നതും, ആയതിനും കെട്ടിട ഉടമ മറുപടി നൽകാത്തതിനെത്തുടർന്ന് കെട്ടിട ഉടമയെ നേരിൽ കേൾക്കുന്നതിലേയ്ക്ക് 23.02.2019-ന് പി.ഡബ്ല്യൂ4/3059/18-ാം നമ്പർ ഫയൽ പ്രകാരം നോട്ടീസ് നൽകിയിരുന്നതും എന്നാൽ ഹീയറിംഗ് തീയതിയായ 28.03.2019 നും കക്ഷി നേരിൽ ഹാജരാകാതിരുന്നതിനാൽ ടി അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിന് കേരളാ മുൻസിപ്പാലിറ്റി ആക്റ്റ് 387 കേരളാ മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 4(2) പ്രകാരം താൽക്കാലിക കൽപ്പന സ്ഥിരീകരിച്ച് PW4/30598/18- ാം നമ്പർ പ്രകാരം 30.04.2019-ന് ഉത്തരവ് നൽകിയിരുന്നു. ടി അനധികൃത നിർമ്മാണം നീക്കം ചെയ്തതായി കെട്ടിട ഉടമ അറിയിച്ചതിനെ തുടർന്ന്

നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥല പരിശോധന നടത്തി അനധികൃത നിർമ്മാണം പൊളിച്ച് നീക്കിയതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതാണ്. അപ്രകാരം ഹർജിയിൽ പരാമർശിച്ചിട്ടുള്ള ടെറസ്സ് ഫ്ളോറിന് മുകളിൽ ഏകദേശം 1.5 മീറ്റർ ഉയരത്തിലും 15x16 മീറ്റർ വീതിയിലുമായി GI Trafford Sheet ഇട്ട് മുകൾഭാഗം cover ചെയ്തും എന്നാൽ വശങ്ങളിൽ uncovered ആയതുമായ നിർമ്മാണം ഒഴിവാക്കിയിട്ടുള്ളതാണ്. എന്നാൽ കാർ പാർക്കിംഗിനായി കെട്ടിടത്തിന്റെ മുൻവശത്തും പടിഞ്ഞാറു വശത്തുമായി ഷെഡ്ഡ് നിർമ്മിച്ചിട്ടുള്ളത് ഒഴിവാക്കണമെന്നത് പരിഹരിച്ചിട്ടില്ലാത്തതാണ്.

പ്രസ്തുത വിഷയം ബഹു. ട്രൈബ്യൂണൽ മുമ്പാകെ പരിഗണനയിലുള്ളതും സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതുമാണ്."

പ്രസ്തുത റിപ്പോർട്ട് 28.12.2021-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി പരിഗണിച്ചവേളയിൽ ഹർജി വിഷയത്തിൽ യാതൊരു പരാതിയും നിലവിൽ ഹർജിക്കാരന് ഇല്ല എന്ന് ടിയാൻ സമിതി മുമ്പാകെ ബോധിപ്പിക്കുകയും സമിതിയ്ക്കും സമിതിയുടെ ഇടപെടലിലൂടെ നടപടി സ്വീകരിച്ച മുനിസിപ്പാലിറ്റിക്കും ഹർജിക്കാരൻ നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

ഹർജിക്കാരന്റെ പരാതി അനുസരിച്ച് ടി വിഷയത്തിൽ നടപടി സ്വീകരിച്ച എല്ലാ ഉദ്യോഗസ്ഥരെയും തദവസരത്തിൽ സമിതി അഭിനന്ദിക്കുകയും ചെയ്തു.

സമിതിയുടെ നിരന്തരമായ ഇടപെടൽമൂലം ഹർജിക്കാരന്റെ പരാതിക്ക് പരിഹാരമുണ്ടായതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

## 24. <u>ശമ്പള വർദ്ധനവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിനെതിരെ ശ്രീമതി റംല അബ്ദുൾ അസീസ് സമർപ്പിച്ച ഹർജി സംബന്ധിച്ച്.</u>

**(ഫയൽ നം. 23630/ഹർജി സി2/2019/നി.സെ.)**

പഞ്ചായത്ത് വകുപ്പിൽ സീനിയർ ക്ലർക്കായി ജോലി ചെയ്തുവരുന്ന ശ്രീ. അബ്ദുൾ അസീസിന് (ഹർജിക്കാരിയുടെ ഭർത്താവിന്) വർഷങ്ങളായി ശമ്പള വർദ്ധനവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നും, അതിനായി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ച് അനുകൂല വിധി സമ്പാദിച്ചുവെങ്കിലും പഞ്ചായത്ത് വകുപ്പ് പ്രസ്തുത ഉത്തരവ് നടപ്പാക്കാൻ കൂട്ടാക്കുന്നില്ലെന്നും, അതിനെതിരെ വർഷങ്ങളായി അപ്പീലുകൾ സമർപ്പിച്ചിട്ടും അനുകൂല നടപടി ഉണ്ടാകുന്നില്ലെന്നും, തന്മൂലം പെൻഷൻ

സംബന്ധിച്ച പേപ്പറുകൾ ശരിയാക്കുവാൻ സാധിക്കുന്നില്ല എന്നും ആയതിനാൽ സമിതി ഇടപെട്ട് ആയതിന് പരിഹാരമുണ്ടാക്കണമെന്ന് 22.10.2019-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 13.11.2019-ൽ തദ്ദേശസ്വയംഭരണ വകുപ്പിലേക്കയച്ചു.

ഹർജി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ് 09.12.2020 തീയതിയിലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. അബ്ദുൾ അസീസ് എ.എം. ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തു വരവേ ടിയാനെതിരായ അച്ചടക്ക നടപടിയുടെ ഭാഗമായി 24.04.2001 മുതൽ 29.05.2001 വരെ സസ്പെൻഷനിലാവുകയും 29.05.2001-ന് ടിയാനെ സർവ്വീസിൽ തിരിക പ്രവേശിപ്പിച്ച് ഉത്തരവ് നൽകുകയും ചെയ്തിരുന്നു. എന്നാൽ ടിയാൻ 27.06.2002-ൽ മാത്രമാണ് സേവനത്തിൽ തിരികെ പ്രവേശിച്ചിട്ടുള്ളത്. 24.04.2001 മുതൽ 29.05.2001 വരെയുള്ള സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായി പരിഗണിച്ച് ക്രമീകരിച്ചിട്ടുള്ളതാണ്. 30.05.2001 മുതൽ 26.06.2002 വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കണമെന്ന ആവശ്യം നിരസിച്ച ഉത്തരവിനെതിരെ ടിയാൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലെ വിധിന്യായം നടപ്പിലാക്കുന്നതിലേക്കായി മേൽ കാലയളവ് ക്രമവൽക്കരിക്കുന്നതിന് അവധിയുടെ സ്വഭാവം (കാരണം) എന്തെന്ന് രേഖപ്പെടുത്തി പുതിയ അപേക്ഷ സമർപ്പിക്കുന്നതിന് 10.04.2006-ലെ സർക്കാർ ഉത്തരവ് (സാധാ) നം.982/2006/ തസ്വഭവ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടും ആയതിന് 18.04.2015 തീയതിയിൽ മാത്രമാണ് പൂർണ്ണരൂപത്തിലുള്ള അപേക്ഷ ടിയാൻ സമർപ്പിച്ചിട്ടുള്ളത്. 30.05.2001 മുതൽ 26.06.2002 വരെയും 17.11.2008 മുതൽ 03.12.2010 വരെയുമുള്ള അനധികൃത ഹാജരില്ലായ്മകാലയളവ്, 30.05.2001-ൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ മുൻകാല സർവ്വീസ് നഷ്ടമാവും വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചിട്ടുണ്ട്. ടിയാൻ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനുള്ള വകുപ്പ് തല പരീക്ഷകൾ പാസ്സാകുകയോ, പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുകയോ ചെയ്തിരുന്നില്ല. കൂടാതെ 50 വയസ്സ് പൂർത്തിയായതിനാൽ വകുപ്പുതല പരീക്ഷകൾ

പാസ്സാകുന്നതിൽ നിന്നും സ്ഥിരമായ ഇളവുകൾ നൽകി തന്നെ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് പരിഗണിക്കണമെന്നും കാണിച്ച് ടിയാൻ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ 2112/15 നമ്പർ കേസ്സിലെ വിധി പ്രകാരം ടിയാനെ നേരിൽ കേൾക്കുകയും ശ്രീ. അബ്ദുൾ അസ്സീസ് എ.എം-ന് 50 വയസ്സ് തികഞ്ഞതിന്റെ അടിസ്ഥാനത്തിൽ 12.12.2014-ലെ സ.ഉ(കൈ) നം. 224/14/തസ്വഭവ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി കെ.എസ് & എസ്.എസ്.ആർ. പാർട്ട് 2 ചട്ടം 13 ബി പ്രകാരം നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ശ്രീ. അബ്ദുൾ അസ്സീസിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുകയും ടിയാന്റെ ശമ്പളം പുനർ നിർണ്ണയിച്ചിട്ടുള്ളതും 31.12.2019-ൽ വിരമിച്ച ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ അക്കൗണ്ടന്റ് ജനറൽ അംഗീകരിച്ച് നൽകിയിട്ടുമുള്ളതാണ്."

പ്രസ്തുത റിപ്പോർട്ട് 15.09.2021-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും പ്രസ്തുത ഫയലിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ നിരന്തരമായ ഇടപെടൽമൂലം ഹർജി വിഷയത്തിൽ പരിഹാരമുണ്ടായതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

**25. <u>മിനി ഡയറിഫാം തുടങ്ങുന്നതിന് അഗ്നി സുരക്ഷാ എൻ.ഒ.സി. അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സതീഷ് കുമാർ വി. കെ., പത്തനംതിട്ട സമർപ്പിച്ച ഹർജി സംബന്ധിച്ച്.</u>**

**(ഫയൽ നം. 20303/ഹർജി സി2/2019/നി.സെ.)**

ഹർജിക്കാരൻ മിനി ഡയറിഫാം തുടങ്ങുന്നതിനുള്ള അനുമതി പത്രത്തിനായി പെരുനാട് ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചപ്പോൾ, അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഒരുക്കി, അഗ്നി സുരക്ഷാ വിഭാഗത്തിൽ നിന്നുള്ള NOC ആവശ്യമാണെന്ന് അറിയിച്ചുവെന്നും, എന്നാൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം മേല്പറഞ്ഞ അഗ്നിസുരക്ഷാ സംവിധാനം ഒരുക്കുവാൻ ടിയാന് കഴിയില്ലെന്നും, ആയതിനാൽ ഫാം തുടങ്ങുന്നതിനായി അഗ്നി സുരക്ഷാ വിഭാഗത്തിൽ നിന്നും NOC ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും 02.07.2019 തീയതിയായി സമർപ്പിച്ച

ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 22.07.2019-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് അയച്ചു

ഹർജി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ് 24.11.2020 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിൽ നിന്ന് മിനി ഡയറി ഫാം തുടങ്ങുന്നതിന് ഫയർ എൻ.ഒ.സി.യിൽ ഇളവ് അനുവദിച്ച് നിർമാണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സതീഷ് കുമാർ ഹർജികൾ സംബന്ധിച്ച നിയമസഭാ സമിതിയ്ക്ക് നിവേദനം നൽകിയിരുന്നു. പ്രസ്തുത ഹർജി ബഹു. സമിതി ഈ വകുപ്പിന് തുടർ നടപടികൾക്കായി ലഭ്യമാക്കിയിരുന്നു. അതിന്മേൽ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചു. ടിയാൻ നിർമ്മിച്ച 226 ച.മീ. വിസ്തീർണമുള്ള ലൈവ് സ്റ്റോക്ക് ഷെഡ്ഡിന് 2019 ആദ്യ വർഷത്തിൽ 1/159 എ എന്ന നമ്പർ നൽകിയിട്ടുള്ളതാണ് എന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് 18.11.2021-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ ഇടപെടൽ മൂലം പരാതിയ്ക്ക് പരിഹാരമായതിൽ സമിതിയ്ക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

## X. റവന്യൂ & തദ്ദേശസ്വയംഭരണ വകുപ്പ്

### 26. അപകടകരമായി വീടിനുമുകളിലേക്ക് ചാഞ്ഞ് നിൽക്കുന്ന തെങ്ങ് മുറിച്ച് മാറ്റുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി റീത്താമ്മ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

**(ഫയൽ നമ്പർ 14420/ഹർജി സി2/2020/നി.സെ.)**

എഴുപത്തിഅഞ്ച് വയസുള്ള വൃദ്ധയും വിധവയുമായ ഹർജിക്കാരി ഒറ്റയ്ക്കാണ് താമസമെന്നും എതിർകക്ഷിയുടെ പുരയിടത്തിലെ തെങ്ങ് അപകടകരമായി ടിയാളുടെ വീടിന് മുകളിലേക്ക് ചാഞ്ഞുനിൽക്കുന്നതായും ആയത് മുറിച്ച് നീക്കാൻ തിരുവനന്തപുരം എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ ഉത്തരവുണ്ടായെങ്കിലും ആയത്

നടപ്പിലാക്കുന്നില്ലെന്നും എത്രയും വേഗം സമിതി ഇടപെട്ട് ടി ഉത്തരവ് നടപ്പിലാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും 13.01.2020-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 31.01.2020-ൽ റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലേക്ക് അയച്ചു.

ഹർജിയിന്മേൽ റവന്യൂ (ജി) വകുപ്പ് 22.01.2021 തീയതിയിലെ കത്തുമുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" ശ്രീമതി റീത്താമ്മയുടെ ജീവനും സ്വത്തിനും ഭീഷണിയായ തെങ്ങു മുറിച്ചു മാറ്റുന്നതിന് ക്രിമിനൽ നടപടി ചട്ടം 138-ാം വകുപ്പ് പ്രകാരം തഹസിൽദാർ & എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്, തിരുവനന്തപുരം ഉത്തരവായിരുന്നു. മേൽ ഉത്തരവ് പാലിക്കാതിരുന്ന എതിർകക്ഷിക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമം 188-ാം വകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് മ്യൂസിയം സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് സി.ആർ.പി.സി 138-ാം വകുപ്പ് പ്രകാരം ഉത്തരവ് സ്ഥിരപ്പെടുത്തുകയും IPC188 പ്രകാരമുള്ള നടപടികളും സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പരാതികക്ഷിക്ക് ജില്ലാ കോടതിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 03.04.2021 തീയതിയിലെ കത്തുമുഖേന ഹർജിക്കാരിയെ അറിയിച്ചതിനെ തുടർന്ന് ടിയാൾ 23.04.2021, 28.06.2021 എന്നീ തീയതികളിൽ പ്രതികരണഹർജികൾ സമർപ്പിച്ചിരുന്നു.

പരാതി പരിഹരിക്കുന്നതിന് ജില്ലാ കോടതിയിൽ പോകുവാൻ ഹർജിക്കാരിക്ക് സാധിക്കാത്ത അവസ്ഥയാണെന്നും കൂടാതെ മരം മുറിക്കാൻ വരുന്ന ഉദ്യോഗസ്ഥരെ ആത്മഹത്യാ ഭീഷണി മുഴക്കി എതിർകക്ഷി തടസ്സപ്പെടുത്തുകയാണെന്നും ആയതിനാൽ സമിതി ശക്തമായ തീരുമാനം കൈക്കൊണ്ട് ടിയാളുടെ പ്രശ്നം പരിഹരിക്കണമെന്ന് പ്രസ്തുത പ്രതികരണ ഹർജികളിൽ അപേക്ഷിച്ചിരുന്നു.

14.07.2021-ലെ സമിതിയോഗം റവന്യൂ (ജി) വകുപ്പ് 22.01.2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടും ഹർജിക്കാരി 23.04.2021

തീയതിയായി സമർപ്പിച്ച പ്രതികരണ ഹർജിയും പരിഗണിക്കുകയും ഹർജിക്കാരിയുടെ ജീവനും സ്വത്തിനും ഭീഷണിയായ തെങ്ങ് അടിയന്തരമായി മുറിച്ചുമാറ്റണമെന്ന തിരുവനന്തപുരം എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ ഉത്തരവ് നടപ്പിലാക്കി അത് സംബന്ധിച്ച റിപ്പോർട്ട് 15 ദിവസത്തിനകം സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുവാൻ തീരുമാനിക്കുകയും ചെയ്തു.

സമിതി തീരുമാനം അറിയിച്ചുകൊണ്ടും അതിന്മേലുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടു കൊണ്ടും 26.07.2021-ന് റവന്യൂ (ജി) വകുപ്പിന് കത്തയച്ചു.

ഹർജി വിഷയത്തിന്മേൽ തദ്ദേശസ്വയംഭരണ(ആർ.സി.) വകുപ്പ് 18.09.2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പാളയം വാർഡിൽ റ്റി.സി.14/1265(1), OVRA.30, ഒബ്സർവേറ്ററി ലെയിനിൽ താമസിക്കുന്ന ശ്രീമതി റീത്താമ്മയുടെ വീട് കോമ്പൗണ്ട് വാളിൽ നിന്നും ഉദ്ദേശം 3 മീറ്റർ മാറിയാണ് അയൽവാസിയും, എതിർകക്ഷിയുമായ ശ്രീ. മൈക്കിൾ രാജിന്റെ വീട്ടുകോമ്പൗണ്ടിൽ ഏതാണ്ട് 30 അടി ഉയരമുള്ളതും ചുവട് ഉറപ്പുള്ളതുമായ ഒരു മൂട് തെങ്ങ് നിൽക്കുന്നത്. ടി തെങ്ങിന്റെ മണ്ടഭാഗം എതിർകക്ഷിയായ മൈക്കിൾ രാജിന്റെ കോമ്പൗണ്ടിനുള്ളിലാണ് നിൽക്കുന്നത്, മാത്രമല്ല എതിർദിശയിലേക്ക് ഇരട്ടപിരിയൻ കമ്പി കൊണ്ട് വലിച്ചുകെട്ടിയിട്ടുണ്ട്. തേങ്ങ, ഓല, വെച്ചങ്ങ മുതലായവ ശ്രീമതി റീത്താമ്മയുടെ ടെറസിലേക്കും വീട്ടു കോമ്പൗണ്ടിനുള്ളിലേക്കും വീഴാതിരിക്കുന്നതിനായി ഇരുമ്പുവല കെട്ടി തെങ്ങിന്റെ മണ്ടഭാഗം സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ് എന്നുള്ള വിവരം നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ടായിരുന്നു.

എന്നാൽ ഹർജിയിൽ തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസറുടെ തെങ്ങ് മുറിച്ചു മാറ്റുന്നതിനുള്ള 19.01.2018-ലെ ഉത്തരവ് നാളിതുവരെ നടപ്പിലാക്കിയിട്ടില്ല എന്നാരോപിച്ചിരുന്നു. ആയത് സംബന്ധിച്ച സ്പഷ്ടീകരണം ലഭ്യമാക്കുവാൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു.

തിരുവനന്തപുരം നഗരസഭ പാളയം സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ട് പ്രകാരം അപകടകരമായി നിൽക്കുന്ന തെങ്ങ് ചുവട് ഭാഗം വെച്ച് മുറിച്ചുമാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് തിരുവനന്തപുരം

നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

ടി റിപ്പോർട്ടിലെ വിവരം 05.10.2021-ലെ കത്തു മുഖേന ഹർജിക്കാരിയെ അറിയിച്ചതിനെത്തുടർന്ന്, 20.10.2021, 25.10.2021 തീയതികളിലായി യഥാക്രമം പ്രതികരണ ഹർജിയും തുടർഹർജിയും സമർപ്പിച്ചിരുന്നു. 20.10.2021 തീയതിയായി സമർപ്പിച്ച പ്രതികരണ ഹർജിയിൽ, നഗരസഭാ സെക്രട്ടറി എതിർകക്ഷിക്ക് അനുകൂലമായി സമിതി മുൻപാകെ വാസ്തവ വിരുദ്ധമായ റിപ്പോർട്ടാണ് സമർപ്പിച്ചിരിക്കുന്നതെന്നും തെങ്ങിൽ നിന്നും വീഴുന്ന വസ്തുക്കൾ തന്റെ ജീവനു തന്നെ ഭീഷണിയാണെന്നത് കൂടാതെ, തെങ്ങിന്റെ വേര് ഇറങ്ങി മതിൽ ഏതു നിമിഷവും തകർന്നു വീഴാവുന്ന അവസ്ഥയിലാണെന്നും അതിന്മേൽ നഗരസഭാ സെക്രട്ടറി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നും ആയതിനാൽ, അടിയന്തരമായി നടപടി സ്വീകരിക്കണമെന്നും വ്യാജ റിപ്പോർട്ട് സമർപ്പിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

25.10.2021 തീയതിയായി സമർപ്പിച്ച തുടർഹർജിയിൽ, 74 വയസ്സുള്ള വയോധികയായ ഹർജിക്കാരിയെ നഗരസഭാ സെക്രട്ടറിയുടെ ഓഫീസിൽ 23.10.2021-ന് ഒത്തുതീർപ്പിനായി വിളിച്ചു വരുത്തുകയും തെങ്ങ് മുറിച്ചുമാറ്റുന്നതിനുള്ള ശ്രമത്തിൽ നിന്നും പിന്മാറിയില്ലെങ്കിൽ ടിയാളുടെ വീടിന്റെ അടുക്കള ഭാഗം ഇടിച്ചുകളയുമെന്നും മറ്റും പറഞ്ഞ് മാനസികമായി പീഡിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയുമുണ്ടായിയെന്നും അതിനാൽ, ഇനിയും, അത്തരമൊരു ഒത്തുതീർപ്പെന്ന വ്യാജേന ടിയാളെ വിളിച്ചുവരുത്തി അപമാനിക്കരുതെന്ന നിർദ്ദേശം നഗരസഭാ സെക്രട്ടറിക്ക് നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു.

പ്രസ്തുത ഹർജികൾ റിപ്പോർട്ടിനായി 16.11.2021 തീയതിയിലെ കത്ത് മുഖേന റവന്യൂ(ജി), തദ്ദേശസ്വയംഭരണ(ആർ.സി.) എന്നീ വകുപ്പുകളിലേക്ക് അയച്ചു.

ഹർജി വിഷയം സംബന്ധിച്ച് റവന്യൂ(ജി) വകുപ്പ് 02.11.2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീമതി റീത്താമ്മ എൻ. സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം തഹസിൽദാറുടെ 08.03.2019-ലെ ഉത്തരവ് പ്രകാരം എതിർകക്ഷിയായ ശ്രീ. മൈക്കിൾരാജ്, രശ്മി, ഒബ്സർവേറ്ററി ലൈൻ,

തിരുവനന്തപുരം എന്നയാളോട് ടി മരം മുറിച്ച് മാറ്റുവാൻ ഉത്തവ് നൽകിയിരുന്നു. എന്നാൽ ടിയാൻ മരം മുറിച്ച് മാറ്റാത്തതിനാൽ സർക്കാർ ചെലവിൽ മുറിച്ചുമാറ്റുമെന്നും ടി തുക കക്ഷിയിൽ നിന്നും ഈടാക്കുമെന്നും കക്ഷിയെ അറിയിക്കുകയും തുടർന്ന് സർക്കാർ ചെലവിൽ ടി മരം മുറിച്ച് മാറ്റുന്നതിനായി തൈക്കാട് വില്ലേജ് ഓഫീസർ പോലീസ് ഉദ്യോഗസ്ഥരുമായി മരം മുറിക്കുന്നതിനായി എത്തിയപ്പോൾ എതിർകക്ഷിയുടെ ശക്തമായ എതിർപ്പിനെതുടർന്ന് വീടിന്റെ കോമ്പൗണ്ടിൽ പ്രവേശിക്കാൻ സാധിച്ചില്ല എന്നും ടിയാൻ ഗേറ്റ് അടച്ചിട്ട് ശക്തമായി പ്രതിഷേധിച്ച് വരുന്നതിനാൽ നാളിതുവരെ ടി മരം മുറിച്ചുമാറ്റുവാൻ സാധിച്ചിട്ടില്ല എന്നും ഉത്തരവ് നടപ്പിലാക്കുവാൻ തുടർനടപടികൾ സ്വീകരിക്കുവാൻ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതി മുമ്പാകെ അറിയിക്കുന്നു."

ഹർജിക്കാരി നിരന്തരം പ്രതികരണ/തുടർ ഹർജികൾ സമർപ്പിച്ചതിനെതുടർന്ന്, ടി വിഷയത്തിന്മേൽ 24.11.2021 തീയതിയിൽ സമിതി ഹർജിക്കാരിയിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുന്നതാണെന്ന വിവരം 03.11.2021-ലെ കത്ത് മുഖേന ബന്ധപ്പെട്ട വകുപ്പദ്യോഗസ്ഥരെ അറിയിച്ചതിനെ തുടർന്ന് റവന്യൂ(ജി) വകുപ്പ് 23.11.2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീമതി റീത്താമ്മ എൻ. സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം തഹസിൽദാറുടെ 08.03.2019-ലെ ഉത്തരവ് പ്രകാരം എതിർകക്ഷിയായ ശ്രീ. മൈക്കിൾരാജ്, രശ്മി, ഒബ്സർവേറ്ററി ലൈൻ, തിരുവനന്തപുരം എന്നയാളോട് ടി മരം മുറിച്ച് മാറ്റുവാൻ ഉത്തവ് നൽകിയിരുന്നു. എന്നാൽ ടിയാൻ മരം മുറിച്ച് മാറ്റാത്തതിനാൽ സർക്കാർ ചെലവിൽ മുറിച്ചുമാറ്റുമെന്നും ടി തുക കക്ഷിയിൽ നിന്നും ഈടാക്കുമെന്നും കക്ഷിയെ അറിയിക്കുകയും തുടർന്ന് സർക്കാർ ചെലവിൽ ടി മരം മുറിച്ച് മാറ്റുന്നതിനായി തൈക്കാട് വില്ലേജ് ഓഫീസർ പോലീസ് ഉദ്യോഗസ്ഥരുമായി മരം മുറിക്കുന്നതിനായി എത്തിയപ്പോൾ എതിർകക്ഷിയുടെ ശക്തമായ എതിർപ്പിനെതുടർന്ന് വീടിന്റെ കോമ്പൗണ്ടിൽ പ്രവേശിക്കാൻ സാധിച്ചില്ല എന്നും ടിയാൻ ഗേറ്റ് അടച്ചിട്ട് ശക്തമായി പ്രതിഷേധിച്ച് വരുന്നതിനാൽ ടി മരം മുറിച്ചുമാറ്റുവാൻ സാധിച്ചിട്ടില്ല എന്നും ഉത്തരവ് നടപ്പിലാക്കുവാൻ തുടർനടപടികൾ സ്വീകരിക്കുവാൻ

തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട ചെയ്തിട്ടുള്ള വിവരം സമിതി മുമ്പാകെ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

പരാതിക്കാരിയുടെ ജീവനും സ്വത്തിനും ഭീഷണിയായി നിന്നിരുന്ന തെങ്ങ് 19.11.2021-ന് ഉച്ചയ്ക്ക് തിരുവനന്തപുരം നഗരസഭയിലെ ഉദ്യോഗസ്ഥർ മുറിച്ച മാറ്റിയ വിവരം തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതി മുമ്പാകെ അറിയിക്കുന്നു."

ഹർജി വിഷയം 24.11.2021-ലെ തെളിവെടുപ്പ് യോഗം പരിഗണിച്ചപ്പോൾ തെങ്ങ് മുറിച്ച മാറ്റിയെന്നും സമിതി മുമ്പാകെ പരാതി നൽകിയതിനാലാണ് തനിക്ക് നീതി ലഭിച്ചതെന്നും ഹർജിക്കാരി സമിതി മുമ്പാകെ ബോധിപ്പിച്ച തന്റെ ഹർജി വിഷയം പരിഹരിച്ചതിന് ബഹു. ചെയർമാനോടും, സമിതി അംഗങ്ങളോടും, ഉദ്യോഗസ്ഥരോടും ഹർജിക്കാരി നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

സമിതിയുടെ നിരന്തരമായ ഇടപെടൽമൂലം വയോധികയായ ഹർജിക്കാരിയുടെ പരാതി പരിഹരിക്കപ്പെട്ടതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

## 27. <u>സഞ്ചാര പാതയിൽ നിന്നും കയ്യേറ്റക്കാരെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എൻ. നടരാജൻ, മുതൽ പേർ കുന്നിക്കോട്, കൊല്ലം സമർപ്പിച്ച ഹർജി.</u>

**(ഫയൽ നമ്പർ 13596/ഹർജി സി3/2016/നി.സെ.)**

ഹർജിക്കാർ താമസിക്കുന്നത് ഒരു കുന്നിൻ മുകളിലാണെന്നും കുറ്റിക്കോണം റോഡിൽ ശങ്കരമംഗലം ജംഗ്ഷനിൽ നിന്നും ഹർജിക്കാർ താമസിക്കുന്ന മലയിലേയ്ക്ക് 323/270-നമ്പർ പുറമ്പോക്ക് വഴി ഉണ്ടെന്നും ഹർജിക്കാർ വിളക്കുടി ഗ്രാമപഞ്ചായത്തിൽ നൽകിയ അപേക്ഷയെത്തുടർന്ന് പത്തനാപുരം താലൂക്ക് സർവ്വേയർ പ്രസ്തുത വഴി കല്ലിട്ട് നൽകിയെന്നും, എന്നാൽ സർവ്വേ നടത്തിയപ്പോൾ പ്രസ്തുത വഴിയുടെ തുടക്കത്തിൽ താമസിക്കുന്നവർ വഴി കയ്യേറി മതിൽ കെട്ടിയതായി കണ്ടെത്തിയെന്നും, പഞ്ചായത്തിനോട് പറഞ്ഞിട്ടും കയ്യേറ്റം ഒഴിപ്പിച്ചില്ലെന്നും, ടി വഴിയുടെ തെക്ക് ഭാഗം പഞ്ചായത്തിൽ നിന്നും മുൻപ് കോൺക്രീറ്റ് ചെയ്ത് നൽകിയിട്ടുണ്ടെന്നും വഴിയുടെ ബാക്കി ഭാഗം കോൺക്രീറ്റ് ചെയ്യുന്നതിന് കയ്യേറ്റം കാരണം പഞ്ചായത്തിന് പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിക്കാൻ പറ്റാത്ത സാഹചര്യമാണുള്ളതെന്നും, വഴിയുടെ തുടക്കഭാഗത്ത് തടസ്സമായി നിൽക്കുന്ന

ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് എടുക്കുവാൻ ഇലക്ട്രിസിറ്റി ഓഫീസിൽ നിന്നും ജീവനക്കാർ വന്നപ്പോൾ കയ്യേറ്റക്കാർ തടഞ്ഞെന്നും ആയതിനാൽ പ്രസ്തുത വഴിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് 17.01.2016-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 06.02.2016-ൽ തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളിലേക്ക് അയച്ചു.

ഹർജി വിഷയത്തിന്മേൽ തദ്ദേശസ്വയംഭരണം (ആർ.സി.) വകുപ്പ് ലഭ്യമാക്കിയ 05.10.2018-ലെ കത്തു മുഖേനയുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"വിളക്കുടി ഗ്രാമ പഞ്ചായത്ത് 18-ാം വാർഡ് കുറ്റിക്കോണം ശാസ്ത്രി ജംഗ്ഷൻ റോഡിൽ ശങ്കരമംഗലം ഭാഗത്ത് നിന്നും ആരംഭിച്ച് കുന്നിക്കോട് കോട്ടവട്ടം റോഡിൽ അവസാനിക്കുന്ന ഏകദേശം 500 മീറ്റർ നീളമുള്ള ഒരു നടവഴിയാണ് ഹർജിയിൽ പരാമർശിച്ചിട്ടുള്ള ശങ്കരമംഗലം-ആശാരികുന്നുപുറം റോഡ്. പ്രസ്തുത വഴിയുടെ തുടക്കത്തിലുള്ള കയ്യേറ്റം ഒഴിപ്പിച്ച് റോഡ് നിർമ്മിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് പ്രദേശവാസികൾ ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ പരാതി സമർപ്പിച്ചതിനെ തുടർന്ന്, പത്തനാപുരം താലൂക്ക് സർവ്വെയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി വഴിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും പഞ്ചായത്ത് ഫണ്ടിൽ നിന്നും 2,00,000/- രൂപ ചെലവഴിച്ച് 3 മീറ്റർ വീതിയിൽ കോൺക്രീറ്റ് വഴി നിർമ്മിക്കുകയും ചെയ്തിട്ടുള്ളതായി വിളക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു."

ടി റിപ്പോർട്ട് 23.10.2018-ന് ഹർജിക്കാരനെ അറിയിച്ചതിനെ തുടർന്ന് ടിയാൻ 04.02.2019-ൽ പ്രതികരണ ഹർജി സമർപ്പിച്ചിരുന്നു. പ്രസ്തുത വഴിയുടെ ആരംഭത്തിലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് പഞ്ചായത്ത് ഫണ്ടിൽ നിന്നും 2,00,000/- രൂപ ചെലവഴിച്ച് 3 മീറ്റർ വീതിയിൽ റോഡ് കോൺക്രീറ്റ് ചെയ്തതിൽ ഹർജിക്കാർക്കുള്ള സന്തോഷവും സമിതിയോടുള്ള നന്ദിയും അറിയിക്കുകയും അതോടൊപ്പം പ്രസ്തുത വഴിയുടെ ആരംഭത്തിലുള്ള 60 മീറ്റർ മാത്രമാണ് കയ്യേറ്റം ഒഴിപ്പിച്ച് കോൺക്രീറ്റ് ചെയ്തതെന്നും ബാക്കിയുള്ള 200 മീറ്റർ ഭാഗത്ത് കൂടി കയ്യേറ്റം നിലനിൽക്കുന്നത് ഒഴിപ്പിച്ച് റോഡ് പണിയണമെന്ന് ടി ഹർജിയിൽ

അപേക്ഷിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത പ്രതികരണ ഹർജി റിപ്പോർട്ടിനായി 22.02.2019-ന് തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് അയച്ചു തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ട്, മേല്പറഞ്ഞ പ്രതികരണ ഹർജി എന്നിവ 17.09.2019-ലെ സമിതിയോഗം പരിഗണിക്കുകയും ജോയിന്റ് സെക്രട്ടറി തലം വരെ അർദ്ധ ഔദ്യോഗിക കത്തുകളും സെക്രട്ടറിയുടെ നെയിംകവറിൽ കത്തും അയച്ചിട്ടും റവന്യൂ (എഫ്) വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഹർജി വിഷയം സംബന്ധിച്ച് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു

തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ് 22.01.2021-ലെ കത്തുമുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പത്തനാപുരം താലൂക്ക് സർവ്വെയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി വഴിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതായും, പഞ്ചായത്ത് ഫണ്ടിൽ നിന്നും 2,00,000/- രൂപ ചിലവഴിച്ച് 3 മീറ്റർ വീതിയിൽ കോൺക്രീറ്റ് വഴി നിർമ്മിച്ചിട്ടുള്ളതായും വിളക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ നടപടി റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

വിളക്കുടി ഗ്രാമപഞ്ചായത്തിലെ 18-ാം വാർഡിലെ കുറ്റിക്കോണം ശാസ്ത്രി ജംഗ്ഷൻ റോഡിന്റെ 60 മീറ്റർ മാത്രമാണ് കയ്യേറ്റം ഒഴിപ്പിച്ച് കോൺക്രീറ്റ് ചെയ്തതെന്നും ഇനി 200 മീറ്റർ കൂടി കയ്യേറ്റം ഒഴിപ്പിച്ച് റോഡ് പണിയണമെന്ന് ശ്രീ. നടരാജൻ മുതൽപേർ തുടർ ഹർജിയിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്തിമ റിപ്പോർട്ട് സമിതിയ്ക്കു മുൻപാകെ സമർപ്പിക്കുന്നു.

വിളക്കുടി ഗ്രാമപഞ്ചായത്തിലെ 18-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പരാതിക്കാസ്പദമായ കുറ്റിക്കോണം ശാസ്ത്രി ജംഗ്ഷൻ പി.ഡബ്ല്യൂ.ഡി. റോഡിന്റെ പോക്കറ്റ് റോഡായ കുറ്റിക്കോണം ആശാരിക്കുന്നുംപുറം റോഡ് 2017/18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 50 മീറ്റർ കോൺക്രീറ്റ് ചെയ്തിട്ടുള്ളതായും, ഏകദേശം 150 മീറ്ററോളം പണി പൂർത്തീകരിക്കുവാനും, റോഡിന്റെ വശങ്ങളിൽ സംരക്ഷണഭിത്തി കെട്ടുവാനും അവശേഷിയ്ക്കുന്നുണ്ടെന്നും പ്രസ്തുത റോഡിന്റെ ഗുണഭോക്താക്കളായി

പത്തിലധികം കുടുംബങ്ങളുണ്ടെന്നും റോഡിന്റെ കയ്യേറ്റത്തെ സംബന്ധിച്ച പരാതിയിൽ സർവ്വെ നമ്പർ ഉൾപ്പടെയുള്ളവ സംബന്ധിച്ച് വ്യക്തത ഇല്ലാത്തതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ കൊട്ടാരക്കര പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ പ്രസ്തുത റോഡ് നേരിട്ട് പരിശോധിച്ചതിൽ ഏതെങ്കിലും തരത്തിലുള്ള കയ്യേറ്റം ഉള്ളതായി ബോധ്യപ്പെട്ടിട്ടില്ല എന്നും 2020-21 സാമ്പത്തിക വർഷം റോഡിന്റെ പാർശ്വഭിത്തി നിർമ്മിക്കുന്നതിനും കോൺക്രീറ്റിനുമായി 1,60,000/- രൂപ ഗ്രാമപഞ്ചായത്ത് വകയിരുത്തി ടെണ്ടർ നടപടികൾ സ്വീകരിച്ചുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

റവന്യൂ (എഫ്) വകുപ്പ് 29.01.2021-ലെ കത്തുമുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

